2008 സെപ്തംബർ
തബൂക്ക് 1387
1429 റംസാൻ
പുസ്തകം 80    ലക്കം 8
വരിസംഖ്യ - 150 ക.
ഒറ്റപ്രതി - 15 ക.

സ്ഥാപിതം 1925

# സത്യദൂതൻ

മുക്കാൽ നൂറ്റാണ്ട് പിന്നിട്ട മലയാളത്തിലെ ഏക ഇസ്ലാമിക പ്രസിദ്ധീകരണം

**4** യുഗശബ്ദം

**5** മുഖക്കുറിപ്പ്

### ഖുത്വ്ബ

**7** ശരീരേച്ഛകളോട് പോരാടി വ്രതാനുഷ്ഠാനം ധന്യമാക്കുക
ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്

### ലേഖനം

**6** വ്രതാനുഷ്ഠാനം - ദൈവിക സംരക്ഷണത്തിന്റെ രഹസ്യം
ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് (അ)

**11** പരിണാമവാദവും ധ്രുവക്കരടിയും
ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ് (റഹ്)

**15** റമദാൻ : മനുഷ്യനെ പരിശുദ്ധനാക്കുന്ന പുണ്യമാസം
മുഹമ്മദ് ഉമർ എച്ച്.എ.

**19** വാഗ്ദത്ത മസീഹി(അ)ന്റെ രൂപലാവണ്യം
ഡോ. എസ്.എം.

**22** ഖിലാഫത്ത് നിഷേധികളുടെ രംഗപ്രവേശവും പര്യവസാനവും
മുഹമ്മദ് അയ്യൂബ്

**27** ഏഴ് ആകാശങ്ങളും അന്യഗ്രഹങ്ങളിലെ ജീവിവർഗ്ഗവും
എ.ക്യു. മഹ്ദി

**30** പാകിസ്താനിലെ അഹ്മദിയ്യാ വിരുദ്ധ പ്രക്ഷോഭം
സാറാ വസിം

**35** ഹദ്റത്ത് മസീഹ് മൗഊദി(അ)ന് വിശുദ്ധ ഖുർആനോടുണ്ടായിരുന്ന അനുരക്തി

### കുറിപ്പുകൾ

**39** അസ്ഥിരമാകുന്ന പാകിസ്താൻ

**41** അനുസ്മരണം, വാർത്തകൾ

**മുഖചിത്രം:**
**മസ്ജിദുന്നബവി, മദീന**

ചീഫ് എഡിറ്റർ : **മുഹമ്മദ് അയ്യൂബ്**, Mob: 9895308227
എഡിറ്റർ : **ഏ. എം. മുഹമ്മദ് സലിം**, Mob: 9895263384
മാനേജർ : **അഹ്മദ് ഹസ്സൻ**, Mob: 9446482108

**അസി. മാനേജർ**
കെ.എം. അഹമ്മദ് കോയ

**സർക്കുലേഷൻ മാനേജർ**
എസ്. മുഹമ്മദ് സലിം

**എഡിറ്റോറിയൽ ബോർഡ്**
പ്രൊഫ. മഹ്മൂദ് അഹ്മദ്
കെ.വി. ഈസക്കോയ
കെ. വി. ഹസ്സൻ കോയ
പി. എം. ബഷീർ അഹ്മദ്
ഐ. കെ. അഹ്മദ്കുട്ടി

*വിലാസം*
**സത്യദൂതൻ, ജി.എച്ച്.റോഡ്, കോഴിക്കോട്.**
**ഫോൺ :** 0495 (Mob.) / 95495 (Land) } 6520733
**ഫാക്സ് : 0495 - 2721609**
e-mail: sathyadoothan@ahmadiyya.com

Printed & Published by M.A. Muhammad, for the Kerala Ahmadiyya Jama-at at Geethanjali Offset Press, Feroke, Calicut.
Edited by A. M. Muhammad Salim. Typeset, Layout & Cover Design : Victory Creations, CLT - 1.

## ഖുർആനിൽ നിന്ന്


'വിശ്വാസികളേ; നിങ്ങൾക്ക് മുമ്പുള്ള വർക്ക് നിർബന്ധമാക്കപ്പെട്ടിരുന്നത്പോലെ നിങ്ങൾക്കും വ്രതാനുഷ്ഠാനം നിർബന്ധ മാക്കപ്പെട്ടിരിക്കുന്നു. നിങ്ങൾ ദോഷബാ ധയെ സൂക്ഷിക്കുന്നതിന് വേണ്ടി (ഈ വ്രതാനുഷ്ഠാനം) ചില നിശ്ചിത ദിവസങ്ങ ളിലാണ് എന്നാൽ നിങ്ങളിലാരെങ്കിലും (രോ ഗിയോ യാത്രയിലോ ആയാൽ മറ്റു ദിവ സങ്ങളിൽ (അവർ) എണ്ണം പൂർത്തീകരി ച്ചുകൊള്ളട്ടെ. (2:184)

## നബിവചനം

അല്ലയോ ജനങ്ങളെ! മഹത്വമേറിയ ഒരു മാസം നിങ്ങൾക്ക് തണലേകുവാൻ ഇതാ സമാഗതമാകുന്നു. അനുഗ്രഹീതമാ സമാണിത്. ആ മാസത്തിൽ ആയിരം മാസത്തെക്കാൾ ശ്രേഷ്ഠമായ ഒരു രാവുണ്ട്. ആ മാസത്തിൽ വ്രതമനുഷ്ഠി ക്കുന്നത് നിങ്ങൾക്ക് അല്ലാഹു നിർബ്ബന്ധ മാക്കിയിരിക്കുന്നു.

*(മിശ്കാത്ത്)*

**യുഗശബ്ദം**



# റമദാനും ആത്മസംസ്കരണവും

**വാഗ്ദത്ത മസീഹ് (അ)**

ശഹ്റു റമദാനല്ലദീ ഉൻസില ഫീഹിൽ ഖുർആൻ എന്ന ആയത്തിൽ നിന്ന് പരിശുദ്ധ റമളാന്റെ മഹത്വം മനസ്സിലാവുന്നു. ഈ മാസം മനഃസംസ്കരണത്തിനുള്ള അത്യുത്തമമായ മാസമാണെന്നും അതിൽ അധികമധികമായി ആത്മീയദർശനശക്തി ലഭിക്കുന്നതാണെ ന്നും സൂഫിവര്യന്മാർ എഴു തുന്നു. നമസ്കാരം ആത്മാവിന് സംസ്കരണവും നോമ്പ് ഹൃദയത്തിന് പ്രകാശവും പ്രദാനം ചെയ്യു ന്നു. ആത്മസംസ്കരണമെന്നാൽ ദോഷപ്രവണമായ ആത്മാവിന്റെ ദേഹേച്ഛയിൽനിന്നുള്ള മോചന മാണ്. മനഃസംസ്കരണമെന്നാൽ ആത്മദർശനത്തിനുള്ള കവാടം തുറന്ന് ദൈവദർശനം സാധിക്ക ലുമാണ്. 'ഉൻസില ഫീഹിൽ ഖുർആൻ' എന്ന ആയത്ത് ഇതിലേക്ക് സൂചന നൽകുന്നു. വ്രതാനു ഷ്ഠാനത്തിലുള്ള പ്രതിഫലം മഹത്വപൂർണ്ണമാണെന്നതിൽ സംശയമില്ല. എന്നാൽ വിവിധതരത്തി ലുള്ള രോഗങ്ങൾ മനുഷ്യനെ ഈ അനുഗ്രഹലബ്ധിയിൽ നിന്ന് തടഞ്ഞുനിർത്തുന്നു. എനിക്കോർമ്മ യുണ്ട്. എന്റെ യൗവ്വനകാലത്ത് വ്രതാനുഷ്ഠാനം അഹ്ലുബൈത്തിന്റെ ചര്യയിൽപ്പെട്ടതാണെന്ന് ഞാൻ സ്വപ്നത്തിൽ കാണുകയുണ്ടായി. എന്നെക്കുറിച്ച് സൽമാനുൽ മിന്നാ അഹ്ലുൽ ബൈത്തി എന്ന് അരുൾ ചെയ്തിട്ടുണ്ട്. സൽമാൻ എന്ന വാക്കിന് 'രണ്ടുവിധത്തിലുള്ള സമാധാനം' എന്നാ ണർത്ഥം. അതായത് ആന്തരീകവും ബാഹ്യവുമായ സമാധാനങ്ങൾ – ആ ആൾ കാരുണ്യവും അനുകമ്പയും മുഖേനയായിരിക്കും തന്റെ ദൗത്യം നിർവ്വഹിക്കുക. വാൾ മുഖേനയല്ല. ഈ ദർശനം വ്രതാനുഷ്ഠാനത്തിലേക്ക് സൂചന നൽകുന്നതായി എനിക്കു തോന്നി. ***(മൽഫൂസാത്ത്)***

മുഖക്കുറിപ്പ്

# ഇസ്‌ലാമിലെ വ്രതം : മിതത്വത്തിന്റെ മധ്യമാർഗ്ഗം

മതങ്ങളുടെയെല്ലാം സാരാംശം ശരീരത്തിനുമേൽ ആത്മാവിന് മേൽക്കൈ നേടി മനുഷ്യനെ ദൈവോന്മുഖനാക്കുക എന്നതാണ്. ഇസ്‌ലാമിലെ വ്രതാനുഷ്ഠാനം അത്തരത്തിലുള്ള നിരവധി പദ്ധതികളിലൊന്നാണ്. ഇസ്‌ലാം മതം എത്ര ലളിതവും അനായാസകരവുമായ രീതിയിലാണ് ഈയൊരു പ്രക്രിയ വമ്പിച്ചൊരു ജനസഞ്ചയത്തിനുമേൽ പൂർത്തിയാക്കുന്നത് എന്നത് വിസ്മയകരമാണ്. ശരീരത്തെ നിയന്ത്രിക്കാനും മെരുക്കിയെടുക്കാനും ഹഠയോഗികളെപോലെ മുൾമുനയിൽ ഇരുന്ന് ശരീരത്തെ നോവിക്കാനോ, വനവാസംചെയ്യാനോ, ഇന്ദ്രിയ നിഗ്രഹമോ, നിത്യബ്രഹ്മചര്യമോ, ഇഷ്ടഭോജ്യങ്ങളുടെ ശാശ്വതവർജ്ജനമോ, മരണം വരെയുള്ള ഉപവാസമോ ഇസ്‌ലാം നിഷ്ക്കർഷിക്കുന്നില്ല. മതകാര്യങ്ങളിൽ മിതത്വവും ഉചിതജ്ഞതയുമാണ് ഇസ്‌ലാമിന്റെ മുഖമുദ്ര. ഖുർആൻ പറയുന്നു. *'ഗ്രന്ഥാനുസാരികളേ, നിങ്ങളുടെ മതകാര്യങ്ങളിൽ അന്യായമായ നിലയിൽ നിങ്ങൾ അതിരുകവിയരുത്. മുമ്പ് വഴികേടിലായിപ്പോയ ജനതയുടെ സ്വേച്ഛകളെ നിങ്ങൾ പിൻപറ്റുകയുമരുത്. അവർ നിരവധി പേരെ വഴിതെറ്റിക്കുകയും (സ്വയം) നേർവഴിയിൽ നിന്ന് തെറ്റിപ്പോവുകയും ചെയ്തു.* (5:78)

പകൽനേരം അന്നപാനീയങ്ങളുപേക്ഷിച്ചുകൊണ്ടുള്ള വ്രതാനുഷ്ഠാനം ദൈവത്തിനു മാത്രമായിട്ടുള്ള ഒരു ആരാധനയും മനുഷ്യന്റെ ആത്മീയന്യൂനതകളെ പരിഹരിക്കുന്ന നിർബന്ധമായ ഒരു കടമയുമാണ്. കാരുണ്യവാനായ ദൈവം വ്രതാനുഷ്ഠാനം മുഖേന മനുഷ്യൻ കൂടുതലായി വിഷമങ്ങൾ അനുഭവിക്കാൻ അനുവദിക്കാതെ അവനോട് വിട്ടുവീഴ്ച കാട്ടുകയും സാന്ത്വനമരുളുകയും ചെയ്യുന്നത് കാണുക.

*'വിശ്വാസികളേ; നിങ്ങൾക്ക് മുമ്പുള്ളവർക്ക് നിർബന്ധമാക്കപ്പെട്ടിരുന്നത്പോലെ നിങ്ങൾക്കും വ്രതാനുഷ്ഠാനം നിർബന്ധമാക്കപ്പെട്ടിരിക്കുന്നു. നിങ്ങൾ ദോഷബാധയെ സൂക്ഷിക്കുന്നതിന് വേണ്ടി (ഈ വ്രതാനുഷ്ഠാനം) ചില നിശ്ചിത ദിവസങ്ങളിലാണ് എന്നാൽ നിങ്ങളിലാരെങ്കിലും (രോഗിയോ യാത്രയിലോ ആയാൽ മറ്റു ദിവസങ്ങളിൽ (അവർ) എണ്ണം പൂർത്തീകരിച്ചുകൊള്ളട്ടെ. പ്രായശ്ചിത്തം നൽകുന്നതിന് കഴിവുള്ളവർ ഒരു അഗതിയുടെ ആഹാരം (പ്രായശ്ചിത്തമായി) നൽകേണ്ടതാണ്. ഇനി ആരെങ്കിലും പൂർണ്ണമായ അനുസരണം പുലർത്തിക്കൊണ്ട് വല്ല നന്മയും ചെയ്യുന്നുവെങ്കിൽ അതയാൾക്ക് ഗുണകരമായിരിക്കും. നിങ്ങൾ കാര്യം ഗ്രഹിക്കുന്നവരാണെങ്കിൽ നോമ്പനുഷ്ഠിക്കുന്നത് നിങ്ങൾക്ക് ഗുണകരമത്രേ* (2:184, 185)

മനുഷ്യന്റെ ആത്മീയ പരിഷ്ക്കരണത്തിനും പോഷണത്തിനും അനുകൂലമായ ആസൂത്രണങ്ങളും സംവിധാനങ്ങളുമായാണ് റമദാൻ മാസം കടന്നുവരുന്നത്. ഇബാദത്തുകൾക്കും സൽക്കർമ്മങ്ങൾക്കും, സൽസ്വഭാവങ്ങൾക്കും സ്വർഗ്ഗീയമായ നിരവധി വാഗ്ദാനങ്ങളും പ്രോത്സാഹനങ്ങളും റമദാൻ മാസത്തിൽ ഇസ്‌ലാം നൽകുന്നു. ഇതിന്റെ ഫലമായി സക്കാത്തും സദ്ഖയും മറ്റു ഐച്ഛികമായ ദാനധർമ്മങ്ങളും റമദാനിൽ മുസ്‌ലിംകളിൽ നിന്നും പ്രവഹിക്കുന്നു. റമദാനിൽ, വീശിയടിക്കുന്ന കൊടുങ്കാറ്റിനേക്കാൾ റസൂൽ തിരുമേനി(സ) ഉദാരനാകുമായിരുന്നുവെന്ന് ഹദീസുകൾ രേഖപ്പെടുത്തുന്നു. നോമ്പുകാരൻ ചീത്ത വിചാരങ്ങളിൽ നിന്നും, ചീത്ത വാക്കുകളിൽ നിന്നും, ചീത്ത പ്രവൃത്തികളിൽ നിന്നും വിട്ടുനിൽക്കുന്നു. ഇത്തരം കാര്യങ്ങളിൽ ആത്മനിയന്ത്രണം പാലിക്കാൻ നോമ്പുകാരന് ശക്തിപകരുന്നത് പകൽ നേരത്തെ ഭക്ഷണവർജനമാണ്. മനുഷ്യൻ ഭയപ്പെടുന്ന വിശപ്പിനെ ഇരുകൈകളും നീട്ടി ഏറ്റു വാങ്ങി ആത്മീയോന്നമനത്തിനുള്ള ഉപാധിയാക്കി മാറ്റാൻ റമദാൻ നമ്മെ പഠിപ്പിക്കുന്നു. അങ്ങനെ ഇസ്‌ലാമിലെ നോമ്പ് ശരീരത്തിനുമേൽ ആത്മാവിന്റെ മേധാവിത്വം പ്രഖ്യാപിക്കുന്ന ഒരു ആരാധനയായി മാറുന്നു. റമദാന്റെ പൂർണ്ണ അനുഗ്രഹം നമ്മിൽ വർഷിക്കുമാറാകട്ടെ. (ആമീൻ)

ലേഖനം

ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് (അ)

# വ്രതാനുഷ്ഠാനം - ദൈവിക സംരക്ഷണത്തിന്റെ രഹസ്യം

ശഹ്റു റമദാനല്ലദീ ഉൻസില ഫീഹിൽ ഖുർആൻ എന്ന ആയത്തിൽ നിന്ന് പരിശുദ്ധ റമളാന്റെ മഹത്വം മനസ്സിലാവുന്നു. ഈ മാസം മനഃസംസ്കരണത്തിനുള്ള അത്യുത്തമമായ മാസമാണെന്നും അതിൽ അധികമധികമായി ആത്മീയദർശനശക്തി ലഭിക്കുന്നതാണെന്നും സൂഫിവര്യന്മാർ എഴുതുന്നു. നമസ്കാരം ആത്മാവിന് സംസ്കരണവും നോമ്പ് ഹൃദയത്തിന് പ്രകാശവും പ്രദാനം ചെയ്യുന്നു. ആത്മസംസ്കരണമെന്നാൽ ദോഷപ്രവണമായ ആത്മാവിന്റെ ദേഹേച്ഛയിൽനിന്നുള്ള മോചനമാണ്. മനഃസംസ്കരണമെന്നാൽ ആത്മദർശനത്തിനുള്ള കവാടം തുറന്ന് ദൈവദർശനം സാധിക്കലുമാണ്. 'ഉൻസില ഫീഹിൽ ഖുർആൻ' എന്ന ആയത്ത് ഇതിലേക്ക് സൂചന നൽകുന്നു. വ്രതാനുഷ്ഠാനത്തിലുള്ള പ്രതിഫലം മഹത്വപൂർണ്ണമാണെന്നതിൽ സംശയമില്ല. എന്നാൽ വിവിധതരത്തിലുള്ള രോഗങ്ങൾ മനുഷ്യനെ ഈ അനുഗ്രഹലബ്ധിയിൽ നിന്ന് തടഞ്ഞുനിർത്തുന്നു. എനിക്കോർമ്മയുണ്ട്. എന്റെ യൗവ്വനകാലത്ത് വ്രതാനുഷ്ഠാനം അഹ്‌ലുബൈത്തിന്റെ ചര്യയിൽപ്പെട്ടതാണെന്ന് ഞാൻ സ്വപ്നത്തിൽ കാണുകയുണ്ടായി. എന്നെക്കുറിച്ച് സൽമാനുൽ മിന്നാ അഹ്‌ലുൽ ബൈത്തി എന്ന് അരുൾ ചെയ്തിട്ടുണ്ട്. സൽമാൻ എന്ന വാക്കിന് 'രണ്ടുവിധത്തിലുള്ള സമാധാനം' എന്നാണർത്ഥം. അതായത് ആന്തരീകവും ബാഹ്യവുമായ സമാധാനങ്ങൾ – ആ ആൾ കാരുണ്യവും അനുകമ്പയും മുഖേനയായിരിക്കും തന്റെ ദൗത്യം നിർവ്വഹിക്കുക. വാൾ മുഖേനയല്ല. ഈ ദർശനം വ്രതാനുഷ്ഠാനത്തിലേക്ക് സൂചന നൽകുന്നതായി എനിക്കു തോന്നി. അങ്ങനെ ഞാൻ തുടരെ ആറുമാസക്കാലം നോമ്പനുഷ്ഠിച്ചു. ഇതിനിടയിൽ പ്രകാശങ്ങളുടെ സ്തൂപങ്ങൾ ആകാശത്തിലേക്ക് ഉയർന്നുപോകുന്നതായി എനിക്ക് കാണുവാൻ സാധിച്ചു. ആ പ്രകാശസ്തൂപങ്ങൾ ഭൂമിയിൽ നിന്ന് ആകാശത്തേക്കുയരുകയാണോ അതല്ല എന്റെ ഹൃദയത്തിൽ നിന്ന് ഉയർന്നുപോകുന്നതാണോ എന്ന് എനിക്ക് മനസ്സിലാക്കാൻ സാധിച്ചില്ല.

സാധിക്കുന്നേടത്തോളം അല്ലാഹു നിർദ്ദേശിച്ച കടമകൾ നിർവ്വഹിക്കുവാൻ മനുഷ്യൻ ബാധ്യസ്ഥനാണ്. വ്രതാനുഷ്ഠാനത്തെക്കുറിച്ച് അല്ലാഹു പറയുന്നത് വ ഇൻ തസൂമു ഖയ്റുല്ലകും (2:184) നിങ്ങൾ നോമ്പനുഷ്ഠിക്കുകയാണെങ്കിൽ അത് നിങ്ങൾക്ക് നന്മയാണെന്നാണ്.

എന്തിനാണ് അല്ലാഹു ഫിദ്‌യ നിശ്ചയിച്ചിരിക്കുന്നതെന്ന ചിന്ത എന്റെ ഹൃദയത്തിൽ പൊങ്ങിവന്നപ്പോൾ വ്രതാനുഷ്ഠാനത്തിനുള്ള കഴിവും സൗഭാഗ്യവും ലഭിക്കുന്നതിനായിട്ടാണെന്ന് എന്റെ അന്തഃരംഗം എന്നോട് മറുപടി പറഞ്ഞു. മനുഷ്യന് തൗഫീഖ് നൽകുന്നവൻ അല്ലാഹുവാണ്. അതുകൊണ്ട് ഓരോ കാര്യവും അല്ലാഹുവിനോടാണ് ആവശ്യപ്പെടേണ്ടത്. സർവ്വശക്തനായ അല്ലാഹു ഇച്ഛിക്കുകയാണെങ്കിൽ ഒരു ക്ഷയരോഗിക്കും വ്രതാനുഷ്ഠാനത്തിനുള്ള ശക്തിയും കഴിവും നൽകുന്നതാണ്. ആ ശക്തി സംജാതമാകുന്നതിനുവേണ്ടിയാണ് ഫിദ്‌യ നിശ്ചയിച്ചിരിക്കുന്നത്. ഇത് അല്ലാഹുവിന്റെ അനുഗ്രഹത്താൽ മാത്രമെ സാധിക്കുകയുള്ളൂ. അതുകൊണ്ട് എന്റെ പക്കൽ മനുഷ്യൻ അല്ലാഹുവിനോട് ഇപ്രകാരം പ്രാർത്ഥിച്ച് സഹായം തേടേണ്ടതാണ്. "അല്ലാഹുവേ! ഇത് നിന്റെ അനുഗൃഹീത മാസമാണ്. എന്നാൽ ഞാൻ ഈ അനുഗ്രഹത്തെ ഉൾക്കൊള്ളാൻ സാധിക്കാതെ നഷ്ടപ്രാപ്തനായിരിക്കുക

യാണ്. അടുത്തവർഷവും ഞാൻ ജീവനോടുകൂടി ഇരിക്കുമോ ഇല്ലയോ? ഒഴിഞ്ഞുപോയ നോമ്പുകൾ നോറ്റുവീട്ടാൻ എനിക്ക് സാധിക്കുമോ ഇല്ലയോ എന്നാർക്കറിയാം?”

ഇങ്ങനെ അല്ലാഹുവിനോട് തൗഫീഖ് ആവശ്യപ്പെടുകയാണെങ്കിൽ അങ്ങനെയുള്ള ഹൃദയങ്ങൾക്ക് അല്ലാഹു തീർച്ചയായും തൗഫീഖ് നൽകും എന്നെനിക്ക് ഉറച്ച വിശ്വാസമുണ്ട്.

ഈ അവസ്ഥയിൽ ഒരാൾ റമസാൻ മാസത്തിൽ രോഗഗ്രസ്തനായിത്തീരുകയാണെങ്കിൽ ഈ രോഗം അയാൾക്ക് അല്ലാഹുവിന്റെ കാരുണ്യത്തിനുള്ള നിദാനമായിത്തീരുന്നതാണ്. കാരണം ഓരോ പ്രവൃത്തിയുടെയും അടിത്തറ ഉദ്ദേശ്യത്തിലാണുള്ളത്. അവർക്കുവേണ്ടി മലക്കുകൾ വ്രതമനുഷ്ഠിക്കുന്നതാണ്.

വളരെ സൂക്ഷ്മവും ലോലവുമായ കാര്യമാണിത്. ഒരാൾക്ക് അയാളുടെ മനസ്സിന്റെ ആലസ്യം നിമിത്തം നോമ്പ് ഭാരമായിത്തോന്നുകയും താൻ നോമ്പനുഷ്ഠിക്കുകയാണെങ്കിൽ - ഒരു നേരത്തെ ഭക്ഷണം ഉപേക്ഷിക്കുകയാണെങ്കിൽ കൂടി - ഇന്നയിന്ന രോഗങ്ങൾ പിടിപെടുന്നതാണെന്ന് ശങ്കിക്കുകയും അങ്ങനെ നോമ്പ് ഉപേക്ഷിക്കുകയും ചെയ്യുകയാണെങ്കിൽ അയാൾ അല്ലാഹുവിന്റെ അനുഗ്രഹത്തെ തനിക്ക് ഭാരമാണെന്ന് കരുതുകയാണ് ചെയ്യുന്നത്. അപ്പോൾ അയാൾക്ക് അല്ലാഹുവിൽ നിന്നെങ്ങനെയാണ് പ്രതിഫലം ലഭിക്കുക? എന്നാൽ ഏതൊരാളുടെ ഹൃദയം റമദാന്റെ ആഗമനത്തിൽ ആനന്ദമനുഭവിക്കുകയും അങ്ങനെ റമദാൻ ആഗതമായാൽ നോമ്പനുഷ്ഠിക്കുന്നതാണെന്ന് പ്രതീക്ഷിച്ചിരിക്കുകയും എന്നാൽ തക്കസമയത്ത് രോഗം കാരണം നോമ്പനുഷ്ഠിക്കാൻ സാധിക്കാത്ത നിർബന്ധിതാവസ്ഥ വരികയും ചെയ്യുന്നുവോ അങ്ങനെയുള്ള ആളിനെ അല്ലാഹു ഉപരിലോകത്ത് നോമ്പനുഷ്ഠിച്ചവരുടെ കൂട്ടത്തിൽ പെടുത്തുന്നതായിരിക്കും.

അല്ലാഹു, ഹൃദയത്തിൽ കുടികൊള്ളുന്ന സത്യവും ആത്മാർത്ഥവും ആയ ഉദ്ദേശ്യത്തെയാണ് വീക്ഷിക്കുന്നത്. അയാളുടെ ഹൃദയത്തിൽ വേദന വിങ്ങിപ്പൊട്ടുന്നുവെന്ന് അല്ലാഹുവിന്നറിയാം. അങ്ങനെയുള്ള ആൾക്ക് അല്ലാഹു അധികമായ പ്രതിഫലവും പുണ്യവും നൽകുന്നതാണ്. കാരണം, വേദനയോടുകൂടിയ ഹൃദയം വിലമതിക്കാനാകാത്തതാണ്. ഒഴിഞ്ഞുമാറുന്ന മനഃസ്ഥിതിയുള്ള ആൾ പല വിശദീകരണങ്ങളിലും അഭയം തേടുന്നു. എന്നാൽ അല്ലാഹുവിന്റെ പക്കൽ ഈ അഭയം നിഷ്പ്രയോജനമാണെന്നതിൽ സംശയമില്ല. ഞാൻ ആറുമാസം തുടർച്ചയായി നോമ്പനുഷ്ഠിച്ചപ്പോൾ ഒരിക്കൽ പ്രവാചകന്മാരുടെ ഒരു കൂട്ടം ആത്മദർശനത്തിൽ വന്നു എന്നോട് നിങ്ങളെന്തിനാണ് നിങ്ങളുടെ ആത്മാവിന് ഇത്രയധികം പ്രയാസം നൽകുന്നത് ഇതിൽ നിന്ന് പുറത്തുവരിക എന്ന് പറഞ്ഞു. ഇതേപ്രകാരം ഒരു മനുഷ്യൻ അല്ലാഹുവിനുവേണ്ടി തന്നെ കഷ്ടത്തിലും പ്രയാസത്തിലും പെടുത്തുകയാണെങ്കിൽ അവൻ സ്നേഹമുള്ള മാതാപിതാക്കളെപ്പോലെ അവൻ അയാളോട് കരുണകാണിച്ചുകൊണ്ട് ‘നീ എന്തിനിങ്ങനെ കഷ്ടപ്പെടുന്നു’ എന്ന് ചോദിക്കുന്നതാണ്.

എന്നാൽ ഇത്തരം പ്രയാസങ്ങളിൽ നിന്നും മാറിനിന്ന് രക്ഷപ്പെടാൻ ശ്രമിക്കുന്നവരെ അല്ലാഹു മറ്റുവിധത്തിലുള്ള പ്രയാസങ്ങളിൽ അകപ്പെടുത്തുന്നതാണ്. അതിൽ നിന്ന് പുറത്തുവരാൻ അത്തരക്കാർക്ക് സാധിക്കാതെയും പോകും. സ്വയം പ്രയാസങ്ങൾ ഏറ്റെടുക്കുന്നവരെ അല്ലാഹു ആ പ്രയാസങ്ങളിൽ നിന്ന് പുറത്തേക്കു നയിക്കുന്നതാണ്. അതുകൊണ്ട് തന്റെ നഫ്സിനോട് അനുകമ്പ കാണിക്കാതെ അല്ലാഹുവിന്റെ അനുകമ്പയ്ക്ക് പാത്രമാകാൻ ശ്രമിക്കുക. കാരണം തന്റെ നഫ്സിനോട് അനുകമ്പ കാണിക്കുന്ന കാരണത്താൽ അതിന്നു നരകമായിരിക്കും ലഭിക്കുക. അല്ലാഹുവിൽനിന്നുള്ള അനുകമ്പയാകട്ടെ അതിന് സ്വർഗ്ഗവും!

ഹദ്റത്ത് ഇബ്രാഹിം(അ)ന്റെ സംഭവം തന്നെ നോക്കുക. അഗ്നിയിൽ പ്രവേശിക്കാൻ സ്വയമേവ തയ്യാറാകുന്നവരെ അല്ലാഹു അഗ്നിയിൽ നിന്ന് രക്ഷപ്പെടുത്തുന്നു. എന്നാൽ അഗ്നിയിൽ നിന്ന് എങ്ങനെയെങ്കിലും രക്ഷപ്പെടാൻ ആഗ്രഹിക്കുന്നവരെ അഗ്നി ആഹൂതി ചെയ്യുന്നു. ഇതിനാണ് ഇസ്ലാം എന്നു പറയുന്നത്. അല്ലാഹുവിന്റെ വഴിയിൽ എന്തുതന്നെ വന്നു ഭവിക്കുകയാണെങ്കിലും അതിനെ നിഷേധിക്കരുത്. റസൂൽ തിരുമേനി(സ) തന്റെ സ്വയം സംരക്ഷകനാവുകയും അതിനെക്കുറിച്ച് തന്നെ ചിന്തിച്ചുകൊണ്ടിരിക്കുകയും ചെയ്തിരുന്നെങ്കിൽ വല്ലാഹു യഅ്സിമുക മിനന്നാസ് (5:68) അല്ലാഹു നിന്നെ ജനങ്ങളിൽ നിന്ന് സംരക്ഷിക്കുന്നതാണെന്ന തിരുവചനം ഇറങ്ങുമായിരുന്നില്ല.

ദൈവികസംരക്ഷണത്തിന്റെ രഹസ്യം ഇതിലാണടങ്ങിയിരിക്കുന്നത്.

(മൽഫൂസാത്ത്, വോള്യം - 4, പേ. 256-260)

ഖുത്ബ

ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്
ഖലീഫത്തുൽ മസീഹ്

# ശരീരേച്ഛകളോട് പോരാടി വ്രതാനുഷ്ഠാനം ധന്യമാക്കുക

*14-9-2007ൽ ബയ്ത്തുൽ ഫുതൂഹിൽ (ലണ്ടൻ) നിർവ്വഹിച്ചത്*

അല്ലയോ വിശ്വസിച്ചവരേ, നിങ്ങൾക്കു മുമ്പേയുള്ളവർക്ക് നിർബന്ധമാക്കപ്പെട്ടിരുന്നതുപോലെ നിങ്ങൾക്കും നോമ്പ് നിർബന്ധമാക്കപ്പെട്ടിരിക്കുന്നു; നിങ്ങൾ സൂക്ഷ്മത പാലിക്കാൻ വേണ്ടി (2:185)

നോമ്പ് നിർബന്ധമാക്കപ്പെട്ടതിനെ സംബന്ധിച്ചുള്ള അല്ലാഹുവിന്റെ നിർദ്ദേശവും കല്പനയുമാണിത്. അല്ലാഹു അവന്റെ അനുഗ്രഹത്താൽ, ഈ വർഷം നോമ്പ് പിടിക്കാനുള്ള അവസരം വീണ്ടും നമുക്ക് നല്കിയിരിക്കുന്നു. അവൻ നമ്മുടെ ആത്മീയോന്നമനത്തിനായി ഏറ്റവും ഉന്നതമായ മാർഗ്ഗമാണ് ചെയ്തുതന്നിട്ടുള്ളത്. അതിൽ നാം പങ്കെടുക്കുകയാണ്. അല്ലാഹു പറഞ്ഞതനുസരിച്ച്, നാം ഭക്തിയിൽ അഭിവൃദ്ധിപ്പെടുകയും അവന്റെ സാമീപ്യം കരസ്ഥമാക്കുകയും നമ്മുടെ പ്രാർത്ഥന സ്വീകാര്യയോഗ്യമാക്കുകയും നമ്മുടെ ദീനീപരവും സ്വഭാവപരവും ആത്മീയവുമായ അവസ്ഥ നന്നാക്കിത്തീർക്കുകയും ചെയ്യാനാഗ്രഹിക്കുന്നെങ്കിൽ ഈ ദിനങ്ങളെ പൂർണ്ണമായും പ്രയോജനപ്പെടുത്താൻ ഓരോ അഹ്മദിയും ശ്രദ്ധിക്കേണ്ടതാണ്. അല്ലാഹു പറയുന്നു: നിങ്ങൾക്ക് നിർബന്ധമാക്കപ്പെട്ടിരിക്കുന്ന ഈ നോമ്പ്, ആത്മീയോന്നമനത്തിനും ഭക്തിയിൽ അഭിവൃദ്ധിപ്പെടുന്നതിനും വളരെ ആവശ്യമാണ്. മുൻകഴിഞ്ഞ പ്രവാചകന്മാരുടെ അനുയായികൾക്ക് അവരുടെ മനഃപരിശുദ്ധിയിക്കും ആത്മീയോന്നമനത്തിനും അല്ലാഹുവിന്റെ അടുപ്പം ലഭിക്കുന്നതിനും വേണ്ടി ഇത് നിർബന്ധമാക്കപ്പെട്ടിരുന്നു.

വളരെ പ്രധാനപ്പെട്ട ഒരു കല്പനയാണിത്. ഇതിന്റെ ആചരണം ഭക്തിയിൽ ഉന്നതി പ്രാപിക്കാൻ നമ്മെ സഹായിക്കുന്നു. മുൻകഴിഞ്ഞ പ്രവാചകന്മാരുടെ അനുയായികളും അല്ലാഹുവിന്റെ സാമീപ്യം പ്രാപിക്കുകയും അവന്റെ അനുഗ്രഹങ്ങളുടെ അവകാശികളാകുകയും ചെയ്തു. കാരണം അവർ യാതൊന്നും നോക്കാതെ അല്ലാഹുവിന്റെ കല്പന പാലിച്ചു. അല്ലാഹു തന്റെ കല്പനകൾ ഏതെങ്കിലും നബിയുടെമേൽ ഇറക്കിയിട്ടുള്ളപ്പോഴും, ലോകത്തിന്റെ പരിഷ്കരണത്തിന്നായി അവൻ റസൂൽമാരെ അയച്ചിട്ടുള്ളപ്പോഴുമെല്ലാം, അവരുടെ അനുയായികൾ മാത്രമാണ് അല്ലാഹുവിന്റെ സാമീപ്യം പ്രാപിച്ചതും അവന്റെ അനുഗ്രഹങ്ങളിൽ ഭാഗഭാക്കായതും. അവർ ആ അയക്കപ്പെട്ടവരെ പരിപൂർണ്ണമായും പിൻപറ്റിക്കൊണ്ട് ആ മഹാന്മാർ കൊണ്ടുവന്ന അധ്യാപനങ്ങൾ അനുസരിച്ച് പ്രവർത്തിക്കുകയും അവർക്ക് നല്കപ്പെട്ട കല്പനകൾ പാലിക്കുകയും തങ്ങളുടെ ഭക്തിയുടെ നിലവാരം ഉയർത്തിക്കൊണ്ടിരിക്കുകയും ചെയ്തു. അവർ നിഷേധിച്ചപ്പോൾ ആത്മീയമായ നിലവാരം ഇടിഞ്ഞുപോയതിനോടൊപ്പം, അവരുടെ പ്രൗഢിയും അന്തസ്സും ഭൗതികമായ നിലയിലും കളഞ്ഞുകുളിച്ചു. അല്ലാഹു, വിശുദ്ധ ഖുർആനിൽ ഇതിനെക്കുറിച്ച് പറഞ്ഞിട്ടുണ്ട്.

നബിമാരെ വിശ്വസിച്ചവരോട് ഭക്തിയിലൂടെ നടക്കാൻ അല്ലാഹുതആല ഉപദേശിക്കുമ്പോൾ, നിങ്ങൾ ഭക്തിയുടെ ഏറ്റവും ഉന്നതമായ നില കരസ്ഥമാക്കിയെങ്കിൽ മാത്രമേ ഭൗതികവും ആത്മീയവുമായ അനുഗ്രഹങ്ങൾ പ്രാപിക്കുന്നവരായിത്തീരുകയുള്ളൂ എന്നും പറയുന്നു. എങ്കിലേ അവന്റെ സ്വർഗ്ഗത്തിന് അവകാശികളാകുകയുള്ളൂ. അവൻ പറയുന്നു: വലിമൻ ഖാഫ

മഖാമ റബ്ബിഹീ ജന്നത്തൻ? ആരാണോ തന്റെ റബ്ബിന്റെ പ്രൗഢിയെ ഭയപ്പെടുന്നത്, അവന് രണ്ട് സ്വർഗ്ഗമുണ്ട്. അതുകൊണ്ട് അല്ലാഹുവിനോടുള്ള ഭക്തി അവലംബിച്ചുകൊണ്ട്, അവന്റെ സ്ഥാനത്തെ തിരിച്ചറിയുക. എല്ലാ ശക്തിപ്രഭാവങ്ങളുടേയും അധികാരി അവനാണ്. അവനോടുള്ള ഭയം ഏറ്റവും കൂടുതൽ നിങ്ങളുടെ മനസ്സിലുണ്ടായിരിക്കണം. അപ്പോൾ ഈ ലോകത്തും അവന്റെ സ്വർഗ്ഗത്തിൽ നിന്ന് ഓഹരി പ്രാപിക്കും. പരലോകത്തും അവന്റെ സ്വർഗ്ഗത്തിൽനിന്ന് ഓഹരി പ്രാപിക്കും. പരലോകത്തും അവന്റെ അനുഗ്രഹങ്ങളുടേയും സ്വർഗ്ഗത്തിന്റേയും അവകാശികളാകും.

ഓരോ അഹ്മദി മുസ്‌ലിമും, ഭക്തിയിൽ അഭിവൃദ്ധിപ്പെടാനും അല്ലാഹുവിന്റെ സ്വർഗ്ഗങ്ങൾക്ക് അവകാശികളാകാനും അവന്റെ സ്ഥാനം തിരിച്ചറിയേണ്ടത് നിർബന്ധമാണ്. ഈ തിരിച്ചറിവുണ്ടാകുന്നത്, ആത്മാർത്ഥമായും അല്ലാഹുവിന്റേതായിക്കൊണ്ട് അവന്റെ കല്പനകൾ അനുസരിച്ച് പ്രവൃത്തിക്കുമ്പോഴാണ്. ആ കല്പനകളിൽ ഒന്ന്, റമദാൻ മാസത്തിലെ നോമ്പാചരണമാണ്. പരിപൂർണ്ണവും തികവുറ്റതുമായ ഒരു ഗ്രന്ഥത്തെ വിശ്വസിക്കുന്നവർ ഭാഗ്യവാന്മാരാകുന്നു. തന്റെ നിഅ്മത്തുകളെ പരിപൂർണ്ണമാക്കിയിരിക്കുന്നുവെന്ന് അല്ലാഹു വെളിപ്പെടുത്തിയിട്ടുള്ള ആ ഗ്രന്ഥത്തെ വിശ്വസിക്കുന്നവരാണ് നമ്മൾ. ഖിയാമത്തുന്നാൾവരെ നിലനിറുത്തുമെന്ന് അല്ലാഹു വാഗ്ദാനം ചെയ്തിട്ടുള്ള ആ മഹത്തായ ഗ്രന്ഥത്തെ വിശ്വസിച്ചിട്ടുള്ള ഭാഗ്യശാലികളാണ് നമ്മൾ; അല്ലാഹു ഖാത്തമുൽ അമ്പിയാഅ് എന്നു പറഞ്ഞുകൊണ്ട് എല്ലാ നബിമാരേക്കാളും ശ്രേഷ്ഠനാക്കിയ, അവസാന ശരീഅത്തുമായിവന്ന ആ അവസാനനബി(സ)യെ വിശ്വസിക്കുന്ന ഭാഗ്യവാന്മാർ.

തങ്ങളുടെ ജനതകളെ ഭക്തിയിൽ നിലനിറുത്താനാണ് മുൻകഴിഞ്ഞ റസൂൽമാർ വന്നത്. ആ ജനതയുടെ കഴിവുകളും ശക്തിയുമനുസരിച്ച് അല്ലാഹുവിന്റെ കല്പനകൾ അവർ നിറവേറ്റിക്കൊണ്ടിരിക്കുകയും ചെയ്തു. പക്ഷേ, വിശുദ്ധ ഖുർആൻ ലോകം മുഴുവനുമുള്ള എക്കാലത്തേയും എല്ലാ ജനതകളുടേയും പരിഷ്കരണത്തിനായുള്ള കല്പനകളുമായി നബി(സ)ന് ഇറങ്ങിയതാണ്. എല്ലാ ജനതകളേയും ഭക്തിയിൽ നിലനിറുത്തുന്നതിനുവേണ്ടി, ഇന്നും പുതിയതായിട്ടുള്ള കല്പനകളുമായാണ് അത് നിലകൊള്ളുന്നത്. തുടർന്നും അത് നിലനില്ക്കുന്നതാണ്. ഈ കാര്യങ്ങൾ നമ്മളിൽ നിന്ന് എന്താണ് ആവശ്യപ്പെടുന്നതെന്ന് ചിന്തിക്കണം. ഈ കല്പനകൾ ഇറക്കിക്കൊണ്ട് അല്ലാഹു നമ്മളിൽ അനുഗ്രഹവും ഔദാര്യവും ചെയ്തിരിക്കുകയാണ്. ഇത് നമ്മളിൽ നിന്ന് എന്താണ് തേടുന്നത്? ഇത് നമ്മളിൽ നിന്ന് തേടുന്നത്, ഈ അവസാന ന്യായപ്രമാണഗ്രന്ഥത്തിൽ അല്ലാഹു പറഞ്ഞിട്ടുള്ള പരിപൂർണ്ണമായ അനുഗ്രഹം സമ്പാദിക്കാൻ ശ്രമിക്കുക എന്നതാണ്. അല്ലാഹുവിന്റെയും അവന്റെ റസൂലിന്റെയും കല്പനകളനുസരിച്ച് പ്രവൃത്തിക്കാൻ, നമ്മുടെ കഴിവുകളെല്ലാം ഉപയോഗിക്കാൻ അത് നമ്മോടാവശ്യപ്പെടുന്നു. അല്ലാഹുവും അവന്റെ റസൂലും കല്പിച്ച മാർഗ്ഗത്തിൽ മുജാഹദ - പോരാട്ടം - നടത്തുക. അല്ലാഹു പറയുന്നു: വല്ലദീനജാഹദൂ ഫീനാ ലനഹ്ദിയന്നഹും സുബുലനാ. നമ്മെ കണ്ടുമുട്ടാൻ പരിശ്രമിക്കുന്നവർക്ക്, നാം തീർച്ചയായും നമ്മുടെ വഴിയിലേക്ക് വരാൻ ഭാഗ്യം നല്കുന്നതാണ്. അല്ലാഹുവിനെ കണ്ടുമുട്ടുന്നതിനായി ശരീരേച്ഛയുമായി പോരാട്ടം നടത്തേണ്ടതും പരിശ്രമിക്കേണ്ടതും അത്യന്താപേക്ഷിതമാണ്. തന്റെ വഴിയിലേക്ക് വരാൻ ആത്മാർത്ഥതയോടെ പരിശ്രമിക്കുന്നവർക്കാണ് അല്ലാഹു വഴികാട്ടുന്നത്. സ്വയം ഭക്തിമാർഗ്ഗത്തിലൂടെ നടക്കാൻ പരിശ്രമിക്കുന്നവർക്കാണ് അല്ലാഹു അതിലൂടെ നടക്കാൻ ഭാഗ്യം നല്കുന്നത്. അല്ലാഹുവിങ്കലേക്ക് കുറഞ്ഞപക്ഷം നടന്നുവരാൻ ശ്രമിക്കുന്നവരുടെയടുത്തേക്ക് അവൻ ഓടിയെത്തുന്നു. അല്ലാഹു റമദാനെ ഭയഭക്തി കരസ്ഥമാക്കുന്നതിനുള്ള ഒരു വലിയ മാർഗ്ഗമാക്കിയിരിക്കുന്നു.

അല്ലാഹുവിന്റെ അനുഗ്രഹങ്ങളും അവന്റെ പാരിദോഷിതങ്ങളും കരസ്ഥമാക്കാൻ, ആരാണോ സത്യസന്ധതയോടെ പ്രവൃത്തിക്കുന്നത് അവൻ പാപങ്ങളിൽനിന്ന് പരിശുദ്ധനാക്കപ്പെടുന്നു. അവന് നന്മ ചെയ്യാനുള്ള തൗഫീഖ് കിട്ടുന്നു. അവൻ അല്ലാഹുവിന്റെ അനുഗ്രഹം കരസ്ഥമാക്കുന്നവനായിത്തീരുന്നു. ഒരു നിവേദനത്തിൽ വന്നിരിക്കുന്നു. ഹദ്റത്ത് അബൂസഈദ് ഖുദ്രി(റ) നബി കരീം(സ) പറഞ്ഞതായി നിവേദനം ചെയ്യുന്നു. അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ആരുംതന്നെ ഒരു ദിവസം വ്രതമനുഷ്ഠിക്കുകയില്ല, അതു കാരണം അവന്റെ മുഖത്തെ നരകത്തെത്തൊട്ട് 70 ശരത്കാലത്തെ വഴി അന്തരമാക്കിയിട്ടല്ലാതെ. അതായത് ശൈത്യകാലത്തിന്റെയും ഉഷ്ണകാലത്തിന്റേയും ഇടയിൽ എത്ര അന്തരമുണ്ടോ അതിനേക്കാൾ 70 ഇരട്ടി കൂടുതൽ അന്തരമുണ്ടാക്കും. ഇത് ഉദാഹരണമാണ്. അതായത് അവനിൽ നിന്ന് അഗ്നിയെ തികച്ചും അകറ്റിക്കളയുന്നു.

അല്ലാഹുവിന്റെ വഴിയിൽ അവന്റെ അനുഗ്രഹം ആഗ്രഹിച്ചുകൊണ്ട് അവൻ കല്പിച്ച നോമ്പ് പിടിക്കേ

ണ്ടതത്യാവശ്യമാണ്. അതിന്റെ പിന്നിൽ ഒരു തരത്തിലുള്ള ഭൗതികോദ്ദേശ്യവും ഉണ്ടായിരിക്കരുത്, തികച്ചും അവന്റെ തൃപ്തി കരസ്ഥമാക്കലായിരിക്കണം ലക്ഷ്യം. എന്നാൽ, അല്ലാഹു സ്വന്തം ഇച്ഛയോട് പോരാടുന്നവരെ അഗ്നിയിൽനിന്ന് രക്ഷിക്കുമെന്നു മാത്രമല്ല, മറിച്ച് തന്റെ തൃപ്തിയുടെ സ്വർഗ്ഗങ്ങളിലും അവരെ പ്രവേശിപ്പിക്കുന്നതാണ്. അവന് ദീനും കിട്ടുന്നു. ലോകവും കിട്ടുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: 'അല്ലാഹുവിലേക്ക് ഓടുന്നവൻ ഒരിക്കലും പരാജയപ്പെടുകയില്ല.' അല്ലദീന ജാഹദു ഫീനാ ലനഹ്ദിയന്നഹും സുബൂലനാ എന്ന അവന്റെ സത്യമായ വാഗ്ദാനവുമുണ്ട് (29:70). അല്ലാഹുവിന്റെ വഴി അന്വേഷിക്കാൻ ശ്രമിച്ചത് ആരാണോ അവൻ അവസാനം ഉദ്ദേശ്യലക്ഷ്യത്തിൽ എത്തിച്ചേരുന്നു. ഭൗതികമായ പരീക്ഷകൾക്കായി തയ്യാറെടുപ്പ് നടത്തുന്നവനും, രാത്രിയെ പകലാക്കുന്നവനുമായ വിദ്യാർത്ഥിയുടെ കഠിനപരിശ്രമം കണ്ടുകൊണ്ട് നമുക്ക് ദയയുണ്ടാകുന്നുവെങ്കിൽ, അല്ലാഹുവിന്റെ ദയയും അനുഗ്രഹവും അതിരറ്റതും അന്തമില്ലാത്തതുമാണ്. അവൻ അതിലേക്ക് വരുന്നവരെ നഷ്ടപ്പെടുത്തിക്കളയുമോ? ഒരിക്കലുമില്ല. ഒരിക്കലുമില്ല. അല്ലാഹു ആരുടേയും പരിശ്രമത്തെ പാഴാക്കിക്കളയുകയില്ല.

അതിനാൽ അല്ലാഹു തന്റെ അനുഗ്രഹം കൊണ്ട് നമുക്ക് അവസരം നല്കിയിരിക്കുകയാണ്. നമ്മെ ഈ മാസത്തിൽ പ്രവേശിപ്പിച്ചിരിക്കുകയാണ്. അല്ലാഹുവിന്റെ തൃപ്തി കാംക്ഷിച്ചുകൊണ്ടുമാത്രം നോമ്പു പിടിക്കുന്നവർക്ക്, നബി(സ) തിരുമേനിയുടെ നിർദ്ദേശമനുസരിച്ച് നോമ്പ് പരിചയായിത്തീരുന്നു. മനുഷ്യന്റേയും അഗ്നിയുടേയുമിടയിൽ നോമ്പ് ഒരു പരിചയായി മാറുന്നു. നോമ്പ് മനുഷ്യന്റെയും തീയുടേയും ഇടയിൽ ശക്തമായ ഒരു കോട്ടയായും ചുറ്റുമതിലുമായും മാറുന്നു. അതിന്നുള്ളിലേക്ക് കടന്നുവന്ന് തീയ്ക്ക് അല്ലാഹുവിന്റെ ദാസരെ നശിപ്പിക്കാൻ സാധിക്കുകയില്ല.

ഖുദ്സിയായ ഹദീസിൽ വന്നിരിക്കുന്നു. അതായത്, അല്ലാഹു പറഞ്ഞുവെന്ന് പറഞ്ഞുകൊണ്ട് നബി (സ) പറയുന്ന ഹദീസുകളാണ് ഖുദ്സിയായ ഹദീസുകൾ. ഈ ഹദീസ് ബുഖാരിയിൽ വന്നിട്ടുള്ളതാണ്. നബി കരീ (സ) പറഞ്ഞതായി ഹദ്റത്ത് അബൂ ഹുറയ്റ (റ) രിവായത്ത് ചെയ്യുന്നു. "അല്ലാഹു പറയുന്നു: നോമ്പൊഴിച്ചുള്ള മനുഷ്യന്റെ മറ്റെല്ലാ കർമ്മങ്ങളും അവനു തന്നെയുള്ളതാണ്. എന്നാൽ, നോമ്പ് എനിക്കുവേണ്ടിയാണ്, ഞാൻ തന്നെ അതിന് പ്രതിഫലം നല്കും. നോമ്പ് പരിചയാണ്. നിങ്ങളിൽ ആർക്കെങ്കിലും നോമ്പുണ്ടെങ്കിൽ, അവൻ പൊളിവാക്കുകളും, അസഭ്യങ്ങളും പറയരുത്. ആരെങ്കിലും അവനെ ചീത്ത പറയുകയോ അവനോട് വഴിക്കിടുകയോ ചെയ്താൽ, ഞാൻ നോമ്പുകാരനാണെന്ന് മാത്രം പറഞ്ഞൊഴിയേണ്ടതാണ്. മുഹമ്മദിന്റെ ജീവൻ ആരുടെ കൈയിലാണോ അവനാണെ നോമ്പു നോൽക്കുന്നവന്റെ വായയുടെ മണം അല്ലാഹുവിന്റെ പക്കൽ കസ്തൂരിയേക്കാൾ വളരെ പരിശുദ്ധമാണ്. നോമ്പുകാരന് രണ്ട് ആനന്ദമാണുള്ളത്. ഒന്ന് അവൻ നോമ്പ് മുറിക്കുമ്പോഴും മറ്റൊന്ന് തന്റെ നാഥനെ കണ്ടുമുട്ടുമ്പോഴും, നോമ്പിന്റെ പേരിൽ അന്ന് അവൻ സന്തുഷ്ടനായിത്തീരും. ഇവിടെ നോമ്പിന്റെ പ്രതിഫലം അല്ലാഹു സ്വയം ഏറ്റെടുത്തിരിക്കുന്നു.

മറ്റൊരു നിവേദനത്തിൽ വന്നിരിക്കുന്നു. നബി (സ) പറഞ്ഞു: "നോമ്പ് പ്രതാപവാനായ അല്ലാഹുവിനുവേണ്ടി അനുഷ്ഠിക്കപ്പെടുന്നു. നോമ്പുകാരന്റെ പ്രതിഫലം അല്ലാഹുവിനു മാത്രമേ അറിയുകയുള്ളൂ." അല്ലാഹു നന്മയ്ക്ക് എഴുന്നൂറിരട്ടിവരെ പ്രതിഫലം നല്കുമെന്ന് മറ്റൊരിടത്ത് പറയുന്നുണ്ട്. അതിനേക്കാൾ കൂടുതൽ നൽകുമെന്നും പറഞ്ഞതായി കാണാം. നോമ്പിന്റെ പ്രതിഫലം പറഞ്ഞിട്ടുള്ള പരിധിയേക്കാൾ വർദ്ധിക്കുന്നതാണ്. എത്രമാത്രം വർദ്ധിപ്പിച്ചുനല്കുമെന്ന് അല്ലാഹുവിനു മാത്രമേ അറിയുകയുള്ളൂ. അല്ലാഹുവിന്റെ സത്തയും അവന്റെ ഗുണവിശേഷങ്ങളും അതിരില്ലാത്തതെന്നതുപോലെ, അവന്റെ പ്രതിഫലവും അതിരറ്റതാണ്. എത്ര പ്രതിഫലമുണ്ടാകുമെന്നത് മാനുഷചിന്തയ്ക്കതീതമാണ്. അത് അല്ലാഹുവിനു മാത്രമേ അറിയുകയുള്ളൂ എന്ന് നബി(സ) ഇവിടെ പറഞ്ഞിരിക്കുന്നു. പക്ഷേ, ചില പരിധികൾ അല്ലാഹു നോമ്പിനോടൊപ്പം വെച്ചിട്ടുണ്ട്. അതിരറ്റ പ്രതിഫലം ലഭിക്കാൻ, നിങ്ങൾക്ക് നിങ്ങളുടെ പരിധിക്കുള്ളിൽ നില്ക്കേണ്ടതായി വരും. അല്ലാഹു പറഞ്ഞ കല്പനകൾ പാലിക്കേണ്ടതായി വരും. പട്ടിണി കിടന്നാൽ മാത്രം പോരാ, പ്രത്യുത ഇന്ദ്രിയാശകളോട് പോരാടേണ്ടതായി വരും. ഹദീസിൽ പറഞ്ഞതുപോലെ തിന്മ കൈവിടേണ്ടിയും വരും. എല്ലാത്തരം വിഷയേച്ഛകളിൽ നിന്നും അകലേണ്ടി വരും. എന്നല്ല, അനുവദനീയമായ ചില കാര്യങ്ങളും അല്ലാഹുവിനുവേണ്ടി ഉപേക്ഷിക്കേണ്ടി വരുമെന്ന് മറ്റൊരിടത്തും അവൻ പറഞ്ഞിട്ടുണ്ട്. ഈ അവസ്ഥയുണ്ടായാൽ ആ നോമ്പായിരിക്കും അല്ലാഹുവിനുവേണ്ടി അനുഷ്ഠിക്കപ്പെടുന്നത്. തിന്മകൾ ഉപേക്ഷിക്കൽത്തന്നെയാണ് അല്ലാഹുവിന്റെ സാമീപ്യം പ്രദാനം ചെയ്യുന്നത്. പക്ഷേ, ഇത് താല്ക്കാലികമായിട്ടുള്ളതാകാൻ പാടില്ല. താല്ക്കാലികമായിട്ട് തിന്മയിൽ നിന്ന് അക

*(ശേഷം 34- ൽ)*

ലേഖനം

ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ്

# പരിണാമവാദവും ധ്രുവക്കരടിയും

**ദൈവത്തിന്റെ ആസൂത്രണാധിഷ്ഠിതമായ സൃഷ്ടിവൈഭവത്തിന്റെ അത്ഭുതനിദർശനമാണ് ധ്രുവക്കരടി. ബോധശൂന്യമായ പ്രകൃതിയാണ് ജീവികളെ സൃഷ്ടിക്കുന്നതും തിരഞ്ഞെടുക്കുന്നതും എന്ന പരിണാമവാദികളുടെ പ്രകൃതിനിർധാരണസിദ്ധാന്തത്തെ ധ്രുവക്കരടി പ്രത്യേകതകൾ പരാജയപ്പെടുത്തുന്നു.**

പ്രകൃതി ശാസ്ത്രജ്ഞന്മാർ മനസ്സിലാക്കിയ ശാരീരിക പരിണാമത്തിന്റെ വിജ്ഞാനങ്ങൾ ധ്രുവക്കരടിയുടെയും (Polar Bear) ഉത്തരധ്രുവകുറുക്കന്റേയും (Artic Fox) കാര്യത്തിൽ നമുക്കൊന്ന് പരിശോധിച്ചു നോക്കാം. ധ്രുവക്കരടിയുടെ ആകൃതി, തവിട്ടു നിറത്തിലും കറുപ്പ് നിറത്തിലും കാണപ്പെടുന്ന കരടിയിൽ നിന്നും വിഭിന്നമാണ്. ധ്രുവക്കരടിയുടെ പിൻകാലുകൾ മുൻകാലുകളെക്കാൾ നീളമുള്ളതാണ്. അതുകൊണ്ട് അതിന് ഇരയെ പിടിക്കാൻ വേണ്ടി വേഗത്തിലോടാൻ കഴിയും. അതേ സമയം അതിന്റെ ദീർഘമായ കഴുത്ത് നീന്താൻ പറ്റിയ വഴക്കമുള്ള ഒരു ഘടന നൽകുകയും ചെയ്യുന്നു. മറ്റു കരടികളും നീന്താറുണ്ട്. പക്ഷേ ധ്രുവക്കരടികൾക്ക്, താരതമ്യേന കൂടുതൽ വേഗത്തിൽ നീന്താൻ സാധിക്കും. അവയ്ക്ക് കൂടുതൽ ദൂരം താണ്ടാനും സാധ്യമാവും. ഉത്തരധ്രുവത്തിലെ പരിതഃസ്ഥിതിയിൽ അവയുടെ നിലനിൽപ്പിന് ഇത്തരം ശാരീരിക ഗുണങ്ങളുടെ ആവശ്യമുണ്ട്.

ധ്രുവക്കരടിക്ക് ഏകദേശം 800 കി.ഗ്രാം ഭാരവും 3 മീറ്റർ നീളവുമുണ്ടാവും. അതിന്റെ ശരീരത്തിന്റെ വലിപ്പം തണുപ്പിനെതിരെയുള്ള ഒരു രക്ഷയും അതോടൊപ്പം ഇരതേടുവാനും ഇരയെ കൊല്ലാനുമുള്ള അനുകൂല ഘടകവും കൂടിയാണ്. യാദൃശ്ചികമെന്ന് പറയട്ടെ, ധ്രുവക്കരടികൾക്ക് പിറക്കുന്ന കുഞ്ഞുങ്ങൾ വിസ്മയകരമാംവിധം ചെറുതാണ്. അതിന്റെ തൂക്കം 500 ഗ്രാം മാത്രമാണ്. മനുഷ്യ ശിശുവിന്റെ ഭാരത്തിലെ ചെറിയ ഒരംശം മാത്രം. അതിന്റെ കറുത്ത തൊലി വെളുത്ത രോമത്തിൽ ആവൃതമായിരിക്കും. അങ്ങനെ വർഷം മുഴുവൻ പ്രകൃതി അതിന്റെ യഥാർത്ഥ നിറം ഒളിപ്പിക്കുന്നു. വേനലിൽ ഒരു മഞ്ഞ വർണ്ണപ്പകർച്ചയിലേക്ക് അൽപകാലത്തേക്ക് മാറും. ഉരുകുന്ന മഞ്ഞിന്റെ നിറവുമായി അതിന് നല്ല സാമ്യത കൈവരുന്നു. ധ്രുവക്കരടിയുടെ ഇടതൂർന്ന രോമവും അസാധാരണമായ രീതിയിലുള്ള തൊലിക്കിടയിലെ കൊഴുപ്പും അതിന്റെ ആവാസസ്ഥലത്തെ മരവിപ്പിക്കുന്ന തണുപ്പിൽ നിന്നും രക്ഷ നൽകുന്നു. ധ്രുവക്കരടിയുടെ ഈ കൊഴുപ്പ് വളരെ പ്രധാനപ്പെട്ടതാണ്. കാരണം ധ്രുവക്കരടി നീന്തുമ്പോൾ അതിന്റെ ഇടതൂർന്ന രോമത്തിൽ തണുപ്പിനെ പ്രതിരോധിക്കാൻ വായുവിന് നിൽക്കാൻ സാധ്യമല്ല. രോമം ഉണങ്ങിയാൽ വെളുത്ത രോമം സൂര്യനിൽ നിന്നുള്ള ചൂട് സ്വീകരിച്ച് അത് കരടിയുടെ ശരീരത്തിലേക്ക് പ്രതിഫലിപ്പിക്കുന്നു. രോമത്തിന്റെ ഉള്ള് പൊള്ളയാണ്. അതുകൊണ്ട് സൂര്യനിൽ നിന്നും വരുന്ന അൾട്രാവയലറ്റ് രശ്മികൾ രോമത്തിലൂടെ കടന്ന് വരികയും കരടിയുടെ കറുത്ത തൊലി അത് ആഗിരണം ചെയ്യുകയും ചെയ്യുന്നു.

ധ്രുവക്കരടിയുടെ മറ്റൊരു പ്രത്യേകത അതിന്റെ കാൽപാദങ്ങളുടെ അസാധാരണ വലിപ്പമാണ്. അത് വളരെ പരന്നതാണ്. കൂർത്ത നഖങ്ങളുമുണ്ട്. ഇരകളെ കടിച്ചു കീറാനും ഐസിൽ പിടുത്തം കിട്ടുന്നതിനും വേണ്ടിയാണ് ഇത് ഉപയോഗിക്കുന്നത്. അതിന്റെ ഉള്ളംകാലും ശരീരത്തെപോലെ വെളുത്ത രോമത്താൽ ആവൃതമാണ്.

ഇത് അതിന് ഹിമപ്രതലത്തിൽ നല്ല പിടുത്തത്തിന് സഹായകമാവുകയും തണുപ്പിൽ നിന്ന് സംരക്ഷണം നൽകുകയും ചെയ്യുന്നു. അത്ഭുതകരമായിട്ടുള്ളത് ധ്രുവക്കരടിക്ക് ഉറച്ച ഒരു പ്രതലത്തിൽ നായ ഓടുന്ന അതേ വേഗത്തിൽ മഞ്ഞിലൂടെ ഓടാൻ സാധിക്കും എന്നതാണ്. ധ്രുവപ്രദേശത്തെ തണുപ്പുകാലത്തെ ദീർഘമായ രാത്രികളിൽ തുറസ്സായ ജലസംഭരണികളിൽ എത്തിച്ചേരാൻ പ്രയാസമാണ്. അവിടെ തന്റെ ഭക്ഷണമായ കടൽ നായ്ക്കൾ (Seals) ഉണ്ടാവും. ധ്രുവക്കരടിയുടെ അസാമാന്യമായ ഘ്രാണശക്തിക്ക് നന്ദി പറയുക. ഇരുട്ട് അതിനൊരു പ്രശ്നമേ അല്ല. 20 കിലോമീറ്റർ അകലെ വെച്ച് പോലും കടൽ നായയുടെ മാംസമോ, അഴുകിയ മാംസമോ അതിന് തിരിച്ചറിയാനാവും എന്നാണ് പ്രകൃതി ശാസ്ത്രജ്ഞന്മാർ പറയുന്നത്. അതിന്റെ കാഴ്ചശക്തിയും ഘ്രാണശക്തിക്ക് ചേർന്നത് തന്നെ! മറ്റേത് കരടികളേക്കാളും അതിതീക്ഷ്ണമാണത്. പകൽസമയത്ത് വളരെ ദൂരത്ത് നിന്ന് തന്നെ അതിന് കടൽ നായ്ക്കളെ കണ്ടെത്താനാവും. കടൽ നായയെ കണ്ടെത്തിക്കഴിഞ്ഞാൽ അത്ഭുതകരമായ ക്ഷമയോടെ പതുങ്ങിപ്പതുങ്ങി ചെല്ലും. ശരീരം മഞ്ഞിൽ പരത്തിവെച്ച് ഇഴഞ്ഞാണ് അത് കടൽനായ്ക്കൾക്കരികെ പോകുക. മുൻകാൽ മടക്കിവെച്ച് പിൻകാൽ കൊണ്ട് നിരങ്ങിയാണ് നീങ്ങുക. ഇരയെ കമ്പളിപ്പിക്കാൻ പരിസരത്തിനൊത്ത വേഷം മാറാൻ (Camouflage) സമർത്ഥനാണ് ധ്രുവക്കരടി. ചിലപ്പോൾ അതിന്റെ കറുത്ത മുക്കും മോന്തയും പുറത്ത് കാണാതിരിക്കാൻ ചെറിയ ഒരു മഞ്ഞ് കൂന മുമ്പിൽ ഉന്തികൊണ്ടായിരിക്കും വരിക. അല്ലെങ്കിൽ തിരിച്ചറിയാതിരിക്കാൻ തന്റെ മുൻപാദത്തിന്റെ വെള്ള പത്തികൊണ്ട് കറുത്ത മൂക്ക് പൊത്തിയായിരിക്കും സഞ്ചരിക്കുക.

ധ്രുവക്കരടി മിക്ക സമയവും വെള്ളത്തിലായിരിക്കും. ഈയൊരു സാഹചര്യത്തിന് അനുകൂലമായ ചില ഘടകങ്ങൾ അതിനുണ്ട്. ഐസിന് മീതെ കടൽ നായ്ക്കളെ വേട്ടയാടാൻ പതുങ്ങി സഞ്ചരിക്കുമ്പോൾ ഉപയോഗിക്കുന്ന അവയവം നേർവിപരീതമായാണ് നീന്തുവാൻ വേണ്ടി ഉപയോഗിക്കുന്നത്. നീന്തുമ്പോൾ പിൻകാലുകൾ പങ്കായമായി ഉപയോഗിക്കുന്നു. മുന്നോട്ട് തള്ളാൻ മുൻകാലുകളും ഉപയോഗിക്കുന്നു. ധ്രുവക്കരടിയുടെ അസാധാരണമായ വലിപ്പത്തിന് പുറമെ മറ്റൊരു പ്രത്യേകത അതിന്റെ മുൻകാലുകൾ ചർമ്മപാളികൾകൊണ്ട് ബന്ധിച്ചിട്ടുണ്ട് എന്നതാണ്. ഹിമാവൃതമായ ആർട്ടിക് ധ്രുവത്തിലെ ആവാസവ്യവസ്ഥയിൽ ജീവിക്കാനനുയോജ്യമായ അതിന്റെ മറ്റൊരു പ്രത്യേകത കണ്ണുകൾ തുറന്ന് വെച്ചും അടച്ചുപിടിച്ചും വെള്ളത്തിലൂടെ നീന്താനുള്ള കഴിവാണ്. ചില ശാസ്ത്രജ്ഞന്മാർ ധ്രുവക്കരടിയുടെ അന്യാദൃശമായ ഈ ഗുണങ്ങൾ വിശദീകരിക്കുന്നതിൽ വിമുഖരായിക്കൊണ്ട് അവ പരിണാമത്തിന്റെ ഉൽപന്നമാണെന്ന് ഒഴുക്കൻ മട്ടിൽ ലളിതമായി പറയുകയാണ് ചെയ്യുന്നത്. മറ്റു പ്രകൃതി ശാസ്ത്രജ്ഞന്മാരെ ഇക്കാര്യം ഓർമ്മിപ്പിച്ചാൽ അവരുടെ മറുപടി, ധ്രുവക്കരടിയെ മറ്റു കരടികളുടെ കുടുംബത്തിൽ നിന്നും വേർതിരിച്ചു നിർത്തുന്ന പ്രത്യേകതകൾ രൂപപ്പെടാൻ കോടിക്കണക്കിന് വർഷമെടുത്തിട്ടുണ്ടെന്നാണ്.

ധ്രുവപ്രദേശത്തെ കാലാവസ്ഥയോടു ഇണങ്ങിച്ചേരാനുള്ള അനുകൂലനങ്ങൾ ആർജ്ജിച്ചതിൽ ആർട്ടിക്ക് കുറുക്കനും (Artic Fox) വളരെയൊന്നും പിന്നിലല്ല. ഇടതിങ്ങി വളരുന്ന വെളുത്ത രോമം തണുപ്പ് കാലത്ത് അതിന് ചൂട് നൽകുകയും പരിതഃസ്ഥിതിക്കനുയോജ്യമായ വേഷപ്പകർച്ചയിൽ ഒളിച്ചിരിക്കാൻ സഹായിക്കുകയും ചെയ്യുന്നു. മറ്റു സ്ഥലങ്ങളിൽ കാണപ്പെടുന്ന കുറുക്കന്മാരുടെ ചെവിയെ അപേക്ഷിച്ച് ധ്രുവക്കുറുക്കന്റെ രോമാവൃതമായ ചെവിയിലൂടെ കുറച്ച് ചൂട് മാത്രമേ നഷ്ടപ്പെടൂ. മറ്റു കുറുക്കന്മാരുമായി ധ്രുവക്കുറുക്കനെ താരതമ്യം ചെയ്യുമ്പോൾ ധ്രുവക്കുറുക്കന്റെ മുഖവും കാലും ചെറുതാണ്. അതും ചൂടു നഷ്ടപ്പെടാതിരിക്കാൻ സഹായിക്കുന്ന അനുകൂലനങ്ങളാണ്. ധ്രുവക്കരടിയെപ്പോലെ ആർട്ടിക് കുറുക്കന്റേയും കാൽപത്തിക്ക് കീഴേ രോമാവൃതമാണ്. കടുത്ത തണുപ്പിൽ നിന്നും രക്ഷ നൽകാൻ ഇത് ഉത്തമമായ ഒരു ഉപാധിയാണ്. കാൽപാദങ്ങൾക്കടിയിലെ രോമത്തിന്റെ കാര്യത്തിൽ, ധ്രുവ പ്രദേശത്തെ കുറുക്കന്റെ പങ്കാളി മരുഭൂമിയിലെ കുറുക്കനാണ്. മരുഭൂമിയിലെ കുറുക്കന് രോമത്തിന്റെ ആവശ്യം കടുത്ത ചൂടിൽ നിന്നും രക്ഷ നേടാനാണെന്ന് വ്യക്തം. വെള്ള ധ്രുവക്കുറുക്കനെ മഞ്ഞിൽ നിന്നും വേർതിരിച്ചറിയാൻ വിഷമമാണ്. മറ്റു സ്ഥലങ്ങളിൽ അതിന്റെ വെളുത്ത രോമം ഒരു പ്രതികൂല ഘടകമാണ്. ഉദാഹരണത്തിന് മഞ്ഞ് കുറഞ്ഞ ആർട്ടിക് സമുദ്രത്തോട് ചേർന്ന തീരങ്ങളിലും ദ്വീപുകളിലുമുള്ള കുറുക്കന്മാർക്ക് അവരെ നിറം കൊണ്ട് ഒളിക്കാൻ മറ്റു വർണ്ണങ്ങളാണ് ആവശ്യം. നീലകലർന്ന

തവിട്ട് നിറമാണ് അവിടെ പറ്റിയ നിറം. ആ നിറം തന്നെ അവിടുത്തെ കുറുക്കന്റെ നിറമായി മാറിയിരിക്കുന്നു.

ജീവികളുടെ ഉത്ഭവത്തിൽ പ്രകൃതിയുടെ തെരഞ്ഞെടുപ്പിന്റെ പങ്കെന്താണ്? പ്രാധാന്യമർഹിക്കുന്ന ഈ ചോദ്യത്തിലേക്ക് തന്നെ ഈ പ്രശ്നം നമ്മെ നയിക്കുന്നു. ധ്രുവക്കരടിക്ക് ആർട്ടിക്ക് കാലാവസ്ഥയിൽ അതിജീവിക്കാൻ വേണ്ടി ഇത്തരത്തിലുള്ള അനുകൂലനങ്ങൾ ആർജ്ജിച്ചെടുക്കാൻ ദശലക്ഷക്കണക്കിന് വർഷങ്ങൾ എടുത്തിട്ടുണ്ടെങ്കിൽ അതേ സമയത്തിന്റെ അളവുകോൽ കുറുക്കനും ബാധകമാണ്. അതിൽ പക്ഷഭേദം പാടില്ല. അതിജീവനത്തിന് വേണ്ടി തങ്ങളുടെ ശരീരത്തിൽ അവശ്യം വേണ്ടുന്ന മാറ്റങ്ങൾ വരുത്തുന്നതിന് മുമ്പായി കുറുക്കന്റേയും കരടിയുടേയും എത്ര തലമുറകളായിരിക്കും നശിച്ചിരിക്കുക എന്ന ചോദ്യം ഇവിടെ ഉയർന്നു വരുന്നു.

ധ്രുവപ്രദേശത്തെ കാലാവസ്ഥയുമായി പൊരുത്തപ്പെട്ടുപോകാൻ സഹായിക്കുന്ന ഇത്തരത്തിലുള്ള യാതൊരു അനുകൂല ഗുണങ്ങളുമില്ലാതെ ദശലക്ഷക്കണക്കിന് വർഷങ്ങൾ അവയ്ക്ക് അതിജീവിക്കാൻ കഴിഞ്ഞിട്ടുണ്ടെങ്കിൽ, പിന്നെ അനുകൂലനങ്ങളുടെ ആവശ്യം തന്നെ എവിടെയായിരുന്നു? ആർട്ടിക്ക് പ്രദേശത്തെ കരടിയിലും കുറുക്കനിലും വരുത്തിയ മാറ്റങ്ങൾ പ്രകൃതി നിർധാരണത്തിന് സ്ഥിരീകരിക്കാൻ ജനിതക മാറ്റത്തിന്റേയും ഉൽപരിവർത്തനത്തിന്റേയും ഇത്ര ദീർഘകാലത്തെ കോലാഹലങ്ങൾ പിന്നെയെന്തിനായിരുന്നു?

മറ്റൊരു കാര്യം? ലോകത്തെവിടെയും കാണപ്പെടുന്ന സാധാരണ കരടികളേയും കുറുക്കന്മാരെയും ആർട്ടിക് പ്രദേശത്തേക്ക് ഇപ്പോൾ തള്ളിവിട്ടുവെന്നിരിക്കട്ടെ. ആ പ്രദേശത്ത് നിന്നും ആർട്ടിക് കുറുക്കനേയും ധ്രുവക്കരടിയേയും പിൻവലിക്കുകയും ചെയ്യാം. ചോദ്യമിതാണ് നിഷ്കാസിതരാവാതെ തലമുറതലമുറകളോളം അവർക്ക് ഈ പ്രതികൂല കാലാവസ്ഥയെ അതിജീവിക്കാനുള്ള അവസരമുണ്ടാകുമോ? ജീവിവർഗ്ഗങ്ങൾക്ക് അതിജീവിക്കാൻ കഴിയും എന്ന ഉറപ്പോടെ അവർക്ക് അതിജീവിക്കാൻ കഴിഞ്ഞെങ്കിൽ ധ്രുവക്കരടിയുടെ പരിണാമ പ്രക്രിയ അനാവശ്യമായ ഒന്നായി കണക്കാക്കപ്പെടാവുന്നതാണ്. അതുപോലെ അതിന്റെ ശരീരഘടനയിലുണ്ടായ മാറ്റം നിരർത്ഥകമായ ഒന്നായും കണക്കാക്കപ്പെടും.

നമുക്ക് ഈ വിഷയത്തെ വ്യത്യസ്തമായ മറ്റൊരു വീക്ഷണകോണിലൂടെ നോക്കാം. ഉത്തരധ്രുവപ്രദേശത്തുള്ളത് പോലെ തികച്ചും പ്രതികൂലമായ പരിസ്ഥിതി പോലും കോശങ്ങളിലെ ജൈവരസതന്ത്രഘടനക്ക് മതിയായ മാറ്റങ്ങൾ വരുത്താൻ കാരണമായിത്തീരുന്നില്ല. സ്വഭാവ മാറ്റങ്ങൾക്ക് കാരണമാവുന്ന ജീനുകളിൽ ക്രമേണയുള്ളതോ ഉൽപരിവർത്തനാത്മകമോ ആയ പ്രകടമായ പരിവർത്തനങ്ങൾ സങ്കൽപ്പിക്കാൻ സാധ്യമല്ല. ഇന്ന് ആർടിക് ധ്രുവത്തിൽ കാണപ്പെടുന്ന കരടിക്കും കുറുക്കനുമുള്ള കറുത്ത തൊലിയിലെ വെള്ള രോമങ്ങൾ, ചെറിയ മുൻകാലുകൾ, വലിയ പിൻകാലുകൾ, ചെറിയ വട്ട ചെവികൾ അതിതീക്ഷ്ണമായ ഘ്രാണശക്തിയും കാഴ്ചശക്തിയും കാൽപത്തിക്കടിയിലെ ഇടതൂർന്ന രോമങ്ങൾ പരിസ്ഥിതിയുടെ മാറ്റങ്ങൾക്കനുസരിച്ചുള്ള വർണ്ണമാറ്റങ്ങൾ, തൊലിക്കുള്ളിലെ അടലകളായുള്ള കൊഴുപ്പ് പാളികൾ മുതലായവയൊന്നും ധ്രുവക്കരടിയും ആർട്ടിക്ക് കുറുക്കനും ജീവിക്കുന്ന ആവാസ വ്യവസ്ഥയിലെ കാലാവസ്ഥയുടെ സ്വാധീനം കൊണ്ടുണ്ടായ ക്രമീകരണങ്ങളല്ല. ആകസ്മികതയാണ് ഈ മാറ്റങ്ങളുണ്ടാക്കുന്നതെങ്കിൽ കോശത്തിലെ രാസഘടനയിൽ പ്രത്യേകമായും അന്ധമായുമുള്ള പരിവർത്തനങ്ങൾ തുടർന്നും വരുത്തി കൊണ്ടിരിക്കണം. അതായത് പുതിയ സ്വഭാവശീലങ്ങൾ ഉണ്ടാക്കിക്കൊണ്ട് മൃഗത്തിന്റെ ശരീരഘടനയിൽ നാനാവിധത്തിലുള്ള വ്യതിയാനങ്ങൾ വരുത്തിയും ആകസ്മികതയുടെ കളി തുടരേണ്ടതാണ്.

നിരവധി സാധ്യതകളിൽ നിന്ന് ഉചിതമായ ഒന്ന് തെരഞ്ഞെടുക്കാൻ പ്രകൃതി നിർധാരണത്തിന് അത്യന്തം മന്ദഗതിയിലുള്ള മാറ്റങ്ങൾക്കായി കാതോർക്കണം. എന്നാൽ കോശത്തിലെ രാസഘടനയിൽ യാദൃശ്ചിക മാറ്റം വരുത്തിയാൽ രോമത്തിന്റെ കറുത്ത നിറം വെള്ളയായി പെട്ടെന്ന് മാറ്റാൻ സാധിക്കും. അങ്ങനെ വെളുത്ത കട്ടി രോമംമുകളിൽ വരാവുന്ന രീതിയിലാക്കുകയും ചെയ്യാം. ഈ മാറ്റങ്ങൾ എന്തുകൊണ്ട് കറുപ്പിൽ നിന്നും നീലയായി മാറുന്നില്ല. അല്ലെങ്കിൽ കറുപ്പിൽ നിന്നും ക്രിംസൺ വർണ്ണമായോ, വയലറ്റിൽ നിന്ന് പച്ചയായോ കടുത്ത മഞ്ഞ നിറത്തിൽ നിന്ന് കുങ്കുമമായോ മാറുന്നില്ല. എങ്ങനെയാണ് കോശ രസതന്ത്രം ആർട്ടിക് ധ്രുവത്തിലെ കാലാവസ്ഥക്ക് യോജിച്ച നിറം വെള്ളയാണെന്ന് തിരിച്ചറിഞ്ഞത്? രോമത്തിനടിയിലെ തൊലി കറുപ്പായിത്തന്നെ നിൽക്കുന്ന കാര്യം കോശരസതന്ത്രം മനസ്സിലാക്കുന്നതിൽ പരാജയപ്പെട്ടത് എന്തുകൊണ്ടാണ്? കോശ

ത്തിൽ നടന്ന ഈ പരിവർത്തന ങ്ങൾ തൊലിയെ അതേപടി വിട്ടു കൊണ്ട് രോമത്തിന്റെ നിറം മാത്രം മാറ്റിയത് എന്തുകൊണ്ടാണ്? തീർച്ച യായും 'കറുത്ത തൊലിയിലെ വെളുത്ത രോമങ്ങൾ' ഒരു നവീന ആശയം തന്നെ! ധ്രുവത്തിലെ കര ടിയുടേയും കുറുക്കന്റേയും ഓരോ പ്രത്യേകതകളെക്കുറിച്ചും ഇവിടെ പ്രതിപാദിച്ചല്ലോ. ഇത് കൂടാതെ ഈ ജീവികൾക്കായി 'ആകസ്മികത' നിരവധി മറ്റു സാധ്യതകളും സൃ ഷ്ടിക്കപ്പെടേണ്ടത് ആവശ്യമാണ്.

ജീവികളുടെ പരിണാമത്തെ സംബന്ധിച്ച ഡാർവിനീയൻ സി ദ്ധാന്ത പ്രകാരം ഒരാൾ പ്രതീക്ഷി ക്കേണ്ടത് പ്രകൃതിയുടെ തെരഞ്ഞെ ടുപ്പ് ആരംഭിക്കുന്നതിന് മുമ്പായി ആകസ്മികത വന്ന് ഒരുപാട് പ്രത്യേ കതകളുള്ള വിവിധങ്ങളായ ധ്രുവ ക്കരടികളേയും കുറുക്കന്മാരേയും സൃഷ്ടിച്ചിരിക്കണമെന്നതാണ്. ആർട്ടിക് മേഖലയിലെ ഫോസിൽ തെളിവുകൾ ആകസ്മികതയുടെ സൃഷ്ടികളായ ചുവന്ന കരടി, നീല ക്കരടി, കുങ്കുമക്കരടി മുതലായ കര ടികളുടെ സൃഷ്ടിപ്പിനെ സംബ ന്ധിച്ച സാധ്യതകൾ സ്ഥിരീകരിക്കേ ണ്ടതാണ്. പക്ഷേ ധ്രുവക്കരടിയുടെ കാര്യത്തിൽ പരിണാമവാദം ഈ വർണ്ണ വൈവിദ്ധ്യങ്ങൾക്കിടയിൽ ഉണ്ടാവേണ്ട മത്സരത്തിനെ പറ്റി യൊന്നും പറയുന്നില്ല. അവർക്ക് വർണാന്ധത ബാധിച്ചിരിക്കുന്നു. അതിന് വെള്ളയാണോ കറു പ്പാണോ എന്ന് മാത്രം തിരിച്ചറിയാ നുള്ള കഴിവേയുള്ളൂ. അതിലുപരി യായി കരടികൾ പല വലിപ്പ ത്തിലും രൂപത്തിലും ഉണ്ടാവേണ്ട തുണ്ട്. വളരെ ചെറിയ ധ്രുവക്കരടി കളും, ഭീമന്മാരായ ധ്രുവക്കരടിക ളും, അതിഭീമന്മാരും മദ്ധ്യ ഭാരമു ള്ളവയും, ചെറിയ ഭാരമുള്ളവയും, പറവയുടെ ഭാരമുള്ളവയും തൂവൽ ഭാരമുള്ളവയുമുണ്ടാകണം. ചിലത് നീളമുള്ള മുൻകാലുകളോടും കുറിയ പിൻകാലുകളോടും ജനിക്ക ണം. ചിലതിന് കുറഞ്ഞ കാഴ്ചയും പരിമിതമായ ഘ്രാണശക്തിയുമു ണ്ടാവേണ്ടതുണ്ട്. എന്തുകൊണ്ടാണ് സൃഷ്ടിയുടെ ഘടകങ്ങൾ, അവ ഏതൊക്കെ തന്നെയായാലും ധ്രുവ പ്രദേശത്തെ ആവാസവ്യവസ്ഥ യിൽ ഒരേയൊരു സാധ്യത മാത്രം സജ്ജീകരിച്ചു കൊണ്ട് പ്രകൃതി നിർധാരണത്തെ ഉദാസീനമായി ഇരിക്കാൻ അനുവദിക്കുന്നത്?

ചില ധ്രുവക്കരടികൾ കടൽനാ യയുടെ മാംസത്തോട് തികച്ചും ഇഷ്ടക്കേടോടുകൂടി ആകസ്മിക മായി ജനിക്കേണ്ടതുണ്ട്. എത്ര ത്തോളമെന്നാൽ അതിന്റെ മാംസം ഒരു കഷ്ണം തിന്നുന്നതിനേക്കാൾ പട്ടിണി കിടന്ന് ചാകുന്നയത്ര ഇഷ്ട ക്കേട് കടൽ നായയുടെ മാംസ ത്തോടുണ്ടായിരിക്കണം. അതിന്റെ കാഴ്ച പോലും മണിക്കൂറുകളോളം ഓക്കാനവും ഛർദ്ദിയുമുണ്ടാക്കുന്ന അനുഭവമായിരിക്ക ണം ധ്രുവക്കര ടിക്കുണ്ടാകേണ്ടത്. അവയിൽ ചിലത് ചെറിയ തോതിൽ നീന്തൽ ക്കാരും ഓട്ടക്കാരുമായി ത്തീർന്നു എന്നു വന്നാൽ അതിൽ അത്ഭുത പ്പെടേണ്ടതില്ല.

അങ്ങനെയാണെങ്കിൽ ചില പ്രത്യേക മേഖലയിൽ പരിണാമപ്ര ക്രിയ രൂപപ്പെടുത്തിയത് ആകസ്മി കത മാത്രമാണെന്ന് ഡാർവിനിയൻ പ്രകൃതിശാസ്ത്രജ്ഞന്മാർക്ക് നമ്മെ വിശ്വസിപ്പിക്കാനുള്ള അവകാശമു ണ്ട്. തുടർന്ന് പ്രകൃതി നിർധാരണ ത്തിന്റെയും അർഹതയുടെ അതി ജീവനത്തിന്റെയും അനിവാര്യ നിയമങ്ങൾ അനാവശ്യമായതും മത്സരശേഷിയില്ലാത്തതുമായ ധ്രുവക്കരടി വർഗ്ഗങ്ങളെ മുഴുവൻ തുടച്ചു നീ ക്കിയിട്ടുണ്ടാവും. പിന്നെ ഇന്നത്തെ നിലയിൽ കാണുന്ന ധ്രുവക്കരടികളെ അങ്ങനെ വിടു കയും ചെയ്തിരിക്കണം.

എന്നാൽ അർഹതയുള്ളതിന്റെ അതിജീവനത്താൽ തുടച്ചു നീക്ക പ്പെടാൻ വിധിക്കപ്പെട്ട ആ ധ്രുവക്ക രടികൾ എവിടെയാണ് അപ്രത്യക്ഷ മായത്? നാം ഇവിടെ ചർച്ച ചെയ്യു ന്നത് ഉഷ്ണമേഖല പ്രദേശത്തെക്കു റിച്ചല്ല. അതിശൈത്യമുള്ള ആർട്ടിക് ധ്രുവപ്രദേശത്തെക്കുറിച്ചാണ്. ഇത്തരം കാലാവസ്ഥകളിൽ തിരോ ഭവിക്കപ്പെട്ട വ്യത്യസ്ത തരത്തിൽ പ്പെട്ട ചില ധ്രുവക്കരടികളുടെ മൃത ശരീരം യാതൊരും കേടും പറ്റാതെ ഫോസിലുകളായി സംരക്ഷിക്കപ്പെ ട്ടിട്ടുണ്ട്. ലക്ഷക്കണക്കിന് വർഷ ങ്ങൾക്ക് മുമ്പ് ഉണ്ടായിരുന്ന മൃഗങ്ങ ളുടെ മൃതശരീരങ്ങൾ ആർട്ടിക് മേഖലയിലെ അഗാധമായ തണു പ്പിൽ യാതൊരു കേടുപാടുകളും പറ്റാതെത ഫോസിലുകളായി സംര ക്ഷിക്കപ്പെട്ടിട്ടുമുണ്ട്. എത്രത്തോള മെന്നാൽ അതിന്റെ മാംസം ഇന്നലെ ജീവൻ പോയത് പോലെ ഭക്ഷി ക്കാൻ യോഗ്യമായതായിരുന്നു. കുറച്ച് മുമ്പ് അത്തരത്തിലുള്ള ഒരു മാമോത്തിനെ സൈബിരിയയിൽ നിന്നും കണ്ടെടുക്കപ്പെടുകയു ണ്ടായി.

ജീവിവർഗ്ഗത്തിനു മേൽ നിര വധി വ്യത്യാസങ്ങൾ വരുത്തുന്ന അതേ യാദൃശ്ചികമായ കോശതല ത്തിലുള്ള വ്യതിയാനങ്ങൾ ധ്രുവപ്ര ദേശങ്ങളല്ലാത്തയിടങ്ങളിലും മറ്റ് ആവാസ വ്യവസ്ഥകളിലും പ്രവൃ ത്തിക്കുന്നതായി കാണേണ്ടതുണ്ട്. ചുരുങ്ങിയത് അത്തരത്തിലുള്ള ഏതെങ്കിലുമൊരു ഫോസിൽ തെ ളിവ് ലഭിക്കേണ്ടതാണ്. ●

ലേഖനം

മുഹമ്മദ് ഉമർ എച്ച്.എ.

# റമദാൻ: മനുഷ്യനെ പരിശുദ്ധനാക്കുന്ന പുണ്യമാസം

**ഭക്ഷണം കുറക്കുമ്പോൾ ആത്മീയദർശനങ്ങൾക്ക് മനുഷ്യൻ സജ്ജമാകുന്നു എന്നത് ഒരു സൂഫി അനുഭവമാണ്.**

ആത്മീയപ്പൂങ്കാവനത്തിലെ വസന്തകാലമായ റമദാൻ എണ്ണിയാലൊടുങ്ങാത്ത അനുഗ്രഹങ്ങളോടും ആശിസ്സുകളോടും കൂടി നമ്മുടെ ജീവിതത്തിലിതാ വീണ്ടും സമാഗതമായിരിക്കുന്നു.

വ്രതാനുഷ്ഠാനം, ദൈവസ്മരണ(ദിക്റെ ഇലാഹി), ഖുർആൻ പാരായണം, തറാവീഹ്, തഹജ്ജുദ്, എന്നീ ആരാധനകൾ നിറഞ്ഞ ഈ ആത്മീയ വസന്തകാലത്തിന്റെ ആരംഭഘട്ടത്തിൽ റഹ്മത്തും മദ്ധ്യഘട്ടത്തിൽ മഗ്ഫിറത്തും (പാപപ്പൊറുതി) അവസാനഘട്ടത്തിൽ പ്രതിഫലവും ലഭിക്കുന്ന പുണ്യദിനരാത്രങ്ങളടങ്ങിയതാണീ പരിശുദ്ധ മാസം.

റമദാനെ സ്വാഗതം ചെയ്യാൻ ഒരു വർഷം മുഴുവനും സ്വർഗം തന്നെ അലങ്കരിച്ചുകൊണ്ടിരിക്കുന്നുവെന്നും ആ പുണ്യമാസം സയ്യിദുശ്ശുഹൂർ മാസങ്ങളുടെ നേതാവാണെന്നും ഹദ്റത്ത് നബീകരിം (സ) അരുൾ ചെയ്യുന്നു.

വ്രതമനുഷ്ഠിക്കുന്ന ആളുടെ വ്രതം തസ്ബീഹും (ദൈവസ്തുതിയും) അയാളുടെ നിദ്ര ഇബാദത്തും (ദൈവാരാധന) അയാളുടെ പ്രാർത്ഥന സ്വീകരിക്കപ്പെട്ടതും അയാളുടെ കർമ്മഫലം ഇതരമാസങ്ങളെ അപേക്ഷിച്ച് ശത ഗുണീഭവിക്കപ്പെട്ടതും ആണെന്നും തിരുനബി (സ) അരുൾ ചെയ്യുന്നു.

റമദാൻ മാസത്തിന്റെ മാഹാത്മ്യത്തെക്കുറിച്ച് ഹദ്റത്ത് നബികരിം (സ) തിരുമേനിയുടെ ഒരു പ്രഭാഷണം ഹദ്റത്ത് സൽമാനുൽ ഫാരിസി(റ) നിവേദനം ചെയ്യുന്നത് ഇപ്രകാരമാണ്.

''ശഅബാൻ മാസാവസാനത്തിൽ ഹദ്റത്ത് റസൂലുല്ലാഹി (സ) ഞങ്ങളെ അഭിമുഖീകരിച്ചുകൊണ്ട് ഒരു പ്രഭാഷണം നടത്തുകയുണ്ടായി. അതായത് അല്ലയോ ജനങ്ങളെ! മഹത്വമേറിയ ഒരു മാസം നിങ്ങൾക്ക് തണലേകുവാൻ ഇതാ സമാഗതമാകുന്നു. അനുഗ്രഹീതമാസമാണിത്. ആ മാസത്തിൽ ആയിരം മാസത്തെക്കാൾ ശ്രേഷ്ഠമായ ഒരു രാവുണ്ട്. ആ മാസത്തിൽ വ്രതമനുഷ്ഠിക്കുന്നത് നിങ്ങൾക്ക് അല്ലാഹു നിർബ്ബന്ധമാക്കിയിരിക്കുന്നു. ആ മാസത്തിലെ രാവുകളിൽ ഐച്ഛികമായുള്ള ഇബാദത്തും നിശ്ചയിക്കപ്പെട്ടിരിക്കുന്നു. ദൈവസാമീപ്യം പ്രാപിക്കേണമെന്ന ഉദ്ദേശ്യത്തോടുകൂടി ആ മാസത്തിൽ ചെയ്യപ്പെടുന്ന ആരാധനകൾക്ക് സാധാരണ ദിവസങ്ങളിൽ ചെയ്യപ്പെടുന്ന നിർബന്ധമായ ആരാധനകൾക്ക് തുല്യമായ പ്രതിഫലം ലഭിക്കുന്നതാണ്. ഈ മാസത്തിൽ ചെയ്യപ്പെടുന്ന നിർബന്ധ (ഫർളായ) ഇബാദത്തുകൾക്ക് എഴുപതിരട്ടി പ്രതിഫലം ലഭിക്കുന്നതാണ്. അത് ക്ഷമയുടെയും സഹനത്തിന്റെയും മാസമാണ്. അതു സഹതാപത്തിന്റെയും സഹാനുഭൂതിയുടെയും മാസമാണ്. അതായത് പാവപ്പെട്ടവന്റെ വിശപ്പിന്റെ കാഠിന്യം അറിയുന്ന മാസമാണ്. ആ മാസത്തിൽ വിശ്വാസികളുടെ റിസ്ഖ് വർദ്ധിപ്പിക്കപ്പെടുന്നു. ആ മാസത്തിൽ നോമ്പനുഷ്ഠിച്ച ആളുടെ നോമ്പ് തുറപ്പിക്കുകയാണെങ്കിൽ അത് അയാളുടെ പാപപ്പൊറുതിക്കും നരകാഗ്നിയിൽ നിന്നുള്ള മോചനത്തിനും കാരണമായിത്തീരുന്നതാണ്. മാത്രമല്ല നോമ്പുകാരന്റെ അത്രതന്നെ പ്രതിഫലം അയാൾക്കു ലഭിക്കുന്നതാണ്. എന്നാൽ നോമ്പ് തുറപ്പിക്കപ്പെടുന്ന ആളുടെ പ്രതിഫല

ത്തിൽ ഒരു കുറവും ഉണ്ടാകുന്നതല്ല. അപ്പോൾ ഞങ്ങൾ, 'യാ റസൂലല്ലാഹ്, ഞങ്ങളിൽ ആർക്കും തന്നെ ഇപ്ര കാരം നോമ്പ് തുറപ്പിക്കാനുള്ള കഴിവില്ലല്ലോ എന്നു പറ ഞ്ഞു. അതിന്നു പ്രത്യുത്തരമായി ഹദ്റത്ത് നബി കരിം (സ) അരുൾ ചെയ്തു. നിങ്ങളിൽ ആരെങ്കിലും ഒരു കവിൾ പാലോ ഒരു കാരക്കയോ അല്ലെങ്കിൽ ഒരിറക്ക് വെള്ളമോ കൊടുക്കുകയാണെങ്കിലും അല്ലാഹു അയാൾക്ക് അതിന്നുള്ള പ്രതിഫലം നൽകുന്നതാണ്. എന്നാൽ ഏതൊരാൾ നോമ്പനുഷ്ഠിക്കുന്ന ആൾക്ക് വയറുനിറയെ (സുഭിക്ഷമായി) നോമ്പ് തുറപ്പിക്കു ന്നുവോ ആ ആൾക്ക് അല്ലാഹു ഹൌളുൽ കൌസ റിൽ നിന്നും ജലപാനം ചെയ്യിക്കുന്നതായിരിക്കും. അങ്ങനെയുള്ളയാൾക്ക് സ്വർഗ്ഗത്തിൽ പ്രവേശിക്കുന്നത് വരെ ദാഹമുണ്ടായിരിക്കുന്നതല്ല. ആ മാസത്തിന്റെ ആദ്യമദ്ധ്യഘട്ടം പാപപ്പൊറുതിയും അവസാനം നരക ത്തിൽ നിന്നുള്ള മോചനവും ആയിരിക്കും. (മിശ്കാത്ത്)

ഹദ്റത്ത് റസൂൽ കരിം(സ) അരുൾ ചെയ്തതായി ഹസ്റത്ത് അബൂ ഹുറയ്റ (റ) നിവേദനം: 'വ്രതാനു ഷ്ഠാനമൊഴികെ മനുഷ്യന്റെ ഓരോ കർമവും അവ ന്നുള്ളതാണ്. നോമ്പുകാരന്ന് ഞാൻ നേരിട്ടു പ്രതിഫലം നൽകുന്നു. (മറ്റൊരർത്ഥമനുസരിച്ച് അവന്നുള്ള പ്രതി ഫലം ഞാൻ തന്നെയാണ്) നോമ്പ് പാപകർമ്മങ്ങളിൽ നിന്നും രക്ഷപ്പെടാനുള്ള ഒരു പരിചയാകുന്നു. നിങ്ങ ളിലാരെങ്കിലും വ്രതമനുഷ്ഠിക്കുകയാണെങ്കിൽ കലഹി ക്കുകയോ സഭ്യേതരമായ വാക്കുകൾ പറയുകയോ അരുത്. ആരെങ്കിലും അസഭ്യം പുലമ്പുകയോ ശണ്ഠക്കു വരികയോ ആണെങ്കിൽ താൻ നോമ്പനു ഷ്ഠിച്ചിരിക്കുന്നു എന്ന് അയാൾ പറയട്ടെ. ഏതൊരു വന്റെ കയ്യിലാണോ മുഹമ്മദിന്റെ ജീവനിരിക്കുന്നത് അവനാണ! നോമ്പനുഷ്ഠിച്ച ആളുടെ വായിൽ നിന്നു വരുന്ന ഗന്ധം അല്ലാഹുവിന്റെ പക്കൽ കസ്തൂരിയുടെ സുഗന്ധത്തെക്കാൾ പവിത്രമാണ്. നോമ്പനുഷ്ഠിക്കുന്ന ആൾ രണ്ടു ആനന്ദങ്ങൾ അനുഭവിക്കുന്നു. ഒന്നു നോമ്പ് തുറക്കുമ്പോൾ ഉള്ള ആനന്ദം. മറ്റൊന്നു വ്രതാനു ഷ്ഠാനം നിമിത്തം ദൈവത്തെ കണ്ടുമുട്ടുമ്പോഴുള്ള ആനന്ദം." (ബുഖാരി, മുസ്ലിം)

വ്രതാനുഷ്ഠാനത്തിന്റെ മാഹാത്മ്യത്തെക്കുറിച്ചു ഹദ്റത്ത് വാഗ്ദത്ത മഹ്ദീ മസീഹ് (അ) അരുൾ ചെയ്യുന്നു.

'റമദാൻ മാസത്തിലാണ് വിശുദ്ധ ഖുർആൻ ഇറ ക്കപ്പെട്ടത്' (2:186) എന്ന വചനത്തിൽ നിന്ന് പരിശുദ്ധ റമളാന്റെ മഹത്വം മനസ്സിലാവുന്നു. ഈ മാസം ഹൃദയ പ്രകാശത്തിന്നുള്ള ഉത്തമമായ മാസമാണെന്നും അതിൽ അധികമായി ആത്മീയ ദർശനങ്ങൾ ഉണ്ടാകു ന്നതാണെന്നും സൂഫികൾ എഴുതുന്നു. നമസ്കാരം ആത്മാവിന്നു സംസ്കരണവും നോമ്പ് ഹൃദയത്തിന്നു പ്രകാശവും പ്രദാനം ചെയ്യുന്നു. ആത്മസംസ്കരണ മെന്നാൽ ദോഷപ്രവണമായ ആത്മാവിന്റെ ദേഹേച്ഛക ളിൽ നിന്നു ദൂരപ്പെടലും ഹൃദയപ്രകാശമെന്നാൽ ആത്മദർശനത്തിന്നുള്ള കവാടം തുറന്ന് ദൈവത്തെ കാ ണുവാൻ സാധിക്കുക എന്നുമാണ് ഉദ്ദേശ്യം. 'ഉൻസി ലഫീഹിൽ ഖുർആൻ' എന്ന ദിവ്യവചനം. ഇതിലേക്ക് സൂചന നൽകുന്നു. വ്രതാനുഷ്ഠാനത്തിന്നുള്ള പ്രതി ഫലം മഹത്തായ താണെന്നതിൽ സംശയമില്ല. എന്നാൽ വിവിധ തരത്തിലുള്ള രോഗങ്ങൾ മനുഷ്യനെ ഈ അനുഗ്രഹത്തെ നഷ്ടപ്പെടുത്തുന്നു. എനിക്കോർമ്മ യുണ്ട്. എന്റെ യൗവനകാലത്ത് വ്രതാനുഷ്ഠാനം അഹ്ലുൽ ബൈത്തിന്റെ ചര്യയിൽപെട്ടതാണെന്ന് ഞാൻ ഒരു ദർശനത്തിൽ കാണുകയുണ്ടായി. എന്നെ ക്കുറിച്ച് ഹദ്റത്ത് റസൂൽ തിരുമേനി(സ) സൽമാൻ മിന്നാ അഹ്ലൻ ബൈത്തി, സൽമാൻ അഹ്ലുൽ ബൈത്തിൽ പെട്ടയാളാണെന്ന് അരുൾ ചെയ്തിട്ടുണ്ട്. സൽമാൻ എന്ന വാക്കിന്ന് രണ്ടു വിധത്തിലുള്ള സമാ ധാനം, രഞ്ജിപ്പു എന്നാണർത്ഥം. അതായത് ആന്തരീ കവും ബാഹ്യവും ആയ രണ്ടുവിധത്തിലുള്ള സമാ ധാന സ്ഥാപനം. ആ ആൾ (വാഗ്ദത്ത മസീഹ്) കാരു ണ്യവും അനുകമ്പയും മുഖേനയായിരിക്കും രണ്ടു വിധ ത്തിലുള്ള സമാധാനം സ്ഥാപിക്കുന്നത്. വാൾമുഖേന യല്ല.

സൗമ്യതയും കാരുണ്യവും വഴിയായിരിക്കും എന്നു ഇതിൽ നിന്നും മനസ്സിലാകുന്നു. ഈ ദർശനം വ്രതാനുഷ്ഠാനത്തിലേക്കു സൂചന നൽകുന്നുവെന്നെ നിക്ക് തോന്നി. അങ്ങനെ ഞാൻ ആറുമാസക്കാലം തുടർച്ചയായി നോമ്പനുഷ്ഠിച്ചു. ഇതിന്നിടയിൽ പ്രകാ ശങ്ങളുടെ സ്തൂപങ്ങൾ ആകാശത്തിലേക്ക് ഉയർന്നു പോവുന്നതായി എനിക്ക് കാണുവാൻ സാധിച്ചു. ആ പ്രകാശസ്തൂപങ്ങൾ ഭൂമിയിൽ നിന്ന് ആകാശത്തി ലേക്ക് ഉയരുകയാണോ അതല്ല എന്റെ ഹൃദയത്തിൽ നിന്നും ഉയർന്നുപോവുകയാണോ എന്ന് എനിക്ക് മന സ്സിലാക്കാൻ സാധിച്ചില്ല. (മൽഫൂസാത്ത് വാള്യം 4, പേജ് 256, 257)

"സാധിക്കുന്നേടത്തോളം അല്ലാഹു നിർദ്ദേശിച്ച കട മകൾ നിർവഹിക്കുവാൻ മനുഷ്യൻ ബാധ്യസ്ഥനാണ്. വ്രതാനുഷ്ഠാനത്തെക്കറിച്ച് അല്ലാഹു പറയുന്നത് 'വ

അൻതസൂമുഖൈറുൻ ലക്കും' (2:185) നിങ്ങൾ നോമ്പനുഷ്ഠിക്കുകയാണെങ്കിൽ അത് നിങ്ങൾക്ക് നന്മയാണെന്നാണ്. എന്തിനാണ് ഫിദ്‌യ നിശ്ചയിക്കപ്പെട്ടിരിക്കുന്നതെന്ന് ഒരിക്കൽ എന്റെ ഹൃദയത്തിൽ തോന്നുകയുണ്ടായി. അപ്പോൾ വ്രതാനുഷ്ഠാനത്തിന്നുള്ള കഴിവും സൗഭാഗ്യവും ലഭിക്കുന്നതിന്നായിട്ടാണെന്ന് എന്റെ അന്തരംഗം എനിക്ക് മറുപടി തന്നു. മനുഷ്യന്നു തൌഫീഖു നൽകുന്നവൻ അല്ലാഹുവാണ്. അതുകൊണ്ടു ഓരോകാര്യവും അല്ലാഹുവിനോടാണാവശ്യപ്പെടേണ്ടത്. സർവ്വശക്തനായ അല്ലാഹു ഇച്ഛിക്കുകയാണെങ്കിൽ ഒരു ക്ഷയരോഗിക്കു കൂടി വ്രതാനുഷ്ഠാനത്തിന്നുള്ള ശക്തിയും കഴിവും പ്രദാനം ചെയ്യുന്നതാണ്. ഫിദ്‌യ നിശ്ചയിച്ചിരിക്കുന്നതിന്റെ ഉദ്ദേശ്യം ആ ശക്തി സംജാതമാക്കുകയാണ്. ഇത് ദൈവാനുഗ്രഹം ഒന്നുകൊണ്ടു മാത്രമെ ലഭ്യമാകുകയുള്ളു. അതുകൊണ്ടു എന്റെ അഭിപ്രായത്തിൽ മനുഷ്യൻ അല്ലാഹുവിനോട് ഇപ്രകാരം പ്രാർത്ഥിച്ച് സഹായം തേടേണ്ടതാണ്. “അല്ലാഹുവേ! ഇത് നിന്റെ അനുഗ്രഹീതമാസമാണ്. എന്നാൽ ഞാൻ ആ അനുഗ്രഹത്തെ ഉൾക്കൊള്ളാൻ സാധിക്കാതെ നഷ്ടപ്രാപ്തനായിരിക്കുകയാണ്. അടുത്ത വർഷ വും ഞാൻ ജീവനോടെ ജീവിച്ചിരിപ്പുണ്ടാകുമോ? ഈ ഒഴിഞ്ഞുപോയ നോമ്പുകൾ എനിക്കു നോറ്റുവീട്ടുവാൻ സാധിക്കുമോ എന്നെനിക്കെന്തറിയാം?”

ഇങ്ങനെ അല്ലാഹുവിനോടു തൌഫീഖ് ആവശ്യപ്പെടുകയാണെങ്കിൽ അങ്ങനെയുള്ള ഹൃദയങ്ങൾക്കു അല്ലാഹു തീർച്ചയായും തൌഫീഖ് നൽകും എന്നു എനിക്കുറച്ച വിശ്വാസമുണ്ട്.... ഈ അവസ്ഥയിൽ അയാൾ റമദാനിൽ രോഗഗ്രസ്തനായിത്തീരുകയാണെങ്കിൽ, ഈ രോഗം അയാൾക്കു അല്ലാഹുവിന്റെ കാരുണ്യത്തിന്നുള്ള നിമിത്തമായിത്തീരുന്നതാണ്. കാരണം ഓരോ കർമ്മത്തിന്റെയും നിദാനം ഉദ്ദേശ്യത്തിലാണുള്ളത്. ഒരു വിശ്വാസി, തന്നെ ദൈവവഴിയിൽ ധൈര്യശാലിയാണെന്ന് സ്ഥാപിക്കേണ്ടതാണ്. നോമ്പനുഷ്ഠിക്കാൻ സാധിക്കാത്ത ആളുടെ ഹൃദയത്തിൽ ഞാൻ ആരോഗ്യമുള്ളവനായിരുന്നെങ്കിൽ നോമ്പെടുക്കുമായിരുന്നു എന്ന ഉള്ളുരുക്കത്തോടുകൂടിയിരിക്കുകയാണെങ്കിൽ അവർക്കു വേണ്ടി മലക്കുകൾ വ്രതമനുഷ്ഠിക്കുന്നതാണ്. അവർ ഒഴികഴിവു പറയാത്തവരാണെങ്കിൽ അല്ലാഹു അവരുടെ പ്രതിഫലം നഷ്ടപ്പെടുത്താതെ അവർക്ക് നൽകുന്നതാണ്. വളരെ സൂക്ഷ്മവും ലോലവും ആയ കാര്യമാണിത്. ഒരാൾക്കു അയാളുടെ മനസ്സിന്റെ ആലസ്യം കാരണം നോമ്പു ഭാരമായിത്തോന്നുകയും താൻ നോമ്പനുഷ്ഠിക്കുകയാണെങ്കിൽ - ഒരു നേരത്തെ ഭക്ഷണം ഉപേക്ഷിക്കുകയാണെങ്കിൽ - ഇന്നയിന്ന രോഗങ്ങൾ പിടിപെടുന്നതാണെന്നു ശങ്കിക്കുകയും അങ്ങനെ നോമ്പ് ഉപേക്ഷിക്കുകയും ചെയ്യുകയാണെങ്കിൽ അയാൾ അല്ലാഹുവിന്റെ അനുഗ്രഹത്തെ സ്വന്തം കരങ്ങൾ കൊണ്ടു തട്ടിമാറ്റുകയാണു ചെയ്യുന്നത്. അയാൾക്ക് അല്ലാഹുവിൽ നിന്ന് എങ്ങനെയാണ് പ്രതിഫലത്തിന്നർഹനായിത്തീരുവാൻ സാധിക്കുക. എന്നാൽ ഏതൊരാളുടെ ഹൃദയം റമദാൻ മാസത്തിന്റെ ആഗമനത്താൽ ആനന്ദം അനുഭവിക്കുകയും റമദാൻ വരികയും നോമ്പനുഷ്ഠിക്കുകയും ചെയ്യുന്നതിന്നായി പ്രതീക്ഷിച്ചിരിക്കുകയും എന്നാൽ തക്കസമയത്ത് രോഗം വന്ന് നോമ്പെടുക്കാൻ സാധിക്കാത്ത നിർബ്ബന്ധിതാവസ്ഥ വരുകയുമാണെങ്കിൽ ഉപരിലോകത്ത് അയാൾ നോമ്പനുഷ്ഠിച്ചവരുടെ കൂട്ടത്തിൽപെടുന്നതാണ്. അല്ലാഹു മനുഷ്യഹൃദയത്തിൽ കുടികൊള്ളുന്ന സത്യതയേയും ആത്മാർത്ഥമായ ഉദ്ദേശ്യത്തെയും ആണ് വീക്ഷിക്കുന്നത്. അവന്റെ ഹൃദയത്തിൽ വേദന വിങ്ങിപ്പൊട്ടുന്നുവെന്ന് അല്ലാഹുവിന്നറിയാം. അങ്ങനെയുള്ള ആൾക്കു അല്ലാഹു അധികമായ പ്രതിഫലവും പുണ്യവും നൽകുന്നതാണ്. കാരണം ഹൃദയവേദനയും ഉള്ളുരുക്കവും വിലമതിക്കാത്ത ഒന്നാണ്. എന്നാൽ ഒഴികഴിവു മനസ്ഥിതിയുള്ള ആൾ പല വ്യാഖ്യാനങ്ങളിലും അഭയം തേടുന്നു. അല്ലാഹുവിന്റെ പക്കൽ ഈ അഭയം ഒന്നുമല്ല. അതിന്നൊരു യാഥാർത്ഥ്യവും ഇല്ല തന്നെ. ഞാൻ ആറു മാസം തുടർച്ചയായി നോമ്പനുഷ്ഠിച്ചപ്പോൾ ഒരിക്കൽ നബിമാരുടെ ഒരു കൂട്ടം ആത്മദർശനത്തിൽ വന്ന് എന്നോടു നിങ്ങളെന്തിനാണ് നിങ്ങളുടെ ആത്മാവിന്നു ഇത്രയധികം വിഷമം കൊടുക്കുന്നത്. ഇതിൽ നിന്നും പുറത്തു കടക്കുക എന്നു പറഞ്ഞു. ഇതേ പ്രകാരം ഒരു മനുഷ്യൻ അല്ലാഹുവിന്നുവേണ്ടി സ്വയം കഷ്ടത്തിലും പ്രയാസത്തിലും പെടുത്തുകയാണെങ്കിൽ അവൻ സ്നേഹമുള്ള മാതാപിതാക്കളെപ്പോലെ അയാളോടു കരുണ കാണിച്ചുകൊണ്ട് നീ എന്തിനിങ്ങനെ കഷ്ടപ്പെടുന്നു എന്നു പറയുന്നു. എന്നാൽ ഇത്തരം പ്രയാസങ്ങളിൽ നിന്നും ഒഴികഴിവു പറഞ്ഞു രക്ഷപ്പെടുവാൻ ശ്രമിക്കുന്നവരെ അല്ലാഹു മറ്റുവിധത്തിലുള്ള പ്രയാസങ്ങളിൽപെടുത്തുന്നതാണ്. അവയിൽ നിന്നു പുറത്തുവരാൻ അയാൾക്കു സാധിക്കുന്നതല്ല. എന്നാൽ സ്വയം പ്രയാസങ്ങളിൽ പെടുന്നവരെ അല്ലാഹു തന്നെ സംരക്ഷിക്കുന്നതാണ്. അതുകൊണ്ടു തന്റെ നഫ്സിനോടു അനുകമ്പ കാണിക്കാതെ അല്ലാഹുവിന്റെ അനുകമ്പക്ക്

പാത്രമാകാൻ ശ്രമിക്കുക. കാരണം തന്റെ നഫ്സിനോടു അനുകമ്പ കാണിക്കുന്നത് അതിന്നു നരകമായിരിക്കും. അല്ലാഹുവിൽ നിന്നുള്ള അനുകമ്പ സ്വർഗ്ഗവും. ഹദ്റത്ത് ഇബ്രാഹിം (അ)ന്റെ സംഭവം തന്നെ നോക്കുക. അഗ്നിയിൽ സ്വയം പ്രവേശിക്കുവാൻ തയ്യാറാകുന്നവരെ അല്ലാഹു അഗ്നിയിൽ നിന്ന് രക്ഷപ്പെടുത്തുന്നു. അഗ്നിയിൽ നിന്നും സ്വയം രക്ഷപ്പെടാൻ ആഗ്രഹിക്കുന്നവർ അഗ്നിയിൽ ഇടപ്പെടുന്നതാണ്. ഇതിന്നാണു ഇസ്‌ലാം എന്നു പറയപ്പെടുന്നത്. അല്ലാഹുവിന്റെ വഴിയിൽ എന്ത് തന്നെ വന്നുഭവിക്കുകയാണെങ്കിലും അതിനെ നിഷേധിക്കരുത്. ഹദ്റത്ത് റസൂൽ കരിം (സ) തിരുമേനി തന്റെ സ്വയം സംരക്ഷക്കായി പാടുപെട്ടിരുന്നുവെങ്കിൽ, അതിനെക്കുറിച്ച് ചിന്തിച്ചു കൊണ്ടിരുന്നുവെങ്കിൽ "അല്ലാഹു നിന്നെ ജനങ്ങളിൽ നിന്നും സംരക്ഷിക്കുന്നതാണെന്ന'(5:68) തിരുവചനം ഇറങ്ങുമായിരുന്നില്ല. അല്ലാഹുവിന്റെ സംരക്ഷണ രഹസ്യം ഇതിലാണടങ്ങിയിരിക്കുന്നത് (മൽഫൂസാത്ത് വാള്യം 4. പേജ് 256, 260).

ഹദ്റത്ത് മസീഹ് മഊദ് (അ) അരുൾ ചെയ്യുന്നു. കുറഞ്ഞ ഭക്ഷണവും വിശപ്പു സഹനവും ഹൃദയപരിശുദ്ധിക്ക് വളരെ ആവശ്യമാണ്. ഇതിനാൽ ദിവ്യദർശനശക്തി വർദ്ധിക്കുന്നു. മനുഷ്യൻ വെറും ആഹാരം കൊണ്ടുമാത്രം ജീവിക്കുന്നില്ല. ശാശ്വതവും നിരന്തരവും ആയ ജീവിതത്തെക്കുറിച്ചുള്ള ചിന്ത തീരെ ഉപേക്ഷിക്കുന്നത് തങ്ങളുടെ മേൽ ദൈവശാപം ഇറങ്ങുന്നതിന്നുള്ള നിമിത്തമായിത്തീരുന്നതാണ്. എന്നാൽ വ്രതാനുഷ്ഠാനം കൊണ്ട് വെറും വിശ ന്നിരിക്കുകയാണുദ്ദേശമെന്ന് നോമ്പനുഷ്ഠിക്കുന്ന ആൾ കരുതരുത്. മറിച്ച് ദൈവസ്മരണ (ദിക്റെ ഇലാഹി)യിൽ മുഴുകിയിരിക്കേണ്ടതാണ്. ഹദ്റത്ത് നബികരിം (സ) പരിശുദ്ധ റമദാനിൽ ഒരുപാട് ദൈവാരാധനകൾ ചെയ്യാറുണ്ടായിരുന്നു. ഈ ദിവസങ്ങളിൽ ഭക്ഷണപാനീയങ്ങളിൽ നിന്ന് ശ്രദ്ധ തിരിച്ചുകൊണ്ട് അല്ലാഹുവിങ്കലേക്കുള്ള സമർപ്പണത്തിൽ ലയിച്ചിരിക്കേണ്ടതാണ്. ഭൗതികമായ ആഹാ രം ലഭിച്ച മനുഷ്യൻ ആത്മീയാഹാരത്തെക്കുറിച്ച് അശ്രദ്ധ കാണിക്കുന്നത് ദൗർഭാഗ്യമാണ്. ഭൗതികാഹാരം കൊണ്ടു ശരീരത്തിന്ന് ശക്തി ലഭിക്കുന്നതുപോലെ ആത്മീയാഹാരം ആത്മാവിന്നു ശക്തി പകർന്നു കൊടുക്കുന്നു. അതിന്റെ ഫലമായി ആത്മീയശക്തി തീവ്രത പ്രാപിക്കുന്നു. അത് കൊണ്ടു അല്ലാഹുവിങ്കൽ നിന്നും വിജയം കരസ്ഥമാക്കാൻ ശ്രമിക്കുക. എല്ലാ കവാടങ്ങളും അവന്റെ തൌഫീഖ് ഉണ്ടെങ്കിൽ മാത്രമെ തുറക്കപ്പെടുകയുള്ളൂ. (ബദർ 18-1-1907)

യാത്രയിൽ വ്രതാനുഷ്ഠാനത്തെക്കുറിച്ചുള്ള കല്പനയെന്താണെന്ന് ഹദ്റത്ത് വാഗ്ദത്ത മസീഹി(അ)നോട് ചോദിക്കപ്പെട്ടപ്പോൾ ഇപ്രകാരം അരുൾ ചെയ്തു: 'വിശുദ്ധ ഖുർആനിൽ നിന്നും മനസ്സിലാകുന്നത് രോഗിയും യാത്രികനും ഇതര ദിവസങ്ങളിൽ നോമ്പിന്റെ എണ്ണം പൂർത്തിയാക്കട്ടെ എന്നാണ്. (യാത്രയിലും രോഗിയായ സ്ഥിതിയിലും) നോമ്പെടുക്കാൻ സാധിക്കുന്നവർ നോമ്പെടുക്കട്ടെ എന്നോ സാധിക്കാത്തവർ നോമ്പെടുക്കാതിരിക്കാതിരിക്കട്ടെ എന്നോ അല്ലാഹു ഇവിടെ പറയുന്നില്ല. എന്റെ അഭിപ്രായത്തിൽ യാത്രികന്നു നോമ്പനുഷ്ഠിക്കേണ്ടുന്ന ആവശ്യമില്ലെന്നാണ്?

മറ്റൊരവസരത്തിൽ ഹ: മസീഹ് മൗഊദ് (അ) ഇപ്രകാരം അരുൾ ചെയ്തു. "യാത്രയിൽ വളരെ പ്രയാസപ്പെട്ടു നോമ്പനുഷ്ഠിക്കുന്നയാൾ തന്റെ ബലം കാണിച്ചു അല്ലാഹുവിനെ തൃപ്തിപ്പെടുത്താൻ നോക്കുകയാണ്. തന്റെ അനുസരണഭാവം കൊണ്ട് അവനെ തൃപ്തിപ്പെടുത്താനല്ല ആഗ്രഹിക്കുന്നത്. ഇതു തെറ്റാണ്. അല്ലാഹുവിന്റെ വിധിവിലക്കുകളെ അനുസരിക്കുന്നതിലാണ് യഥാർത്ഥ ഈമാൻ നിലകൊള്ളുന്നത്. (മൽഫൂസാത്ത് 1:293).

നോമ്പിന്റെ കല്പനകളെയും വിധിവിലക്കുകളെയും പറ്റി 'ഹക്കമൻഅദലൻ' (ന്യായസ്ഥനായ വിധികർത്താവ്) ആയി അവതീർണ്ണരായ ഹദ്റത്ത് വാഗ്ദത്ത മഹ്ദിമസീഹ് (അ) ചെയ്ത ചില 'ഫത്വ'കൾ ചുവടെ ചേർക്കുന്നു.

''വിശുദ്ധ ഖുർആൻ അനുവദിച്ചുതന്ന ഇളവുകളെ പ്രയോജനപ്പെടുത്തേണ്ടത് 'തഖ്വ'യിൽ പെട്ടകാര്യമാണ്. അല്ലാഹു യാത്രക്കാർക്കും രോഗികൾക്കും വേറെ ദിവസങ്ങളിൽ നോമ്പനുഷ്ഠിക്കാനുള്ള അനുവാദവും അവധിയും തന്നിരിക്കുന്നതിനെ പ്രയോജനപ്പെടുത്തേണ്ടതാണ്. യാത്രയിലോ രോഗാവസ്ഥയിലോ നോമ്പനുഷ്ഠിക്കുക പാപകർമ്മമായിരിക്കുമെന്ന് പല മഹാത്മാക്കളും പറഞ്ഞിരുന്നതായിട്ടെനിക്ക് വായിക്കുവാൻ സാധിച്ചിരിക്കുന്നു. കാരണം വ്രതാനുഷ്ഠാനത്തിന്റെ ഉദ്ദേശ്യം തന്നെ അല്ലാഹുവിന്റെ പ്രീതിയും തൃപ്തിയും ലഭിക്കുക എന്നതാണ്. ദൈവത്തിന്റെ പ്രീതിയും തൃപ്തിയും ലഭിക്കുവാനുള്ള മാർഗ്ഗം സ്വന്തം ഇഷ്ടമനുസരിച്ച് അവന്റെ കല്പനകൾക്ക് വിശദീകരണവും വ്യാഖ്യാനവും കൊടുക്കുന്നത് ശരിയല്ല. (മൽഫൂസാത്ത് വാല്യം'പേജ് 72, 73)

***(ശേഷം 21-ൽ)***

ലേഖനം

ഡോ. എസ്.എം.

# വാഗ്ദത്ത മസീഹി(അ)ന്റെ രൂപലാവണ്യം

## വാഗ്ദത്ത മസീഹ് ഹദ്റത്ത് അഹ്മദ് (അ)ന്റെ ബാഹ്യരൂപവും ശരീരവർണ്ണനയുമാണ് ലേഖകൻ വിവരിക്കുന്നത്

പുരുഷ സൗന്ദര്യത്തിന്റെ ഉത്തമോദാഹരണമായിരുന്നു വാഗ്ദത്ത മസീഹ് (അ). ബാഹ്യ സൗന്ദര്യത്തോടൊപ്പം അദ്ദേഹത്തിന്റെ മുഖാരവിന്ദത്തിൽ സ്ഫുരിച്ചിരുന്ന ആത്മീയപ്രകാശം ആരാലും ശ്രദ്ധിക്കപ്പെടുമായിരുന്നു. അദ്ദേഹത്തിന്റെ അനുഗൃഹീതമായ ആകാര സൗഷ്ടവവും ദൈവികമായ വരദാനം തന്നെയായിരുന്നു. അത് അദ്ദേഹത്തോടിടപഴകുന്നവർക്ക് അദ്ദേഹത്തോട് ആകർഷണം തോന്നുന്നതിന് കാരണമായിത്തീർന്നു. അദ്ദേഹത്തിന്റെ തിരുമുഖം സദാ പ്രസന്നവും വിനയാന്വിതവുമായിരുന്നു. ഒരിക്കലുംതന്നെ വിദ്വേഷത്തിന്റെയോ ഭയത്തിന്റെയോ അഹങ്കാരത്തിന്റെയോ ലാഞ്ചനപോലും അവിടെ ദൃശ്യമായിരുന്നില്ല.

ഒരിക്കൽ ചോലാ സാഹിബ് കാണാൻ വേണ്ടി വാഗ്ദത്ത മസീഹും ശിഷ്യന്മാരും ദേരാ ബാബാ നാനാക്ക് സന്ദർശിക്കുകയുണ്ടായി. അവർ ഒരു മരത്തണലിൽ പായ വിരിച്ച് അതിലിരുന്ന് വിശ്രമിക്കുകയായിരുന്നു. വാഗ്ദത്ത മസീഹ് വന്നിട്ടുണ്ടെന്നറിഞ്ഞ തദ്ദേശവാസികൾ അവരുടെ ചുറ്റും കൂടുകയും വാഗ്ദത്ത മസീഹാണെന്ന ധാരണയിൽ സയ്യിദ് മുഹമ്മദ് അഹ്സൻ സാഹിബിന്റെ കൈപിടിച്ച് അഭിവാദ്യം ചെയ്യാൻ തുടങ്ങുകയും ചെയ്തു. മൗലവി സാഹിബ് വാഗ്ദത്ത മസീഹിനെ ചൂണ്ടിക്കാണിച്ച് കാര്യം വ്യക്തമാക്കിക്കൊടുത്തപ്പോഴാണ് അവർക്ക് മനസ്സിലായത്. അത്ര ലളിതവും വിനീതവുമായിരുന്നു അദ്ദേഹത്തിന്റെ ഭാവവും വസ്ത്രധാരണവും.

### ശരീരം, ഉയരം

വാഗ്ദത്ത മസീഹ് (അ) അമിതവണ്ണമുള്ളയാളോ തീരെ മെലിഞ്ഞ വ്യക്തിയോ ആയിരുന്നില്ല. ഒത്ത ശരീരവും ശരാശരി ഉയരവുമായിരുന്നു. അദ്ദേഹത്തിന്റെ കൃത്യമായ ഉയരം രേഖപ്പെടുത്തപ്പെട്ടിട്ടില്ലെങ്കിലും അഞ്ചടി എട്ടിഞ്ച് ഉയരമുണ്ടായിരുന്നു എന്ന് കരുതപ്പെടുന്നു. വിശാലമായ കപോലങ്ങളും വിരിഞ്ഞ നെഞ്ചും അദ്ദേഹത്തിന്റെ ജീവിതത്തിലുടനീളം അദ്ദേഹത്തിന് ആരോഗ്യം പകർന്നു. സന്തുലിതാവസ്ഥയിലുള്ളതായിരുന്നു അദ്ദേഹത്തിന്റെ ശരീരം. അധികം വയറുണ്ടായിരുന്നില്ല. രണ്ടുകാലുകളും സമവലിപ്പമായിരുന്നു. ചുരുക്കത്തിൽ, ഏതെങ്കിലും വിധത്തിലുള്ള ന്യൂനതകളിൽ നിന്ന് തീർത്തും മുക്തമായിരുന്നു അദ്ദേഹത്തിന്റെ ശരീരം. തൊലി കൂടുതൽ മൃദുവോ പരുപരുത്തതോ ആയിരുന്നില്ല. അവസാന നാളുകൾ വരെ ആ മുഖത്ത് ഒരുവിധ ചുളിവുകളോ വരകളോ പ്രത്യക്ഷപ്പെട്ടിരുന്നില്ല. തണുപ്പ് കാലങ്ങളിൽ കാലിന്റെ മടമ്പിൽ വിള്ളലുകൾ ഉണ്ടാകാറുണ്ടായിരുന്നു. ഗ്രീഷ്മകാലത്തും ശൈത്യകാലത്തും ചൂടുവസ്ത്രങ്ങൾ ഉപയോഗിക്കാറുണ്ടായിരുന്നെങ്കിലും ഒരിക്കലും വിയർത്തിരുന്നില്ല.

### കഴുത്ത്

ശരാശരി നീളവും വണ്ണവുമുള്ളതായിരുന്നു അദ്ദേഹത്തിന്റെ കഴുത്ത്, അദ്ദേഹത്തിന്റെ യജമാനന്റെ, മുഹമ്മദ് നബി(സ) തിരുമേനിയുടെ ചര്യകളെ കർശനമായി അദ്ദേഹം പാലിച്ചിരുന്നു. അതിന്റെ പ്രതിഫലനം അദ്ദേഹത്തിന്റെ

ബാഹ്യരൂപത്തിലും കാണാമായിരുന്നു.

## ആരോഗ്യ പരിപാലനം

മുടിവെട്ടൽ, മൈലാഞ്ചിയിടൽ, പല്ലു വൃത്തിയാക്കൽ, മുടിയിൽ എണ്ണയിടൽ, സുഗന്ധദ്രവ്യങ്ങൾ ഉപയോഗിക്കൽ, മുടി ചീകിയൊതുക്കൽ എന്നീ കാര്യങ്ങളിൽ, വളരെ ചിട്ട പാലിച്ചിരുന്നു. അവയെല്ലാം നബി(സ) തിരുമേനിയുടെ ചര്യയനുസരിച്ച് മാത്രം ചെയ്യുന്ന കാര്യത്തിൽ അതീവ ശ്രദ്ധാലുവായിരുന്നു അദ്ദേഹം.

## പ്രകൃതവും മുഖഭാവവും

വെളുത്ത ശരീരപ്രകൃതമായിരുന്നു അദ്ദേഹത്തിന്റേത്. മുഖത്ത് ഭക്തിയുടെ കിരണങ്ങൾ സദാ ദൃശ്യമായിരുന്നു. ദുഃഖാവസരത്തി ലും സന്തോഷാവസ്ഥയിലും അതിന് മാറ്റമുണ്ടായിരുന്നില്ല. ചില സന്ദർഭങ്ങളിൽ മുഖം സുവർണ്ണനിറത്തിൽ ശോഭിക്കുമായിരുന്നു.

പുഞ്ചിരിയും നിഷ്കളങ്കതയും ആ മുഖത്തിന്റെ സ്ഥായിയായ ഭാവങ്ങളായിരുന്നു. മാനസികാവസ്ഥ എന്തു തന്നെയായിരുന്നാലും മുഖം എപ്പോഴും പ്രസന്നമായിരിക്കുന്നതിനെക്കുറിച്ച് ആളുകൾ അത്ഭുതം പ്രകടിപ്പിക്കുമായിരുന്നു. ഇത്തരം ഭാവം ഒരിക്കലും ഒരു വ്യാജ വ്യക്തിക്ക് പ്രകടിപ്പിക്കാൻ സാധ്യമല്ല. സത്യത്തിന്റെ പ്രകാശം ദുർവൃത്തന്റെ മുഖത്ത് ദൃശ്യമാവില്ല തന്നെ.

ബാഹ്യരൂപത്തിലൂടെ ആത്മീയ സൗന്ദര്യം പ്രകടമായ രണ്ട് സംഭവങ്ങൾ ഇവിടെ വിവരിക്കുന്നത് ഉചിതമായിരിക്കുമെന്നു കരുതുന്നു.

1. പാതിരി ആഥമിനെ സംബന്ധിച്ച പ്രവചനവുമായി ബന്ധപ്പെട്ടതാണ്. പ്രവചനത്തിന്റെ കാലാവധി തീരാറായപ്പോൾ പല അഹ് മദികളുടെയും മുഖം വിളറിയും വിഷണ്ണമായും കാണപ്പെട്ടു. പലരും അറിവില്ലാതെ ആഥമിന്റെ മരണത്തെക്കുറിച്ച് എതിരാളികളോട് വെല്ലുവിളികൾ ഉയർത്തിയിരുന്നു. ഇച്ഛാഭംഗവും നിരാശയും ദൃശ്യമായി. മുഴുവൻ പേരും നാണക്കേടിലാക്കരുതേ എന്ന് അല്ലാഹുവിനോട് കരഞ്ഞ് ദുആ ചെയ്യുകയായിരുന്നു. പക്ഷേ ദൈവകൽപിതനും ധൈര്യശാലിയുമായിരുന്ന ആ വ്യക്തി പരിപൂർണ്ണമായ ആത്മവിശ്വാസത്തോടെ വീടിനു പുറത്ത് വന്നു. തന്റെ അനുചരവൃന്ദത്തോട് പള്ളിയിൽ ഒരുമിച്ചു കൂടാൻ പറഞ്ഞു. പള്ളിയിൽ സന്നിഹിതരായവർ മുഴുവൻ അങ്ങേയറ്റം പരിഭ്രാന്തരായിരുന്നു. എന്നാൽ ഹുസൂർ തിരുമനസ്സ് പ്രവചനം പുലർന്നിരിക്കുവെന്നും അല്ലാഹു സത്യാവസ്ഥ അദ്ദേഹത്തിന് അറിയിച്ചുകൊടുത്തിരിക്കുന്നുവെന്നും അവരെ അറിയിച്ചു.

ആ പ്രഖ്യാപനം നടത്തിയപ്പോഴുള്ള അദ്ദേഹത്തിന്റെ മുഖഭാവം കണ്ട ശ്രോതാക്കൾ അത് പൂർണമായും അംഗീകരിച്ചു. അത് പൂർണ്ണമായും വാസ്തവമാണെന്ന് അവർക്ക് ബോധ്യമായി. അവിടെ കൂടിയവർ ദുഃഖിതരായിരുന്നുവെങ്കിലും ഹുസൂർ തിരുമനസ്സ് അൽപം പോലും അസ്വസ്ഥനാകാതെ സുസ്മേരവദനനായി സംസാരിച്ചുകൊണ്ടിരുന്നു. അല്ലാഹു ആഥമിന്റെ മുഴുവൻ കാര്യങ്ങളും വാഗ്ദത്ത മസീഹിന്റെ കൈയിൽ ഏൽപ്പിച്ചിരിക്കുന്നതായി അവർക്ക് തോന്നി. അജയ്യനായ പോരാളി കീഴ്പ്പെടുത്തപ്പെട്ട തന്റെ എതിരാളിക്ക് കാരുണ്യത്തിന്റേയും ദയയുടെയും പേരിൽ മാപ്പു കൊടുക്കുന്നതുപോലെ ആഥമിന്റെ നിസ്സഹായവസ്ഥയും എളിമയും കണ്ട് ഹുസൂർ അദ്ദേഹത്തിന് മാപ്പ് നൽകിയതായി അവർക്ക് അനുഭവപ്പെട്ടു.

2. ലേഖ്റാമിനെക്കുറിച്ചുള്ള പ്രവചനം പുലർന്ന സന്ദർഭം. എതിരാളികൾ മുഴുവൻ ആ കുറ്റം ഹദ്റത്ത് അഹ്മദി(അ)ന്റെ മേൽ ആരോപിക്കുകയുണ്ടായി. അവർ അദ്ദേഹത്തിനെതിരായി പോലീസിൽ ഒരു പെറ്റീഷൻ എഴുതിക്കൊടുത്തു. തുടർന്ന് പോലീസ് സൂപ്രണ്ടിന്റെ നേതൃത്വത്തിൽ വീട്ടിൽ വിശദമായ റെയ്ഡ് നടന്നു. അങ്ങനെ അദ്ദേഹത്തിന്റെ നിരപരാധിത്വം ലോകർക്ക് വ്യക്തമായി. അദ്ദേഹത്തിന്റെ മുഖത്ത് അപ്പോഴും സദാ കാണപ്പെടാറുള്ള പുഞ്ചിരിയും സ്വർഗ്ഗീയ സൗന്ദര്യവും ദൃശ്യമായിരുന്നു. സംശയം തോന്നിയതിനാൽ ചില കത്തുകൾ കണ്ടുകെട്ടുകയുണ്ടായി. പക്ഷേ അപ്പോഴൊന്നും തന്നെ ഭയത്തിന്റെ നേരിയ ലാഞ്ചന പോലും മുഖത്ത് പ്രകടമായിരുന്നില്ല. എപ്പോഴും കാണപ്പെടാറുള്ള പുഞ്ചിരിയും നിഷ്കളങ്കതയും തന്നെയായിരുന്നു ആ മുഖത്ത് അപ്പോഴും.

വീടിനു പുറത്ത് കാത്തു നിൽക്കുന്നവരുടെ മുഖത്ത് വിവിധ ഭാവങ്ങൾ മിന്നി മറയുന്നുണ്ടായിരുന്നു. പോലീസുദ്യോഗസ്ഥരുടെ വരവും പോക്കും കണ്ട അവർ പരിഭ്രാന്തചിത്തരായിരുന്നു. അകത്ത് എന്താണ് സംഭവിക്കുന്നതെന്നറിയാത്തതിലും ഹുസൂർ തിരുമനസ്സിന്റെ അവസ്ഥയെന്താണെന്നറിയാനുള്ള ഉത്കണ്ഠയും കാരണം അവർ തികച്ചും വിവശരായിരുന്നു. പക്ഷേ അദ്ദേഹത്തിന്റെ മുഖത്ത് കാണപ്പെട്ട പുഞ്ചിരി ദർശിക്കുന്ന ആർക്കും തന്നെ പ്രവചനത്തിന്റെ പുലർച്ചയെക്കുറിച്ചും അദ്ദേഹത്തിന്റെ നിരപരാധിത്വത്തെ കുറിച്ചും ബോധ്യം

വരും.

അദ്ദേഹത്തിന്റെ ചുണ്ടുകൾ കൂടുതൽ തടിച്ചതോ അധികം നേർത്തതോ ആയിരുന്നില്ല. മിക്കവാറും ചുണ്ടുകൾ പൂട്ടിവെച്ച അവസ്ഥയിലാണ് കാണപ്പെട്ടിരുന്നത്.

വാർദ്ധക്യാവസ്ഥയിൽ അദ്ദേഹത്തിന്റെ ചില പല്ലുകൾക്ക് ക്ഷയം സംഭവിച്ചിട്ടുണ്ടായിരുന്നു. ചിലപ്പോൾ കഠിനമായ വേദനയും അതുമൂലം അനുഭവിക്കേണ്ടി വന്നിട്ടുണ്ട്. അത് നാവിനെ ബാധിക്കുമെന്നായപ്പോൾ ട്രിം ചെയ്തിട്ടുണ്ടായിരുന്നു. പക്ഷേ ഒരു പല്ലു പോലും എടുത്തു മാറ്റേണ്ടി വന്നിട്ടില്ല. എപ്പോഴും മിസ് വാക്ക് ഉപയോഗിച്ചാണ് പല്ല് വൃത്തിയാക്കാറുണ്ടായിരുന്നത്.

അദ്ദേഹത്തിന്റെ നാസിക മനോഹരമായിരുന്നു. നീണ്ടതും വളവില്ലാത്തതും നയനാനന്ദകരവുമായിരുന്നു അത്. ചെവികൾക്ക് ഒത്ത വലിപ്പമായിരുന്നു. മുകളറ്റം വീതി കൂടിയും താഴെ വരെ കുറഞ്ഞുമിരുന്നു. കേൾവിക്ക് അൽപം പോലും കുറവ് സംഭവിച്ചിരുന്നില്ല. കവിളുകൾ സുന്ദരവും സമതുലിതവുമായിരുന്നു.

### തല, നെറ്റിത്തടം

വീതിയുള്ള നെറ്റിത്തടമായിരുന്നു. പരന്നതും വിശാലവുമായിരുന്നു അത്. ഉന്നതമായ പക്വതയുടെ പ്രതിഫലനം അവിടെ ദൃശ്യമായിരുന്നു. ശിരസ് വലുതും ഭംഗിയുള്ളതുമായിരുന്നു. ധിഷണാവിലാസം പ്രതിഫലിക്കുമാറ് അദ്ദേഹത്തിന്റെ ചെന്നികൾ വീതിയേറിയതായിരുന്നു.

### മുടി

തലമുടി മൃതുവായിരുന്നു. നേർത്തതും തിളക്കമാർന്നതും മൈലാഞ്ചിയിട്ട് നിറം പിടിപ്പിച്ചതുമായിരുന്നു. അത് കഴുത്തുവരെ നീണ്ടുകിടന്നിരുന്നു. ഒരിക്കൽ പോലും തലമുണ്ഡനം ചെയ്യുകയുണ്ടായിട്ടില്ല. എണ്ണയോ മൈലാഞ്ചിയോ തലയിൽ പുരട്ടാറുണ്ടായിരുന്നു.

### താടി

ഇടതൂർന്നതും കനത്തതുമായിരുന്നു അദ്ദേഹത്തിന്റെ താടി. പലപ്പോഴും അതിൽ മൈലാഞ്ചി ഇടാറുണ്ടായിരുന്നു. സ്ഥിരമായി എണ്ണ തേച്ച് മിനുക്കാറുണ്ടായിരുന്നു. മുഖത്തിന്റെ രണ്ടുഭാഗവും കീഴ്ഭാഗവും താടിയാൽ മറഞ്ഞിരുന്നു. കാണാൻ മനോഹരമായിരുന്നു അത്.

### മൈലാഞ്ചിയിടൽ

മദ്ധ്യവയസ്കനായിരിക്കെ അദ്ദേഹം മൈലാഞ്ചിയും ഡൈയും ഉപയോഗിച്ചിരുന്നു. പക്ഷേ പിൽക്കാലത്ത് അനാരോഗ്യം കാരണം താടിയിലും മുടിയിലും മൈലാഞ്ചി മാത്രമെ ഉപയോഗിക്കാറുണ്ടായിരുന്നു. ഇംഗ്ലീഷ് ഹെയർ ഡൈ കുറച്ചുകാലം ഉപയോഗിച്ചിരുന്നു. പിന്നീട് മീർ ഹാമിദ് ഷാ സാഹിബ് ഒരു തരം കൃത്രിമ ഡൈ അദ്ദേഹത്തിന് സമ്മാനിക്കുകയുണ്ടായി. അത് ഉപയോഗിച്ചതിനുശേഷം താടി കറുത്തുവെങ്കിലും മൈലാഞ്ചി ഇടാനാണ് അദ്ദേഹം ഇഷ്ടപ്പെട്ടത്. വിശേഷിച്ചും വെള്ളിയാഴ്ച ദിവസങ്ങളിൽ. അദ്ദേഹത്തിന്റെ മീശരോമങ്ങളും കട്ടിയുള്ളതും തിളക്കമുള്ളതുമായിരുന്നു. മാറിടത്തിൽ രോമമുണ്ടായിരുന്നെങ്കിലും പുറത്ത് ഉണ്ടായിരുന്നില്ല. കാലിൽ അല്പം രോമം ഉണ്ടായിരുന്നു. അത് നേർത്തതും നീളം കുറഞ്ഞതുമായിരുന്നു. അതുപോലെത്തന്നെ കൈയിലെ രോമങ്ങളും നേർത്തതും നീളം കുറഞ്ഞതുമായിരുന്നു.

വിവിധ മതരേഖകളിൽ പരാമർശിക്കപ്പെട്ടതും പലതരം അടയാളങ്ങളാൽ വേർതിരിച്ചറിയേണ്ടതുമായ വാഗ്ദത്ത മസീഹിന്റെ രൂപലാവണ്യവും ആകാരസൗഷ്ടവവും വളരെ പഠനാർഹവും പ്രധാനവുമാണ്. ●

---

*(18-ൽ നിന്ന് തുടർച്ച)*

തീരെ നോമ്പനുഷ്ഠിക്കാൻ കഴിയാത്ത ഒരാൾ അതിന്നു പകരമായി സാധുക്കൾക്ക് ഭക്ഷണം കൊടുക്കുകയോ അല്ലെങ്കിൽ ആ ഭക്ഷണത്തിന്നുപകരം അതിന്റെ തുക ഖാദിയാനിലേക്ക് അയക്കുകയോ എന്താണ് വേണ്ടത്? എന്നു ചോദിച്ചതിന്ന് തന്റെ നാട്ടിലെ ഒരു ദരിദ്രന്നു ആഹാരം കൊടുക്കുകയോ അല്ലെങ്കിൽ ഖാദിയാനിലേക്ക് അയക്കുകയോ ചെയ്യാമെന്ന് മറുപടി ഉണ്ടായി. നോമ്പനുഷ്ഠിക്കുന്ന ആൾക്ക് കണ്ണാടി നോക്കാൻ പാടുണ്ട്. തലയിൽ എണ്ണ തേക്കാവുന്നതുമാണ്. സുറുമ ഇടുവാനോ കണ്ണിൽ മരുന്നു ഇറ്റിക്കുവാനോ പാടുണ്ടോ എന്നു ചോദിച്ചപ്പോൾ ചോദ്യം ഉത്ഭവിക്കുന്നില്ല. അസുഖമുള്ള ആൾക്ക് നോമ്പ് നോൽക്കുവാൻ കല്പനയില്ല എന്നു ഹുസൂർ (അ) അരുൾ ചെയ്യുകയുണ്ടായി. കണ്ണിൽ സുറുമ ഇടുന്നത് മക്റൂഹ് (ചെയ്താൽ കുറ്റമില്ല ചെയ്യുന്നത് ആശാസ്യമല്ലാത്ത പ്രവൃത്തി) ആണെന്നു പറഞ്ഞു. പകലിൽ സുറുമ ഇടേണ്ട നിർബന്ധമെന്താണ് രാത്രി ഇടാമല്ലോ എന്നും ചൂണ്ടിക്കാട്ടി. നോമ്പനുഷ്ഠിച്ച ആൾ എന്തെങ്കിലും വാസനിപ്പിക്കുന്നത് വിരോധിക്കപ്പെട്ടതല്ല.

(മൽഫൂസാത്ത് വാല്യം 9. ഭാഗം 171, 172)

റമദാൻ മാസത്തിൽ സമയ നിശ്ചയമില്ലാതെ വീട്ടിന്നകത്ത്

*(ശേഷം 40-ൽ)*

ലേഖനം

മുഹമ്മദ് അയ്യൂബ്

# ഖിലാഫത്ത് നിഷേധികളുടെ രംഗപ്രവേശവും പര്യവസാനവും

**ഖലീഫയുടെ സ്ഥാനത്തെ പരിമിതപ്പെടുത്താനും ജമാഅത്തിൽ കുഴപ്പമുണ്ടാക്കാനും ശ്രമിച്ചവരെ അല്ലാഹു പരാജയപ്പെടുത്തുകയാണ് ചെയ്തത്. അഹ്മദിയ്യാ ജമാഅത്തിൽ ഖിലാഫത്തിന്റെ തുടക്കത്തിലുണ്ടായ കാര്യങ്ങളെപ്പറ്റി ലേഖകൻ വിവരിക്കുന്നു.**

ഭൂമിയിൽ തൗഹീദിന്റെ സംസ്ഥാപനത്തിനും പ്രഘോഷണത്തിനുമായി നിയോഗിക്കപ്പെടുന്നവരാണ് പ്രവാചകന്മാർ ദൈവത്തിന്റെ തിരുദൂതന്മാർ ഭൂമിയിൽ തുടങ്ങിവെച്ച ദിവ്യപദ്ധതികളുടെയും പ്രവർത്തനങ്ങളുടെയും പൂർത്തീകരണമാണ് അവരുടെ പിന്തുടർച്ചയിൽ വരുന്ന ഖലീഫമാരുടെ കർത്തവ്യങ്ങൾ. അതിനാൽ അവർക്കെതിരിൽ രംഗത്തുവരുന്ന ഏതു ശക്തികൾക്കും പിന്നിൽ പിശാചിന്റെ ഇടപെടലുകളാണ് പ്രചോദനമായിത്തീരുന്നത്. അഥവാ ഖലീഫയുടെ പ്രഭാവശക്തിയിൽ സുദൃഢവിശ്വാസമില്ലാത്തവർ ഖിലാഫത്ത് വ്യവസ്ഥിതിയെ സർവ്വാത്മനാ അംഗീകരിക്കുന്നതിന് പകരം, സന്ദേഹത്തിന്റെ മഞ്ഞദർപ്പണത്തിലൂടെ കാര്യങ്ങളെ വീക്ഷിക്കുന്നു. ദൈവം സുവാർത്ത നൽകിയ വിജയവാഗ്ദാനങ്ങൾ സഫലമാകുന്നതിന്, അനിവാര്യമായും ചെയ്യേണ്ട കർമ്മങ്ങളെ സംബന്ധിച്ച് ഹസ്റത്ത് മൂസാനബി തന്റെ ജനത്തെ ഉണർത്തിയപ്പോൾ ഒഴികഴിവ് കാണിക്കുകയും അതുപോലെ നിരന്തരം സംശയങ്ങളുന്നയിച്ചുകൊണ്ടിരിക്കുകയും ചെയ്തിരുന്ന ജൂതസ്വഭാവം വിശുദ്ധഖുർആൻ അനാവരണം ചെയ്യുന്നുണ്ട്. അതുമൂലം അവർക്കുണ്ടായ നഷ്ടത്തെക്കുറിച്ച് ജാഗ്രതപ്പെടുത്തിക്കൊണ്ട് വ്യക്തമായ ഗുണപാഠം നൽകുകയാണ് വിശുദ്ധ ഖുർആൻ.

## ഖിലാഫത്തിന് പിന്നിൽ ദിവ്യഹസ്തം

പ്രവാചകന്മാരുടെ ആത്മീയ പ്രാതിനിധ്യത്തിൽ നിയോഗിക്കപ്പെടുന്ന ഖലീഫമാർക്ക് പിന്നിൽ പ്രവർത്തിക്കുന്നത് ദിവ്യഹസ്തമാകുന്നു. തന്നിമിത്തം ഖിലാഫത്തിനോട് നിരുപാധികം കൂറു പുലർത്തിക്കൊണ്ട് അനുസരണബന്ധരായി നിലകൊള്ളുന്നവർ ദിവ്യാനുഗ്രഹങ്ങൾക്ക് പാത്രീഭൂതരായിത്തീരുന്നു. ഹസ്റത്ത് മുഹമ്മദ് മുസ്തഫ(സ)യുടെ വിയോഗത്തെത്തുടർന്ന് അത്യന്തം ഉത്കണ്ഠാജനകവും സങ്കീർണ്ണവുമായ അവസ്ഥ സംജാതമായപ്പോൾ, പ്രഥമദൃഷ്ട്യാ വിഷമം പിടിച്ച ഒരു തീരുമാനം നടപ്പിൽവരുത്തുകയാണ് ഹസ്റത്ത് അബൂബക്കർ(റ) ചെയ്തത്. ഉസാമയുടെ നേതൃത്വത്തിലുള്ള ഒരു സൈന്യത്തെ സിറിയയിലേക്ക് അയക്കുക എന്നത് നബി തിരുമേനി (സ) തന്റെ മരണത്തിനു മുമ്പെയെടുത്ത ഒരു തീരുമാനമായിരുന്നു. എന്നാൽ സാഹചര്യങ്ങളാകെ മാറുകയുണ്ടായി. റസൂലുല്ലായുടെ വേർപാടിന്റെ ആഘാതത്തിൽ ഒട്ടേറെപേർ മതനിരാസത്തിന്റെ മാർഗ്ഗം സ്വീകരിച്ചു. കഠിനമായ ദുഃഖഭാരത്താൽ കഴിയുന്ന ശേഷിക്കുന്ന മുസ്‌ലിംകൾ ഒരു യുദ്ധത്തിനുള്ള മനഃസാന്നിദ്ധ്യം കൈവരിച്ചിട്ടില്ലാത്തവരുമായിരുന്നു. മാത്രമല്ല യുദ്ധനിപുണരായ സഹാബാക്കൾ ഉസാമയുടെ നേതൃത്വത്തിലുള്ള സൈന്യത്തോടൊപ്പം സിറിയയിലേക്ക് പോവുകയാണെങ്കിൽ തക്കം പാർത്തിരിക്കുന്ന ശത്രുക്കൾ മദീനയെ ആക്രമിക്കുമെന്നും മദീനയിലുള്ള സ്ത്രീകളുടെയും കുട്ടികളുടെയും അവസ്ഥ ആപത്ക്കരമാകുമെന്നും സഹാബിവര്യാചാര്യർ പലരും ഹദ്റത്ത്

അബൂബക്കർ (റ)ന്റെ ശ്രദ്ധയിൽ പ്പെടുത്തിയിട്ടും നബി (സ) തിരുമേനി എടുത്ത തീരുമാനം നടപ്പിലാക്കുന്നതിൽ ഇദ്ദേഹം ഒട്ടും അമാന്തം കാണിച്ചില്ല. അദ്ദേഹം പ്രഖ്യാപിച്ചു "നിങ്ങളാരുമില്ലെങ്കിലും അബുബക്കറിന്റെ ശരീരം മദീനയുടെ തെരുവീഥികളിലൂടെ വന്യമൃഗങ്ങൾ കടിച്ച്കീറി വലിച്ചിഴച്ചുക്കൊണ്ടുപോയാലും അല്ലാഹുവിന്റെ പ്രവാചകൻ എടുത്ത തീരുമാനം ഞാൻ നടപ്പിൽ വരുത്തുകതന്നെ ചെയ്യും" പൊതുവെ ശാന്തഭാവക്കാരനായിരുന്ന ഹദ്റത്ത് അബൂബക്കറിന്റെ ഈ പ്രഖ്യാപനം കേട്ടപ്പോൾ അദൃശ്യനായ പരാശക്തിതന്നെയാണ് അദ്ദേഹത്തെ നയിക്കുന്നതെന്ന് അവർക്ക് ബോധ്യമായി. മാത്രമല്ല ഉസാമയുടെ സൈന്യം സിറിയയിൽ പോയി വിജയശ്രീലാളിതരായി തിരിച്ചുവരികയും ചെയ്തു. ദൈവത്തിന്റെ മാലാഖമാർ മദീനയിലെ വാമസമൂഹത്തിനും കുട്ടികൾക്കും കാവലാളന്മാരായി! ചുരുക്കത്തിൽ കേവലം ഖിലാഫത്തിന് പിന്നിൽ അണിചേർന്നു നിൽക്കുമ്പോഴാണ് ദിവ്യസഹായ ദൃശ്യങ്ങൾ കാണുമാറാകുന്നത്.

### ദൈവീക സംവിധാനത്തിന്നെതിരിലെ ദുഃശക്തികൾ

ദൈവത്തിന്റെ ഭൂമിയിലെ പ്രതിനിധികളായ ഖലീഫമാർ ദൈവീക നാമത്തിന്റെ കാവൽ ഭടന്മാരുമായിരുന്നു. മതത്തിൽ കലർപ്പുണ്ടാക്കാനുള്ള ശ്രമങ്ങൾ അവർ പരാജയപ്പെടുത്തുകയും ദീനിന്റെ തനിമ ലോകത്ത് വെളിപ്പെടുത്തിക്കാട്ടുകയും ചെയ്യുന്നു. തന്മൂലം പൈശാചിക ചിന്താഗതികൾക്കടിമപ്പെട്ടുപോയവർ തങ്ങളുടെ അഭിലാഷങ്ങൾ സഫലമാക്കാൻ കഴിയാത്ത ഇച്ഛാഭംഗത്താൽ ദിവ്യ വ്യവസ്ഥിതിക്കെതിരെ തിരിയാൻ തുടങ്ങുന്നു. കേവലം തങ്ങളുടെ ഇംഗിതങ്ങൾക്കനുരോധമായ വിഷയങ്ങളിൽ അനുസരണം പ്രകടിപ്പിക്കുകയും എന്നാൽ ദൈവീക വ്യവസ്ഥിതിക്ക് പൂർണ്ണമായും കീഴ്പ്പെടാതിരിക്കുകയും ചെയ്യുന്നവരാണവർ. പ്രത്യക്ഷത്തിൽ വ്യവസ്ഥിതിക്കുള്ളിൽ നിന്നുകൊണ്ട് കുഴപ്പം സൃഷ്ടിക്കുന്ന ഇത്തരക്കാരുടെ ചെയ്തികളെ സംബന്ധിച്ച് ഇസ്ലാമിക ഖിലാഫത്തിന്റെ ചരിത്രത്തിൽ ഉദാഹരണങ്ങൾകാണാം. ദീർഘകാലം റസൂലുല്ലായുടെ സഹവാസത്തിൽ കഴിയുകയും സേവനങ്ങളർപ്പിക്കുകയും ചെയ്തിരുന്ന ചില പുണ്യസഹബാക്കളെ കുറഞ്ഞ വേതനം നല്കി ഖിലാഫത്തിന് കീഴിലുള്ള കാര്യങ്ങൾ നിർവ്വഹിക്കുന്നതിനുവേണ്ടി ഖലീഫാ തിരുമനസ്സ് ഹസ്റത്ത് ഉസ്മാൻ (റ) ചുമതലപ്പെടുത്തുകയുണ്ടായി. എന്നാൽ ഇസ്ലാം മതമാശ്ളേഷിച്ച നവാഗതർ ഇക്കാര്യത്തിൽ അസൂയപ്പെടുകയും ചെയ്തു. ആത്മീയ സംവിധാനത്തിൻ കീഴിലെ പ്രവർത്തനങ്ങളുടെ ചുക്കാൻ തങ്ങളെ ഏല്പിക്കണമെന്ന അവരുടെ മോഹം ഒരു ദൈവീക ഖലീഫക്ക് പൂർത്തിയാക്കി കൊടുക്കുവാൻ പക്ഷെ നിർവ്വാഹമുണ്ടായിരുന്നില്ല. കാരണം രാഷ്ട്രീയപരമായ രീതിയിൽ ദീനികാര്യങ്ങളിൽ കൈകടത്താനുള്ള ശ്രമങ്ങളെ അദ്ദേഹം തുടക്കത്തിൽ തന്നെ നിഷ്ഫലമാക്കുകയുണ്ടായി. ഇത്തരം സംഗതികളാണ് ആത്മീയ വീക്ഷണഗതിയില്ലാത്ത ഹസ്റത്ത് ഉസ്മാൻ (റ)വിന്റെ ഖിലാഫത്തിനെതിരിൽ തിരിയാൻ നിമിത്തങ്ങളാക്കിയത്. അവർ ഘട്ടംഘട്ടങ്ങളായി ഖിലാഫത്തിന്നെതിരിൽ പദ്ധതികൾ ആസൂത്രണം ചെയ്തുകൊണ്ടിരുന്നു. ഒടുവിൽ ഖലീഫയെ വധിക്കാനുള്ള തന്ത്രങ്ങളാവിഷ്ക്കരിക്കുകയും യാദൃശ്ചികമായി അദ്ദേഹത്തിന്റെ ഭവനം വളയുകയും ചെയ്ത അവർ അദ്ദേഹത്തെ ബന്ദിയാക്കുകയായിരുന്നു. ആ നിർണ്ണായക ഘട്ടത്തിലും കുഴപ്പക്കാരുടെ ദീനിവിരുദ്ധമായ നിബന്ധനകളൊന്നും ഖലീഫ അംഗീകരിച്ചിരുന്നില്ല. ദൈവീക നാമത്തിന്റെ സുസ്ഥാപനമാണ് ഖലീഫയിൽ ഭരമേൽപ്പിക്കപ്പെട്ടിരിക്കുന്ന കർത്തവ്യമെന്നും അതിൽ നിന്നും അണുകിട വ്യതിചലിക്കുകയില്ലെന്നും സങ്കീർണ്ണമായ അന്തിമനിമിഷങ്ങളിലും അദ്ദേഹം സ്ഥാപിച്ചുകാണിക്കുകയാണ് ചെയ്തത് ഖിലാഫത്ത് പദവിയിൽ നിന്നൊഴിയാനുള്ള കല്പന പലപ്രാവശ്യം കുഴപ്പക്കാർ മുന്നോട്ടുവെച്ചപ്പോൾ ഹദ്റത്ത് ഉസ്മാൻ പ്രഖ്യാപിച്ചത് ഇപ്രകാരമായിരുന്നു. ഖലീഫയെ നിശ്ചയിക്കുന്നത് അല്ലാഹുവാണ്. അവൻ അണിയിച്ചിരിക്കുന്ന ഈ ഉടയാട ഞാൻ ഒരിക്കലും അഴിച്ചുവെക്കുന്നതല്ല. എന്റെ ശരീരം അരി ഞ്ഞു വീഴ്ത്തിയാലും അവസാന തുള്ളി ചോര ഊർന്നുപോയാലും ഞാനീ സ്ഥാനം ഉപേക്ഷിക്കുന്നതല്ല. "ഭൗതിക ഭരണാധികാരികളെപ്പോലെ പ്രശ്നങ്ങളുണ്ടാകുമ്പോൾ രാജിവെച്ചൊഴിയേണ്ടി വരുന്ന സംവിധാനമാണ് ഖിലാഫത്തെന്ന ധാരണ സൃഷ്ടിക്കാനും ഖിലാഫത്തിന്റെ സ്ഥാനമഹാത്മ്യങ്ങൾ ഇകഴ്ത്തികാട്ടാനുമുള്ള ശ്രമം ഹദ്റത്ത് ഉസ്മാൻ (റ) ഇല്ലാതാക്കുകയും തന്റെ അവസാന പ്രഖ്യാപനത്തിലും ദൈവീക മതത്തിന്റെ മഹത്വത്തെ അദ്ദേഹം ഉയർത്തികാട്ടുകയും ചെയ്തു. ചുരുക്കത്തിൽ ദൈവത്തിന്റെ മഹത്വ പ്രഘോഷണവും ദീനിന്റെ സുസ്ഥിരതയും ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന ഖലീഫമാർക്കെതിരിൽ രംഗപ്രവേശം ചെയ്യുന്നവർ സ്വാർത്ഥ രും പൈശാചിക പ്രേരണകൾക്ക് വശംവദരുമായ ദുഃശ്ശക്തികളാകുന്നു.

### അഹ്മദിയ്യാ ഖിലാഫത്തിനെതിരിലുള്ള രംഗപ്രവേശവും പര്യവസാനവും

മുകളിൽ പരാമർശിച്ചതു

പ്പോലെ ഖിലാഫത്തിന്റെ സ്ഥാനമാനങ്ങളെക്കുറിച്ച് അവബോധമില്ലാത്ത വർതന്നെയാണ് വാഗ്ദത്ത മഹ്ദീമസീഹ് മുഖേന പുനരുദയം ചെയ്ത ദിവ്യസംവിധാനത്തിന്നെതിരെയും ശിരസ്സുയർത്താൻ ധൃഷ്ടരായത്. ആദ്യമേതന്നെ ഹൃദയങ്ങളിൽ വിവിധതരം സന്ദേഹങ്ങൾ പുലർത്തിയിരുന്ന അവരുടെ സ്വഭാവം യഥാസമയത്ത് മറനീക്കി പുറത്തുവരികയായിരുന്നു. വാഗ്ദത്ത മസീഹിന്റെ വിയോഗത്തെത്തുടർന്ന് പ്രഥമ ഖലീഫയായി മൗലാനാ ഹക്കീം നൂറുദ്ദീൻ സാഹിബ് തിരഞ്ഞെടുക്കപ്പെട്ടു. ജമാഅത്തംഗങ്ങളെല്ലാം അദ്ദേഹത്തിന് ബൈഅത്ത് എന്ന അസുസരണ പ്രതിജ്ഞ ചെയ്തു. എന്നാൽ ഏറെക്കഴിയുന്നതിന് മുമ്പ് ഖാജാ കമാലുദ്ദീൻ സാഹിബ്, മൗലാനാ മുഹമ്മദലി സാഹിബ് തുടങ്ങിയ ചില പ്രമുഖ വ്യക്തികൾ ഖലീഫയുടെ പദവിയെയും അധികാരത്തെയും സംബന്ധിച്ച് വ്യക്തമായി നിർവ്വചിക്കുകയും വ്യവസ്ഥപ്പെടുത്തുകയും ചെയ്യേണ്ടതാണെന്ന് രഹസ്യമായി പ്രചരിപ്പിക്കാൻ തുടങ്ങി. അഥവാ നവാഗതരിൽ നിന്ന് ബൈഅത്ത് വാങ്ങുക. നമസ്ക്കാരത്തിന് നേതൃത്വം നല്കുക, വിവാഹ വിളംബരങ്ങൾ നടത്തുക ജനാസ നമസ്ക്കരിപ്പിക്കുക മുതലായ നിശ്ചിത ചുമതലകളിൽ പരിമിതനായിരിക്കുന്നു ഖലീഫയെന്ന ദുർബോധനങ്ങളായിരുന്നു അവർ പ്രചരിപ്പിച്ചുപോന്നത്. ഒരിക്കൽ ഖാജാ കമാലുദ്ദീൻ സാഹിബ് സാദാ മിർസാ മഹ്മൂദ് അഹ്ദിനോട് ഇക്കാര്യം സ്വകാര്യമായി പറഞ്ഞപ്പോൾ അദ്ദേഹം ഇങ്ങനെ മറുപടി പറഞ്ഞു. “ബൈഅത്ത് ചെയ്തു കഴിഞ്ഞാൽ പിന്നെ എല്ലാകാര്യങ്ങളിലും ഖലീഫയെ പരിപൂർണ്ണമായി അനുസരിക്കേണ്ടത് അനുപേക്ഷണീയമാകുന്നു. പിന്നീട് ഖലീഫയുടെ അധികാരം വ്യവസ്ഥപ്പെടുത്തണമെന്ന ചർച്ചതന്നെ അനാവശ്യമാണ്.” ഈ മറുപടികേട്ടപ്പോൾ ഉടൻ ഖാജാസാഹിബ് വിഷയം മാറ്റുകയാണുണ്ടായത്. 1905ൽ വാഗ്ദത്ത മസീഹ് (അ) സദർ അഞ്ചുമൻ അഹ്മദിയ്യാക്ക് രൂപം നല്കിയപ്പോൾ 14 പേരടങ്ങുന്ന കമ്മിറ്റിയുടെ പ്രസിഡണ്ടായി മൗലാന ഹക്കീം നൂറുദ്ദീൻ സാഹിബിനെ നിയമിച്ചിട്ടുണ്ടായിരുന്നു. അദ്ദേഹം ഖലീഫയായതിന് ശേഷവും പ്രസിഡണ്ട് പദവിയിൽ തുടർന്ന് പോന്നു. ഈ സ്ഥിതിവിശേഷത്തെ സമർത്ഥമായി ഉപയോഗപ്പെടുത്തികൊണ്ട് സദർ അഞ്ചുമൻ അഹ്മദിയ്യാ എന്ന കേന്ദ്ര സംഘടനയുടെ അദ്ധ്യക്ഷൻ എന്ന രീതിയിലാണ് ഖലീഫാ ജമാഅത്തിന് നേതൃത്വം നല്കുന്നതെന്ന പ്രചാര വേലകളാണ് അവർ സൂക്ഷ്മ രൂപത്തിൽ നടത്തിക്കൊണ്ടിരുന്നത്. അഥവാ ഖലീഫത്തുൽ മസീഹ് എന്ന പരമപ്രധാനമായ സ്ഥാനം വഹിക്കുന്ന ആൾ എന്ന അടിസ്ഥാന വിഷയത്തെ അവർ അവഗണിച്ചു കൊണ്ടിരുന്നു. ഇത് വാസ്തവത്തിൽ ഖിലാഫത്തിന്നെതിരിൽ നീങ്ങാനുള്ള നിഗൂഢ പദ്ധതികളുടെ ഭാഗമായിരുന്നു.

## ഖിലാഫത്ത് നിഷേധികളുടെ ഗൂഢാലോചനയുടെ തകർച്ച

സദർ അഞ്ചുമൻ അഹ്മദിയ്യാക്ക് പ്രാമുഖ്യവും ഊന്നലും നല്കികൊണ്ട് വാഗ്ദത്ത മസീഹിന്റെ യഥാർത്ഥ പ്രതിനിധി സദർ അഞ്ചുമൻ അഹ്മദിയ്യായാണെന്നുള്ള പ്രചാര വേലകൾക്ക് പക്ഷെ അധികം നിലനില്പുണ്ടായില്ല. ദൈവനിയോഗിതനായ ഹദ്റത്ത് മസീഹ് മൗഊദ് (അ) സ്ഥാപിച്ച പ്രതിനിധിയും ഖിലാഫത്തും സദ്ർ അഞ്ചുമൻ അഹ്മദിയ്യയാണെന്നും അതിനെ അനുസരിക്കൽ അനിവാര്യമാണെന്നുമുള്ള ധാരണ അഹ്മദികളുടെ ഹൃദയങ്ങളിൽ അങ്കുരിപ്പിക്കാനുള്ള ശ്രമമായിരുന്നു നടന്നുകൊണ്ടിരുന്നത്. എന്നാൽ സദ്ർ അഞ്ചുമൻ അഹ്മദിയ്യയുടെ ഖിലാഫത്ത് എന്നതുകൊണ്ട് അവർ ഉദ്ദേശിച്ചത് യഥാർത്ഥത്തിൽ മൗലവി മുഹമ്മദലി സാഹിബിന്റെ ഖിലാഫത്തായിരുന്നു. കാരണം അപ്പോൾ ചില പ്രത്യേക കാരണങ്ങളാൽ അഞ്ചുമന്റെ വ്യവസ്ഥാപരമായ കാര്യങ്ങളിൽ ഏക കാര്യസ്ഥൻ മൗലവി മുഹമ്മദലി സാഹിബായിരുന്നു. അഞ്ചുമന്റെ 14 അംഗ മെമ്പർമാരിൽ

✽

ഖിലാഫത്തിന്റെ സ്ഥാനമാനങ്ങളെക്കുറിച്ച് അവബോധമില്ലാത്തവർതന്നെയാണ് വാഗ്ദത്ത മഹ്ദീമസീഹ് മുഖേന പുനരുദയം ചെയ്ത ദിവ്യസംവിധാനത്തിന്നെതിരെയും ശിരസ്സുയർത്താൻ ധൃഷ്ടരായത്. ആദ്യമേതന്നെ ഹൃദയങ്ങളിൽ വിവിധതരം സന്ദേഹങ്ങൾ പുലർത്തിയിരുന്ന അവരുടെ സ്വഭാവം യഥാസമയത്ത് മറനീക്കി പുറത്തുവരികയായിരുന്നു.

✽

8 പേർ മൗലവി സാഹിന്റെ സഖാക്കളും. ഈ അവസരത്തിൽ ഖലീഫയുടെ ദൗത്യമെന്താണ്? ജമാഅത്തിന്റെ യഥാർത്ഥ നായകനാരാണ്.? എന്ന ഒരു ചോദ്യം മൗലവി മുഹമ്മദലി സാഹിബിന്റെ സുഹൃദ്‌വൃത്തത്തിൽ ഉദിക്കുകയുണ്ടായി. ഈ ചർച്ചകളെപ്പറ്റിയും ഗൂഢാലോചനയെപ്പറ്റിയും യാതൊരു അറിവും ഇല്ലാതിരുന്ന ഹദ്‌റത്ത് ഖലീഫത്തുൽ മസീഹ് അവ്വൽ (റ) ന്റെ തിരുസവിധത്തിൽ മീർ മുഹമ്മദ് ഇസ്ഹാഖ് സാഹിബ് ഖിലാഫത്തിനെപ്പറ്റിയുള്ള വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് ചില ചോദ്യങ്ങൾ എഴുതി സമർപ്പിക്കുകയുണ്ടായി. ഹദ്‌റത്ത് ഖലീഫത്തുൽ മസീഹ് അവ്വൽ (റ) ആ ചോദ്യാവലി മൗലവി മുഹമ്മദലി സാഹിബിന് അയച്ചുകൊടുത്തുകൊണ്ട് അതിനുള്ള മറുപടി എഴുതാനാവശ്യപ്പെട്ടു. മൗലവി മുഹമ്മദലി സാഹിബ് നൽകിയ മറുപടികണ്ട് ഹദ്‌റത്ത് ഖലീഫത്തുൽ മസീഹ് അവ്വൽ (റ) ആശ്ചര്യപ്പെട്ടുപോയി. കാരണം ഖിലാഫത്തിന്റെ സ്ഥാനത്തെ വളരെയധികം താഴ്ത്തിക്കാട്ടുന്നരീതിയിലുള്ളതായിരുന്നു മൗലവിസാഹിബിന്റെ മറുപടി. ആകയാൽ ഹദ്‌റത്ത് ഖലീഫത്തുൽ മസീഹ് അവ്വൽ (റ) ആ ചോദ്യാവലിയുടെ ധാരാളം പകർപ്പുകളെടുത്ത് ജമാഅത്തിലുള്ള ആളുകൾക്ക് അയച്ചുകൊടുത്ത് അതിനുള്ള മറുപടി ആവശ്യപ്പെടാനും ഈ കാര്യത്തെക്കുറിച്ച് വിശദമായി ചർച്ചചെയ്യുന്നതിനായി 1909 ജനുവരി 31ന് ഖാദിയാനിൽ പ്രത്യേകമായ ഒരു യോഗം വിളിച്ചുകൂട്ടാനും നിർദ്ദേശിക്കുകയുണ്ടായി.

### ദൈവസവിധത്തിൽ തേങ്ങലോടെ കഴിച്ചുകൂട്ടിയ രാത്രി

കൂടിയാലോചനക്ക് നിശ്ചയിക്കപ്പെട്ട ദിവസത്തിന്റെ തലേന്ന് രാത്രി ജമാഅത്തംഗങ്ങൾ തീവ്രമായ പ്രാർത്ഥനയിൽ കഴിച്ചുകൂട്ടി. ദൈവീകമാർഗദർശനവും സഹായവും ലഭിക്കുമാറാകുന്നതിനും ഫിത്നകളുടെ അടിവേരറുക്കുന്നതിനും അവർ മനംനൊന്ത് പ്രാർത്ഥിച്ചു. രാത്രിയുടെ അന്ത്യയാമങ്ങളിൽ മിക്കവാറും എല്ലാവരും മസ്ജിദ് മുബാറക്കിൽ പ്രാർത്ഥനക്കായി എത്തിച്ചേർന്നിരുന്നു. സുബഹ് നമസ്ക്കാരത്തിന് ഹദറത്ത് ഖലീഫത്തുൽ മസീഹ് അവ്വൽ (റ) നേരിട്ട് ഹാജരായി നേതൃത്വം വഹിച്ചു. അവിടുന്ന് സൂറത്തുൽ ബുറൂജിലെ 11-ാം വചനം അതായത് " സത്യ വിശ്വാസികളെയും സത്യവിശ്വാസിനികളെയും പീഡിപ്പിക്കുന്നവരാരോ അവർക്ക് നരക ശിക്ഷയുണ്ടാകും. എരിച്ചുകളയുന്ന ശിക്ഷയാണവർക്കുണ്ടാകുക" എന്ന അർത്ഥത്തിലുള്ള വാക്യം ഭക്തി നിർഭരമായി ആവർത്തിച്ച് ഓതിയപ്പോൾ നമസ്ക്കാരത്തിൽ പങ്കെടുത്ത എല്ലാവരും തരളിത ഹൃദയരായി എല്ലാവരും തേങ്ങിക്കരഞ്ഞു. അനർഘമായ ഈയനുഭവം ജമാത്തംഗങ്ങൾക്ക് രാവിലെ നടക്കാനിരിക്കുന്ന ചർച്ചകൾക്ക് ശരിയായ ദിശാബോധം നൽകുന്നതിന്നുതകുന്നതായിത്തീർന്നു. ഒരുൾക്കാഴ്ച ലഭിച്ചതുപോലുള്ള അനുഭവം! പിന്നീട് ചേർന്ന യോഗത്തിൽ ഹദറത്ത് ഖലീഫത്തുൽ മസീഹ് ചെയ്ത പ്രഭാഷണം ജമാഅത്ത് അംഗങ്ങളിൽ ചിലരിലുണ്ടായിരുന്ന സന്ദേഹങ്ങൾ ദൂരീകരിക്കുന്നതിന് പര്യാപ്തമാവുകയും ചെയ്തു. ഖലീഫയുടെ സമുന്നത സ്ഥാനവും അനിവാര്യതയും അവർക്ക് ബോദ്ധ്യമായി. ഖിലാഫത്ത് ദിവ്യസംവിധാനമാണെന്നും അതുകൂടാതെ ദൈവീക ജമാഅത്തിന്റെ പുരോഗതി അസാദ്ധ്യമാണെന്നുമുള്ള യാഥാർത്ഥ്യവും അവർ ഉൾകൊണ്ടു. വലുതായ ഫിത്നകൾക്ക് വഴിയൊരുക്കുമായിരുന്ന നിഗൂഢ പദ്ധതികൾ അവിടെവെച്ച് നിർവീര്യമാകുകയായിരുന്നു. ഇതിന് നേതൃത്വം നല്കിയ ഖാജാകമാലുദ്ദീൻ സാഹിബിനോടും മൗലാന മുഹമ്മദലി സാഹിബിനോടും തമ്മിൽ കൂടിയാലോചിച്ച് ഒരിക്കൽകൂടി തനിക്ക് ബൈഅത്ത് ചെയ്യാൻ തയ്യാറാകണമോ വേണ്ടയോ എന്ന കാര്യത്തിൽ തീരുമാനമെടുക്കാൻ ഖലീഫത്തുൽ മസീഹ് ആവശ്യപ്പെട്ടു. അവർ വീണ്ടും ബൈഅത്ത് ചെയ്തു. ദൈവീകഖിലാഫത്തിന്റെ അന്തഃസത്തയും ദീനിന്റെ മഹിമാവിലാസവും ഉയർത്തിപ്പിടിച്ചുകൊണ്ട് ഖലീഫത്തുൽ മസീഹ് അവ്വൽ (റ) പ്രസ്തുത യോഗത്തിൽ ചെയ്ത പ്രസംഗം ശ്രദ്ധേയമായി! അവിടുന്ന് പ്രഖ്യാപിച്ചു. "അല്ലാഹു എന്നോടു പറഞ്ഞു ജമാഅത്തിൽ ആരെങ്കിലും അതിനെ ഉപേക്ഷിക്കുകയാണെങ്കിൽ അത്തരം ഒരാൾക്ക് പകരം ഒരു വലിയ ഗണത്തെ അവൻ എനിക്ക് നല്കുന്നതാണെന്ന്! അതുകൊണ്ട് ഞാൻ നിങ്ങളിൽ ആരെയും ആശ്രയിക്കുന്നില്ല. അല്ലാഹു എന്നെ സഹായിക്കുമെന്ന് ഞാൻ ദൃഢമായും വിശ്വസിക്കുന്നു. നമസ്ക്കാരത്തിന് ഇമാമത്ത് വഹിക്കുകയും ജനാസമസ്ക്കാരം നയിക്കുകയും വിവാഹം വിളംബരപ്പെടുത്തുകയും ബൈഅത്ത് വാങ്ങുകയും മാത്രമാണ് ഖലീഫയുടെ പണി എന്നാണ് എന്നോട് പറയപ്പെടുന്നത്. ഇപ്രകാരം ചിന്തിക്കുന്ന ആൾ അവിവേകിയും മര്യാദയില്ലാത്ത ആളുമാകുന്നു. അയാൾ തൗബ ചെയ്തേ പറ്റൂ. അല്ലാത്ത പക്ഷം നഷ്ടത്തിലായിരിക്കും. നിങ്ങളിൽ ഇപ്രകാരം ചെയ്തിട്ടുള്ളവരാരോ അയാൾ എനിക്ക് വലുതായ മനോദുഃഖമുണ്ടാക്കിയിരിക്കുന്നു, മാത്രമല്ല, അവർ ഖലീഫയുടെ സ്ഥാനത്തോട് പൊരുതുന്നവരുമാകുന്നു"

ഖിലാഫത്ത് സംവിധാനത്തി

നെതിരിലുള്ള ഫിത്നകളുടെ പ്ര ണേതാക്കളായിരുന്ന ഖാജാ കമാലുദ്ദീനും മൗലാനാ മുഹമ്മദലിയും രണ്ടാമതൊരിക്കൽകൂടി ബൈഅത്ത് ചെയ്യാൻ നിർബന്ധിതരായെങ്കിലും അവർ തങ്ങളുടെ കുതന്ത്രങ്ങൾ യഥാവിധം തുടർന്നുപോന്നു. കിട്ടുന്ന അവസരങ്ങൾ തന്ത്രപൂർവ്വം അവർ വിനിയോഗിക്കാതിരുന്നില്ല. 1910 നവംബർ 18ന് ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വൽ (റ) കുതിരപ്പുറത്തുനിന്നു വീഴുകയും സാരമായ പരിക്കേറ്റ് കുറച്ചുദിവസം ഉൽക്കണ്ഠാജനകമായ അവസ്ഥയിൽ അദ്ദേഹം കിടപ്പിലാകുകയും ചെയ്തു. ഈ ഘട്ടത്തിൽ ഖിലാഫത്ത് വിരോധികൾ സാഹിബ് സാദാ മിർസാ ബശിറുദ്ദീൻ മഹ്മൂദ് അഹ്മദിനെയും മീർ നാസിർ നവാബ് സാഹിബിനെയും വിളിച്ചു വരുത്തി ഖലീഫ ചരമം പ്രാപിച്ചാൽ ഉടലെടുത്തേക്കാവുന്ന സ്ഥിതിഗതികൾ ചർച്ചക്കെടുത്തു. ഗ്രൂപ്പിന്റെ വക്താവെന്ന നിലയിൽ ഖാജാ കമാലുദ്ദീൻ സാഹിബ് അവരോട് പറഞ്ഞു: ഭാവിയിൽ അഭിപ്രായതർക്കങ്ങൾ ഒഴിവാക്കാൻ ഇപ്പോഴേ ഒരു ധാരണയിലെത്തണം. ഖലീഫയുടെ പദവി ഞങ്ങളാരും ആഗ്രഹിക്കുന്നില്ല. അടുത്ത ഖലീഫയായി താങ്കളെയല്ലാതെ മറ്റാരെയും ഞങ്ങൾ കാണുന്നില്ല എന്നു പറയുകയുണ്ടായി. ഇതു കേട്ടപ്പോൾ ഖലീഫ ജീവിച്ചിരിക്കെ, അദ്ദേഹത്തിന്റെ പിൻഗാമിയെപറ്റി ചർച്ച ചെയ്യുന്നതും ധാരണയിലെത്തുന്നതും നിയമവിരുദ്ധവും ഗുരുതരവുമായ തെറ്റും കുറ്റവുമാണ്. ഇതാണ് തിരുനബിയുടെ സഹാബാക്കൾ പഠിപ്പിച്ചുതന്നതെന്നു ഇതിന് മറുപടിയായി സാഹിബ് സാദാ മീർസാ ബശീറുദ്ദീൻ മഹ്മൂദഹ്മദ് സാഹിബ് അവരോട് പറഞ്ഞു. അതോടെ ആ പ്രശ്നം അവസാനിച്ചു. പിന്നീട് ഖലീഫത്തുൽ മസീഹിന്റെ ആരോഗ്യസ്ഥിതിയിൽ ഗണ്യമായ മാറ്റമുണ്ടാകുകയും പല ഘട്ടങ്ങളിലായി അദ്ദേഹം ഐക്യത്തെയും ദൈവികപാശത്തെ മുറുകെ പിടിക്കേണ്ടതിനെപ്പറ്റിയും ജമാഅത്തിനെ ഉണർത്തിക്കൊണ്ടിരുന്നു. ഒരിക്കൽ അദ്ദേഹം പറഞ്ഞു: എന്നെ മാറ്റി നിറുത്തുക നിങ്ങളുടെ കഴിവിൽപ്പെട്ട കാര്യമല്ലെന്ന് നല്ലവണ്ണം ഓർത്തുകൊൾവിൻ. എന്റെ ഭാഗത്തുനിന്ന് എന്തെങ്കിലും തെറ്റു കണ്ടാൽ നിങ്ങൾക്ക് എന്നെ ഉണർത്താം. എന്നാൽ വളരെ ആദരവോടു കൂടി മാത്രമേ അതു പാടുള്ളൂ. ആരെയെങ്കിലും ഖലീഫയാക്കുക എന്നത് മനുഷ്യസാധ്യമായ കാര്യമല്ല. അതു അല്ലാഹുവിന്റെ മാത്രം കാര്യമാകുന്നു. ഞാൻ ഖലീഫയായി വാഴിക്കപ്പെട്ടിട്ടുണ്ടെങ്കിൽ അതു അല്ലാഹു അവന്റെ ഉദ്ദിഷ്ടമനുസരിച്ച് ചെയ്തിട്ടുള്ള കാര്യമാണ്. നിങ്ങളുടെ നന്മക്ക് വേണ്ടി അല്ലാഹു എന്നെ ഖലീഫയായി നിശ്ചയിച്ചിരിക്കുന്നു എന്നതാണ് വസ്തുത. അല്ലാഹു നിയമിച്ച ഒരു ഖലീഫയെ സ്ഥാനഭ്രഷ്ടനാക്കാൻ ഒരു ശക്തിക്കും സാധ്യമല്ല. എന്നെ മാറ്റി നിർത്താമെന്ന് അല്ലാഹു ഇച്ഛിച്ചുവെങ്കിൽ അവൻ എന്നെ മരിപ്പിക്കും. നിങ്ങൾ ഈ കാര്യം ദൈവത്തിന് വിടുക. എന്നെ പുറത്താക്കാൻ നിങ്ങൾക്ക് സാധ്യമേ അല്ല. അല്ലാഹുവാണ് ഖലീഫയെ നിയമിക്കുന്നതെന്ന് വി:ഖുർആൻ അർത്ഥ ശങ്കക്കിടയില്ലാത്ത വിധം പ്രസ്താവിക്കുന്നു എന്ന് ഞാൻ നിങ്ങളേവരെയും ഓർമ്മിപ്പിക്കുന്നു”

## ഖിലാഫത്ത് വിരോധികൾ ജമാഅത്തിൽ നിന്നും വേർപ്പെട്ടുപോയി

1914 മാർച്ച് 13ന് ഖലീഫത്തുൽ മസീഹ് അവ്വലിന്റെ വഫാത്തിനെത്തുടർന്ന് ഖിലാഫത്തിനെതിരിൽ പല പ്പോഴായി രംഗപ്രവേശനം ചെയ്തിരുന്നവർ വീണ്ടും സജീവമായി ഖിലാഫത്ത് സംവിധാനം ഇല്ലാതാക്കാനുള്ള അവരുടെ ശ്രമം പക്ഷെ വിജയിച്ചില്ല. രണ്ടാം ഖലീഫയായി തെരഞ്ഞെടുക്കപ്പെട്ട ഹസ്റത്ത് മുസ്ലിഹ് മഊദ് (റ)വിന് ബൈഅത്ത് ചെയ്യാൻ കൂട്ടാക്കാത്ത ഖിലാഫത്തിന്റെ മഹനീയാനുഗ്രഹങ്ങളിൽ നിന്നും അവർ സ്വയം അകന്നുപോകുകയായിരുന്നു. അവർ പരിശുദ്ധ ഖാദിയാൻ ഉപേക്ഷിച്ചുകൊണ്ട് നൂതനവാദഗതികളുമായി ലാഹോർ കേന്ദ്രമാക്കി പ്രവർത്തിക്കാൻ തുടങ്ങി. അങ്ങനെ വിനാശകരമായ പര്യവസാനത്തിലേക്കുള്ള വഴിയാണ് അവർ സ്വീകരിച്ചത്. എന്നാൽ ഖിലാഫത്തിനു പിന്നിൽ അടിയുറച്ചുനിന്നവർ ഉത്തരോത്തരം അഭിവൃദ്ധിപ്പെട്ടുകൊണ്ടേയിരുന്നു. ദിവ്യാനുഗ്രഹങ്ങൾക്ക് അവർ പാത്രീഭൂതരായി. ദിവ്യഹസ്തം വെളിപ്പെട്ടതിന് അവർ ദൃക്സാക്ഷികളായി. ഇന്ന് അഞ്ചാം ഖിലാഫത്തിന്റെ അനുഗ്രഹീത തണലിൽ അഹ്മദിയ്യാ ജമാഅത്ത് അഭൂതപൂർവ്വമായ പുരോഗതികളുമായി ലോകത്ത് മുന്നേറിക്കൊണ്ടിരിക്കുകയും ചെയ്യുന്നു. അഞ്ചാം ഖലീഫ ഹസ്റത്ത് മീർസാ മസ്റൂർ അഹമദ് സാഹിബിന്റെ ഉദ്ധരണികൾകുറിച്ചുകൊണ്ട് ഈ ലേഖനത്തിന് വിരാമമിടുന്നു. ഖുദ്റത്തെ സാനിയ (ദ്വിതീയദിവ്യ ശക്തിവിലാസം) അല്ലാഹുവിൽ നിന്നുള്ള ഏറ്റവും വലിയ ഉപഹാരമാകുന്നു. അതിന്റെ ഉദ്ദേശ്യം സമുദായത്തെ ഏകീകരിക്കുകയും ഭിന്നതകളിൽ നിന്നും സംരക്ഷിക്കുകയുമാണ്. ജുമാഅത്തംഗങ്ങളെ മുത്തുമണികളെപ്പോലെ കോർത്തിണക്കപ്പെ

*(ശേഷം 29-ൽ)*

ലേഖനം

അൽ-ഖുർആൻ എക്സിബിഷൻ: അവലോകനം - 3

എ.ക്യു. മഹ്ദി

# ഏഴ് ആകാശങ്ങളും അന്യഗ്രഹങ്ങളിലെ ജീവിവർഗ്ഗവും

**അന്യഗ്രഹങ്ങളിൽ ജീവിവർഗ്ഗങ്ങളുണ്ടെന്ന് ഖുർആൻ സൂചിപ്പിക്കുന്നു. അവ തമ്മിൽ ഒരുനാൾ വിനിമയബന്ധം സ്ഥാപിക്കുകയോ കൂട്ടിച്ചേരുകയോ ചെയ്യുമെന്നും ഖുർആൻ പറയുന്നു.**

നാം ജീവിക്കുന്ന ഈ പ്രപഞ്ചവ്യവസ്ഥയിൽ വേറെയും ഭൂമികളുണ്ടോ എന്ന അന്വേഷണം, വർഷങ്ങളായി ശാസ്ത്രം നടത്തിക്കൊണ്ടിരിക്കുന്നുണ്ട്. ഖുർആൻ പറയുന്നതു നോക്കുക,

''ഏഴ് ആകാശങ്ങളെയും ഭൂമിയിൽ നിന്ന് അവയ്ക്ക് തുല്യമായതിനേയും സൃഷ്ടിച്ചനവത്രെ അല്ലാഹു" (65:13)

ഈ ഭൂമിയെപ്പോലെ മറ്റ് ഏഴു ഭൂമികൾ കൂടി ഉണ്ടെന്ന് വിശുദ്ധ ഖുർആൻ സൂചിപ്പിക്കുന്നു. അനേകം എന്ന അർത്ഥത്തിലും 'ഏഴ്' എന്ന പദം പ്രയോഗിക്കാറുണ്ട്. പ്രപഞ്ചത്തിൽ മറ്റെവിടെയെങ്കിലും ഭൂമിയെപ്പോലെ ജീവസാന്നിദ്ധ്യമുള്ള ഗ്രഹങ്ങളുണ്ടാവാം എന്നാണതിലെ സൂചന. നമ്മുടെ സൗരയൂഥത്തിൽ തന്നെ ഭൂമിയെപ്പോലെ നിരവധി ഘടകങ്ങളിൽ സാമ്യതയുള്ളതിനാൽ മറ്റു മൂന്നു ഗ്രഹങ്ങളെ ഭൗമഗ്രഹങ്ങൾ എന്നാണ് വിളിക്കുന്നത്. ബുധൻ, ശുക്രൻ, ചൊവ്വ എന്നീ ഗ്രഹങ്ങളാണവ. ചൊവ്വയിൽ ഒരു കാലത്തു ജലവും ജീവനും ഉണ്ടായിരുന്നതായി ഈയിടെ ചൊവ്വാദൗത്യം പൂർത്തിയാക്കിയ 'പാത്ത് ഫൈന്റർ' നിരീക്ഷണങ്ങളിൽ നിന്നും വെളിപ്പെട്ടിട്ടുണ്ട്. പിന്നീട് അവിടത്തെ വെള്ളം വറ്റിപ്പോയതാവണം എന്നാണു നിഗമനം.

എന്നാൽ, 'പാത്ത് ഫൈന്റർ' ദൗത്യത്തിനുശേഷം ചൊവ്വ പര്യവേക്ഷണത്തിൽ മറ്റൊരു നാഴികക്കല്ലുകൂടി സമീപകാലത്ത് ശാസ്ത്രം പിന്നിട്ടിട്ടുണ്ട്; അതാണ് 'ഫീനിക്സ് പേടക' വിക്ഷേപണം.

2007 ആഗസ്റ്റിലാണ് നാസ 'ഫീനിക്സ്' എന്ന ശൂന്യാകാശപേടകം ചൊവ്വയിലേക്ക് തൊടുത്തുവിട്ടത്. കോടിക്കണക്കിനു കിലോമീറ്റർ അകലെയുള്ള ചൊവ്വാഗ്രഹത്തിൽ ആ സ്പേസ് ഷട്ടിൽ ചെന്നിറങ്ങിയത് 9 മാസങ്ങൾ അതിവേഗം, അനുസ്യൂതം സഞ്ചരിച്ച് ഇക്കഴിഞ്ഞ 25 (2008 മേയ്)-നാണ്; പുറപ്പെട്ട് 9 മാസങ്ങൾക്കു ശേഷം.

തൊണ്ണൂറുകളിലും നാസ രണ്ടു ചൊവ്വാ പര്യവേക്ഷണങ്ങൾ നടത്തിയിരുന്നു. അവ രണ്ടും പരാജയത്തിൽ കലാശിക്കയാണുണ്ടായത്. ആ പരാജയങ്ങളിൽ നിന്നും പാഠം ഉൾക്കൊണ്ടുകൊണ്ടാണ് ഫീനിക്സിന്റെ രൂപകൽപ്പനയും ദൗത്യവും തയ്യാറാക്കിയത്. ഫീനിക്സ് എന്ന പേരുതന്നെ ഈ ദൗത്യവിഷയത്തിൽ നാസ അന്വർത്ഥമാക്കുകയായിരുന്നു. പരാജയത്തിന്റെ ചാരത്തിൽ നിന്നും പറന്നുയരുന്ന ഗ്രീക്ക് ഇതിഹാസത്തിലെ 'ദിവ്യപക്ഷി'യുടെ പേരാണ് ഫീനിക്സ് എന്നത്.

410 കിലോഗ്രാം ഭാരമുള്ള ഫീനിക്സ് ചൊവ്വയിൽ പറന്നെത്തുമ്പോൾ മുമ്പ് അയക്കപ്പെട്ട സ്പിരിറ്റ്, ഓപ്പർച്യൂണിറ്റി എന്നീ രണ്ടു പര്യവേക്ഷണ വാഹനങ്ങൾ ചൊവ്വയുടെ മറ്റു പ്രദേശങ്ങളിൽ കർമ്മനിരതരായി പ്രവർത്തിക്കുന്നുണ്ടായിരുന്നു. ആ ഇരുപേടകങ്ങൾക്കും 'നാസ' എന്ന സ്രഷ്ടാക്കൾ കല്പിച്ചുകൊടുത്ത ആയുസ്സിനെയും വെല്ലുവിളിച്ചുകൊണ്ട് അവ




ഇപ്പോഴും ഭൂമിയിലേയ്ക്കു ചിത്രങ്ങൾ അയച്ചുകൊണ്ടിരിക്കുന്നു. അവയുടെ യന്ത്രക്കണ്ണുകൾക്ക് അൽപ്പം 'വെള്ളെഴുത്ത്' (വാർദ്ധക്യം) ബാധിച്ചിരുന്നതിനാലാണ് സമീപകാലത്ത് ഒരു 'ഒപ്റ്റിക്കൽ ഇല്യൂഷൻ' സൃഷ്ടിക്കപ്പെട്ട് 'സ്ത്രീരൂപം പോലെ' ഒന്ന് ചൊവ്വയിൽ കണ്ടെന്നു ധരിക്കാനിടവന്നത്.

മേൽ എഴുതിയ മൂന്നുനാലു ഖണ്ഡികകൾ ഈ ലേഖന വിഷയത്തിലെ ഏറ്റവും ആധുനികമായ ഒരു വാർത്തയിലേയ്ക്ക് വായനക്കാർക്കുള്ള ക്ഷണമായി കാണുക. 'ഏഴു ആകാശങ്ങളെയും ഭൂമിയിൽ നിന്ന് അവയ്ക്ക് തുല്യമായതിനേയും സൃഷ്ടിച്ചവനത്രെ അല്ലാഹു' എന്ന ഖുർആൻ വാക്യത്തിന്റെ വ്യാഖ്യാനത്തിൽ, 'ചൊവ്വ' ഗ്രഹവും ഉൾപ്പെടുന്നതിനാൽ, ആ ഗ്രഹത്തിലും 'ജലസാന്നിദ്ധ്യം' ഉണ്ടാവാൻ സാധ്യതയുണ്ട് എന്നതിനുള്ള വിലപിടിപ്പുള്ള ഒരു തെളിവുകൂടിയാണ് 'ഫീനിക്സ്' സമീപകാലത്ത് ഭൂമിക്കു നൽകിയ സന്ദേശത്തിലുള്ളത്.

ചൊവ്വയുടെ ധ്രുവങ്ങളിൽ ജലത്തിന്റെ സാന്നിദ്ധ്യം ഉണ്ട് എന്നത് മുമ്പു നടത്തിയ പര്യവേക്ഷണങ്ങളിൽ നിന്നും കണ്ടെത്തിയിരുന്നു. അത് സുവ്യക്തമായ തെളിവുകളോടെ ഉറപ്പാക്കുകയാണ് 'ഫീനിക്സ്' ഇപ്പോൾ ചെയ്യുന്നത്. ഫീനിക്സിന്റെ യന്ത്രക്കൈകൾ ചൊവ്വയുടെ ഉപരിതലത്തിനടിയിലുള്ള ജലാംശത്തെ മാന്തിയെടുക്കും. അങ്ങനെ ലഭിക്കുന്ന ജലത്തിന്റെ രസതന്ത്രം പഠിക്കാനുതകുന്ന ഉപകരണങ്ങൾ ഫീനിക്സിലുണ്ട്. ഇത്തരമൊരു അന്വേഷണം 'ജീവന്റെ വിത്തുകൾ' ചൊവ്വയിൽ നിലനിന്നിരുന്നുവോ എന്നും അല്ലെങ്കിൽ അത്തരമൊരു സാധ്യത ഇനിയും സൃഷ്ടിക്കപ്പെട്ടാമോ എന്നുമുള്ള ചോദ്യത്തിന് ഉത്തരം നൽകും. ജലസാന്നിദ്ധ്യം ഉറപ്പാക്കാവുന്ന ചൊവ്വയിലെ സ്ഥലങ്ങളുടെ ഒരു ചിത്രം തന്നെ നമുക്കു ഫീനിക്സ് സമ്മാനിക്കും. മനുഷ്യൻ ചൊവ്വയിൽ വീടുവയ്ക്കാൻ കുറ്റിയടിക്കുന്നത് ഒരുപക്ഷേ ഈ സ്ഥലത്താകാം.

ഈയിടെ അന്തരിച്ച സയൻസ് ഫിക്ഷൻ രംഗത്തെ അതികായനായിരുന്ന സർ ആർതർ ഡി. ക്ലാർക്കിന്റെ ചില വാക്കുകൾ കൂടി നമുക്കിവിടെ ശ്രദ്ധിക്കാം.

'പ്രപഞ്ചത്തിൽ ധാരാളം ബുദ്ധിയുള്ള ജൈവരൂപങ്ങളുണ്ടെന്ന് ഞാൻ വിശ്വസിക്കുന്നു. എന്നാൽ അവ ഭൂമിയിലേയ്ക്ക് വരാതിരിക്കാൻ തക്ക ബുദ്ധിയുള്ളവയാണെന്നും ഞാൻ കരുതുന്നു'.

അന്യഗ്രഹങ്ങളിൽ ജീവികളുണ്ടോ എന്ന വിഷയത്തിൽ ശാസ്ത്രം ഇന്നും അതിന്റെ അന്വേഷണപാതയിൽ തുടരുന്നുണ്ട്. ഈ വിഷയത്തിൽ പ്രബലമായ സംശയം മതവിശ്വാസികൾക്കും ഉണ്ട്. അങ്ങനെ, അനന്തവിദൂരതയിലുള്ള ഗ്രഹസമൂഹങ്ങൾ ഏതിലെങ്കിലും നിന്ന് നേരിയ ഒരു സന്ദേശമോ, സൂചനയോ ലഭിക്കുന്നെങ്കിൽ അതു രേഖപ്പെടുത്താനായി നിരവധി വ്യോമശാസ്ത്ര പ്രതിഭകൾ തങ്ങളുടെ പരീക്ഷണശാലകളിൽ അതിനൂതനമായ സാങ്കേതിക ഉപകരണങ്ങളുമായി കണ്ണും കാതും കൂർപ്പിച്ച് കാത്തിരിക്കുവാൻ തുടങ്ങിയിട്ട് ദശാബ്ദങ്ങളായി. ഇന്നോളം അവരിലാർക്കും ആശാവഹമായ ഒരു സൂചനയും ലഭ്യമായിട്ടില്ല.

ഈ വിഷയത്തിൽ, അന്യഗ്രഹങ്ങളിലും ജീവന്റെ തുടിപ്പ് ഉണ്ടാകാനുള്ള സാധ്യതയുടെ നേർക്കു വിരൽചൂണ്ടുന്ന ഒന്നുരണ്ട് സൂക്തങ്ങൾ പരിശുദ്ധ ഖുർആനിൽ ഉണ്ട്.

'ഏഴ് ആകാശങ്ങളെയും ഭൂമിയിൽ നിന്ന് അവയ്ക്ക് തുല്യമായതിനേയും സൃഷ്ടിച്ചവനത്രെ അല്ലാ ഹു'

വീണ്ടും ഖുർആൻ പറയുന്നു,

'ആകാശങ്ങളുടെയും ഭൂമിയുടെയും അവ രണ്ടിനുമിടയിൽ അവൻ വ്യാപിപ്പിച്ച ജീവികളുടെയും സൃഷ്ടിപ്പ് അവന്റെ അടയാളങ്ങളിൽ പെട്ടതാണ്.



അവനുദ്ദേശിക്കുമ്പോൾ അവയെ ഒരുമിച്ചുകൂട്ടാൻ കഴിവുറ്റവനുമത്രെ അവൻ." (42:30)

അന്യഗ്രഹങ്ങളിൽ ജീവികളുണ്ടെന്നാണ് ഈ വചനം വ്യക്തമാക്കിത്തരുന്നത്. ഈ വചനത്തിനു 'ദാബ്ബ'എന്ന പദം ചലിക്കുകയും ഇഴയുകയും ചെയ്യുന്ന എല്ലാ ജീവി വർഗ്ഗങ്ങളെയും കുറിക്കുന്നു. നീന്തുകയും പറക്കുകയും ചെയ്യുന്ന ജീവികളെ സൂചിപ്പിക്കാൻ 'ദാബ്ബ്' എന്ന പദം ഉപയോഗിക്കില്ല. അന്യഗോളങ്ങളിലും അത്തരം ജീവികളുണ്ടെന്നാണ് ഖുർആൻ അസന്നിഗ്ധമായി പ്രസ്താവിക്കുന്നത്. മാത്രമല്ല, ഒരു നാൾ ഗോളാന്തരമായി അവ തമ്മിൽ കൂടിച്ചേരുകയോ വിനിമയം മൂലം ബന്ധപ്പെടുകയോ ചെയ്യുമെന്നും പറയുന്നുണ്ട്.

അന്യഗ്രഹങ്ങളിലേതിന്റെയെങ്കിലും ജീവന്റെ തുടിപ്പ് അറിയാനായി കണ്ണും കാതും കൂർപ്പിച്ച് കാത്തിരിക്കുന്ന ഭാവി ശാസ്ത്രജ്ഞന്മാർക്ക്, എന്നെങ്കിലുമൊരിക്കൽ അനുകൂലമായ സന്ദേശം കിട്ടാനുള്ള എല്ലാ സാധ്യതയും ഉണ്ട് എന്നാണ് വേദഗ്രന്ഥത്തിൽ നിന്നുള്ള സൂചന. പക്ഷേ, അതെന്നാവും? നമുക്കാർക്കും പറയാനാവില്ല. അടുത്ത തലമുറകൾ അതിനായി കാത്തിരിക്കട്ടെ.

ഭൂമിയിൽ മനുഷ്യവാസത്തിനു അനുപേക്ഷണീയമായ ഒന്നാണ് ജലം. ഭൂമിയിലെ ജലസ്രോതസ്സുകളെപ്പറ്റിയും ഖുർആൻ വ്യക്തമായ സൂചന നൽകുന്നുണ്ട്.

'അവനത്രെ രണ്ട് ജലഖണ്ഡങ്ങളെ ഒഴുക്കിയവൻ - (ജലവിനിമയം). ഒന്ന് പാനയോഗ്യമായ ശുദ്ധജലം, അടുത്തത് കുടിക്കുവാനുപയുക്തമല്ലാത്ത ലവണജലം (ഉപ്പുവെള്ളം). അവ രണ്ടിനും മദ്ധ്യത്തിൽ അവനൊരു മറയും ശക്തമായ തടസ്സവും സൃഷ്ടിച്ചിരിക്കുന്നു.' (25:54)

വീണ്ടും ഖുർആൻ പറയുന്നു,

'അല്ലാഹു മേഘവൃന്ദങ്ങളെ മെല്ലെമെല്ലെ ചലിപ്പിക്കുന്നു. എന്നിട്ട് അവയെ തമ്മിൽ സംയോജിപ്പിക്കുകയും ഒന്നിനു മീതെ മറ്റൊന്നായി അടുക്കുകളാക്കുകയും ചെയ്യുന്നതു നീ കാണുന്നില്ലേ? അതിനിടയിൽ നിന്ന് വർഷപാതമുണ്ടാകുന്നതു നിനക്കു കാണാം. പർവ്വതതുല്യമായ മേഘങ്ങൾക്കിടയിൽ നിന്നും അല്ലാഹു ആലിപ്പഴം (Hails) വർഷിക്കുന്നതും നിനക്കു കാണാം.' (24:44)

മറ്റൊരിടത്തു പറയുന്നു,

'നിശ്ചയമായും പാറകളിൽ ചിലതിൽ നിന്നും അരുവികൾ പൊട്ടിയൊഴുകി അതിൽ നിന്നും ജലം നിർഗമിക്കുന്നു.' (2:75)

ഈ വിഷയത്തിന് ഇപ്രകാരമൊരു വിശദീകരണം നൽകാം.

സമുദ്രം, നദികൾ, തടാകങ്ങൾ, ധ്രുവങ്ങളിലും പർവ്വതശൃംഖങ്ങളിലും ഹിമാനികളിലുമുള്ള മഞ്ഞുകട്ടകൾ, ഭൂഗർഭജലസംഭരണികൾ മുതലായവ ഭൂമിയിലെ ജലസ്രോതസ്സുകളാണ്. ഭൂജലത്തിന്റെ 97 ശതമാനം സമുദ്രജലമാണ്, ലവണജലം. ഈ ലവണജലം ബാഷ്പീകരിക്കപ്പെട്ട് ശുദ്ധമാക്കി ആകാശമേഘങ്ങളിലൂടെ പുനർവിതരണം ചെയ്യപ്പെടുന്നതുകൊണ്ടാണ് ഭൂമിയിൽ ജീവന്റെ തുടിപ്പു തന്നെ നിലനിൽക്കുന്നത്.

ഭൂമിയുടെ 23.5 ഡിഗ്രി ചരിവ്, സ്വയംഭ്രമണം (Rotation), പരിക്രമണം (Revolution) എന്നിവ കൊണ്ടാണ് ഭൂമിയിൽ ഋതുഭേദങ്ങൾ (കാലാവസ്ഥാമാറ്റങ്ങൾ) ഉണ്ടാവുന്നതും, ഖരം, ദ്രാവകം, വാതകം എന്നീ അവസ്ഥകളിൽ ഭൂജലം വിന്യസിക്കപ്പെട്ട് പുനർവിതരണം ചെയ്യപ്പെടുന്നതും. ജീവരാശികളുടെ നിലനിൽപ്പുതന്നെ ഇതിനെ മാത്രം ആശ്രയിച്ചാണിരിക്കുന്നത്.

(തുടരും)

●

*(26-ൽ നിന്ന് തുടർച്ച)*

ടുന്ന ചരടാണിത്. മുത്തുകൾ ചിത റിപോവുകയാണെങ്കിൽ അവ സുരക്ഷിതമായിത്തീരുകയോ അവയുടെ മനോഹാരിത അറിയപ്പെടുകയോ ചെയ്യുന്നതല്ല. ഒരേ ചരടിൽ കോർ ത്തിണക്കപ്പെടുന്ന മുത്തുമണികളാ ണ് മനോഹരവും സുരക്ഷിതവുമായിത്തീരുക. ഈ രണ്ടാം ശക്തി പ്രഭാവം ഇല്ലെങ്കിൽ സത്യമതമായ ഇസ്ലാം ഒരിക്കലും പുരോഗതി പ്രാപിക്കുന്നതല്ല. അതുകൊണ്ട് ഈ ശക്തി പ്രഭാവത്തോട് പൂർണ്ണമായ നിലയിൽ ആത്മാർത്ഥതയുടെയും സ്നേഹത്തിന്റെയും വിശ്വസ്തതയുടെയും ബന്ധംപുലർത്തുക. ഖിലാഫത്തിനോടുള്ള അനുസരണാവേ ശം സ്ഥായിയാക്കുക. ഇതര എല്ലാ സ്നേഹബന്ധങ്ങളും നിസ്സാരമാ കും വിധം ഖിലാഫത്തിനോടുള്ള സ്നേഹബന്ധം വർദ്ധിപ്പിക്കുക. ഇമാമുമായുള്ള ബന്ധത്തിലാണ് എല്ലാ അനുഗ്രഹങ്ങളുമുള്ളത്. അതൊന്നുമാത്രമാണ് എല്ലാവിധ കുഴപ്പങ്ങൾക്കും പരീക്ഷണങ്ങൾ ക്കുമെതിരിൽ ഒരു പരിചയായിട്ടുള്ളത്.

***(അൽ ഫസൽ 23-5-2003)***

●

ലേഖനം

സാറാ വസിം

# പാകിസ്താനിലെ അഹ്മദിയ്യാ വിരുദ്ധ പ്രക്ഷോഭം

**1956**ലെ അഹ്മദിയ്യാ വാർഷിക സമ്മേളനത്തിൽ ഖലീഫത്തുൽ മസീഹ് രണ്ടാമൻ (റ) ഇപ്രകാരം പ്രസ്താവിക്കുകയുണ്ടായി.

എപ്പോഴാണോ അടുത്ത ഖലീഫയുടെ തിരഞ്ഞെടുപ്പ് നടക്കുകയും ഖലീഫ അവരോധിതനാവുകയും ചെയ്യുന്നത്, അദ്ദേഹത്തിന് ഞാനൊരു സന്തോഷ വാർത്ത അറിയിക്കാൻ ആഗ്രഹിക്കുന്നു. അല്ലാഹു അദ്ദേഹത്തിന് സർവ്വവിധ പിന്തുണയും നൽകുന്നതാണ്. ആരാണോ അദ്ദേഹത്തിന് എതിരായി നിൽക്കുന്നത്, ആ എതിരാളി വലിയവനോ ചെറിയവനോ ആകട്ടെ അയാൾ താഴ്മയുടേയും നിന്ദ്യതയുടേയും മുഖം കാണും. അയാൾ നശിപ്പിക്കപ്പെടുകയോ അപമാനിക്കപ്പെടുകയോ ചെയ്യും. കാരണം അടുത്ത ഖലീഫ വാഗ്ദത്ത മസീഹിന്റെ കാലടിപ്പാടുകളെ പിന്തുടരുന്ന ആളായിരിക്കും. അദ്ദേഹം ഇസ്ലാമിക ഖിലാഫത്തിന്റെ സ്ഥാനം ഉയർത്തിപ്പിടിക്കുന്നയാളായിരിക്കും. എന്റെ സ്ഥാനത്തേക്ക് തിരഞ്ഞെടുക്കപ്പെടുന്ന മൂന്നാമത്തെ ഖലീഫത്തുൽ മസീഹിന് ഞാൻ സുവിശേഷമറിയിക്കുകയാണ്. അദ്ദേഹത്തിന്നെതിരെ ലോക ഗവൺമെന്റുകൾ എതിരായി വന്നാൽ പോലും അതെല്ലാം തകർന്നു തരിപ്പണമായിപ്പോകും (1)

ഖലീഫത്തുൽ മസീഹ് മൂന്നാമൻ ഹദ്റത്ത് മിർസാ നാസിർ അഹ്മദ് സാഹിബ് അഭിമുഖീകരിച്ച ഏറ്റവും വലിയ വെല്ലുവിളി. 1974-ലെ അഹ്മദിയ്യാ വിരുദ്ധ പ്രക്ഷോഭമായിരുന്നു. അത് വിവരിക്കുന്നതിന് മുമ്പായി അതിന്റെ പശ്ചാത്തലത്തെപ്പറ്റി ഒന്ന് വിശദീകരിക്കേണ്ടിയിരിക്കുന്നു.

**ഖലീഫത്തുൽ മസീഹ് മൂന്നാമന്റെ കാലത്തായിരുന്നു രക്തരൂക്ഷിതമായ അഹ്മദിയ്യാ വിരുദ്ധ പ്രക്ഷോഭം അരങ്ങേറിയത്. തുടർന്ന് അഹ്മദികളെ അമുസ്ലിം ന്യൂനപക്ഷമായി പാകിസ്താൻ ദേശീയ അസംബ്ലി പ്രഖ്യാപിച്ചു. ഇതോടനുബന്ധിച്ച് ദേശീയ അസംബ്ലിയിൽ അഹ്മദിയ്യാ വിശ്വാസങ്ങൾ വിശദീകരിച്ചത് ഖലീഫത്തുൽ മസീഹ് മൂന്നാമനായിരുന്നു.**

### പശ്ചാത്തലം

1956-ലെ പാകിസ്താൻ ഒറിജിനൽ ഭരണഘടന പ്രകാരം പാകിസ്താനിലെ എല്ലാ പൗരന്മാർക്കും അവരുടെ മതം വിശ്വസിക്കാനും, ആചരിക്കാനും, പ്രചരിപ്പിക്കാനും സ്വാതന്ത്ര്യമുണ്ടായിരിക്കും. (ആർട്ടിക്കിൾ 20) മതപഠനം ആവശ്യമില്ലാതെ തന്നെ ഏത് സ്കൂളുകളിലും സ്വതന്ത്രമായി ചേരാം (ആർട്ടിക്കിൾ 22) മതപരമായ പക്ഷപാതിത്വമില്ലാതെ പൊതു പരിപാടികളിൽ പങ്കുചേരാം (ആർട്ടിക്കിൾ 20) മതപരമായ പക്ഷപാതിത്വമില്ലാത്ത ഏത് ഉദ്യോഗങ്ങളിലും നിയമനം നേടാം (ആർട്ടിക്കിൾ 27). മതപരമായ പക്ഷപാതിത്വമില്ലാതെ അയാളുടെ മതപരമായ ഭാഷയോ ഗ്രന്ഥങ്ങളോ, സംസ്കാരമോ പരീക്ഷിക്കുകയോ പ്രചരിപ്പിക്കുകയോ ചെയ്യാം. (ആർട്ടിക്കിൾ 28) ഈ വകുപ്പുകളുടെയെല്ലാം മൂലാധാരം ഐക്യരാഷ്ട്രസഭയുടെ സാർവ്വദേശീയ മനുഷ്യാവകാശപ്രഖ്യാപനത്തിന്റെ ആർട്ടിക്കിൾ 18ലും ഐക്യരാഷ്ട്രസഭാ ചാർട്ടറിന്റെ 1(3)ലും 55(സി)യിലും കാണാം. പാകിസ്താൻ ഭരണഘടനയുടെ ആർട്ടിക്കിൾ 20ലെ ഭാഷയും പ്രസ്തുത പ്രഖ്യാപനത്തിന്റെ അനുകരണമാണ്.

1949 മാർച്ചിൽ പാകിസ്താനിലെ ആദ്യത്തെ ഭരണഘടനാ നിർമ്മാണസമിതി ചേർന്നപ്പോൾ ഒബ്ജക്ടീവ്സ് റിസല്യൂഷൻ എന്ന ഒരു പ്രമേയം പാസാക്കുകയുണ്ടായി. അതിൽ അമുസ്ലിംകൾക്ക് പൂർണ്ണ മതസ്വാതന്ത്ര്യം നൽകണമെന്ന് അനുശാസിക്കപ്പെട്ടിരുന്നു പാക്കിസ്താൻ പൊതുസഭയിൽ ഒബ്ജക്റ്റീവ്സ്

റിസലൂഷൻ നിയമമായി പാസ്സാക്കിയതിനുശേഷം 1949 മെയ് 1ന് പാകിസ്താനിലെ ഒരു മതവിഭാഗീയ പ്രസ്ഥാനമായ മജ്‌ലിസെ അഹ്‌റാറെ ഇസ്‌ലാം (അഹ് റാറികൾ) എന്ന സംഘടന അഹ്മദിയ്യാ വിരുദ്ധ പ്രക്ഷോഭത്തിന് തുടക്കംകുറിച്ചു. അഹ്‌റാറുകളുടെ ആവശ്യം ഗവൺമെന്റ് ഉദ്യോഗത്തിലുള്ള എല്ലാ അഹ്മദികളെയും ആസ്ഥാനത്തുനിന്നും പുറത്താക്കണമെന്നായിരുന്നു. അഹ്മദിയ്യാ മുസ്‌ലിം സമൂഹം പാകിസ്താനിലെ സുന്നി സമൂഹത്തിന്നെതിരെ ഇന്ത്യയുമായി ചേർന്ന് ഗൂഢാലോചന നടത്തുന്നു എന്നായിരുന്നു അഹ്‌റാറികളുടെ ആരോപണം. അഹ്‌റാറികളാവട്ടെ പാകിസ്താൻ നിലവിൽ വരുന്നതിനെ വമ്പിച്ച തോതിൽ എതിർത്തവരുമായിരുന്നു. പഞ്ചാബ് കലാപവേളയിൽ അഹ്‌റാറികളുടെ ലഹള അതിന്റെ മൂർദ്ധന്യാവസ്ഥയിലെത്തുകയുണ്ടായി.

അന്നത്തെ ഇസ്‌ലാമിക തീവ്രവാദികൾ പാകിസ്താൻ അനിസ്‌ലാമികമാണെന്ന് പറയുകയും പാകിസ്താനിൽ ഭരണകൂടത്തെ ഇസ്‌ലാമിക മതരാഷ്ട്രമായി പ്രഖ്യാപിക്കാൻ സമ്മർദ്ദം ചെലുത്തുകയും ചെയ്തു. ഈ കലാപത്തിന്റെ ആചാര്യൻ മാർക്സിസ്റ്റ് ആശയത്താൽ ആവേശിതനായ ജമാഅത്തെ ഇസ്‌ലാമി നേതാവ് മൗലാനാ മൗദൂദി ആയിരുന്നു. അഹ്മദികളെ അമുസ്‌ലിംകളാക്കി പ്രഖ്യാപിക്കണമെന്ന പൊതു മുദ്രാവാക്യമുയർത്തി മൗദൂദി പാകിസ്താനിലെ മുസ്‌ലിംകളെ ഒന്നിപ്പിക്കാൻ നോക്കുകയുണ്ടായി. ഭരിക്കുന്ന മുസ്‌ലിം ലീഗ് പാർട്ടി പാകിസ്താൻ ഒരു മതരാഷ്ട്രമായി മാറുന്നതിനെ എതിർത്തിരുന്നു. തുടർന്ന് 1953ൽ മൗദൂദി രക്തരൂക്ഷിതമായ കലാപം പാകിസ്താനിൽ അഴിച്ചുവിട്ടു. ഈ കലാപത്തെപറ്റി അന്വേഷിക്കാൻ പാകിസ്താൻ ഗവൺമെന്റ് നിഷ്പക്ഷമായ ഒരന്വേഷണ കമ്മീഷനെ നിയമിക്കുകയുണ്ടായി. അതാണ് മുനീർ കമ്മീഷൻ. കമ്മീഷന്റെ അന്വേഷണത്തിൽ ഒരു മുസ്‌ലിം വിഭാഗത്തിനും ഏകോപിച്ചുകൊണ്ട് ആരാണ് 'മുസ്‌ലിം' എന്നതിന് ഒരു നിർവ്വചനം പോലും കണ്ടെത്താൻ സാധിച്ചില്ലെന്ന് മാത്രമല്ല അഹ്മദിയ്യാ വിരുദ്ധ പ്രക്ഷോഭണം പൊതുസമാധാനക്രമവ്യവസ്ഥക്കെതിരെയുള്ള വമ്പിച്ച ഭീഷണിയാണെന്നും പ്രസ്താവിച്ചു. പ്രക്ഷോഭത്തെ അപലപിക്കുകയും ചെയ്തു.

1954ന് ശേഷം മതതീവ്രവാദികൾ പാകിസ്താൻ ഭരണകൂടത്തിനുമേൽ പിടിമുറുക്കി. പിന്നീടുള്ള രണ്ട് ദശകങ്ങളിൽ അഹ്മദികൾക്ക് അവരുടെ ജീവനും സ്വത്തിനും ബിസിനസ് സ്ഥാപനങ്ങൾക്കും വമ്പിച്ച നാശനഷ്ടങ്ങളാണ് പാകിസ്താനിൽ നേരിട്ടത്. 1962ൽ പാകിസ്താൻ ഭരണഘടനയിൽ ഇസ്‌ലാമികവത്കരണത്തിന്റെ ആദ്യത്തെ ചുവടുവെപ്പുണ്ടായി. എതിർ ഉപനിയമം (Repugnancy Clause) എന്ന പേരിൽ അത് ഭരണഘടനയോട് കൂട്ടി ചേർക്കുകയുണ്ടായി. അതിപ്രകാരമാണ്.

"ഖുർആനിൽനിന്നും സുന്നത്തി (റസൂൽ തിരുമേനി(സ)യുടെ ചര്യ)ൽ നിന്നും ലഭിക്കുന്ന ഇസ്‌ലാ മിന്റെ ആവശ്യങ്ങൾക്കും അദ്ധ്യാപനങ്ങൾക്കും വിരുദ്ധമായി യാതൊരു നിയമവും ഉണ്ടാവുന്നതല്ല. ഇപ്പോൾ നിലവിലുള്ള എല്ലാ നിയമങ്ങളും അതിനനുഗുണമായി കൊണ്ടുവരുന്നതുമാണ്."

ശരീഅത്ത് നിയമങ്ങൾക്കനുസൃതമായുള്ള ഭരണഘടനയുടെ നവീകരണം ഭരണഘടനയിൽ അനുശാസിക്കുന്ന പൗരാവകാശങ്ങളുടെ ക്രമേണയുള്ള നിഷേധങ്ങൾക്ക് കാരണമായി. 1974ലെ ഭരണഘടനാ ഭേദഗതിയോടെ ഇത് കൂടുതൽ വ്യക്തമാക്കപ്പെട്ടു.

1971ൽ രക്തരൂക്ഷിതമായ ആഭ്യന്തരയുദ്ധത്തിന് ശേഷം ബംഗ്ലാദേശ് പാകിസ്താനിൽ നിന്നും വേർപ്പെട്ടുപോയി. പിന്നീട് 1973ൽ പാകിസ്താൻ ദേശീയ അസംബ്ലി പുതിയ ഭരണഘടന അംഗീകരിക്കുകയുണ്ടായി. അതിൽ ശരീഅത്തിന്റെ നിയമപരവും രാഷ്ട്രീയപരവുമായ ഭാഗത്തിന്റെ രൂപീകരണത്തിന് മതയാഥാസ്ഥിതിക പണ്ഡിതന്മാരുടെ പിന്തുണ ലഭിക്കുകയുണ്ടായി. 1974 അഹ്മദിയ്യാ വിരുദ്ധ പ്രക്ഷോഭത്തിന്റെ ഒരു പുതിയ തരംഗം പാകിസ്താനിലുടനീളം പ്രത്യക്ഷപ്പെട്ടു.

ഇസ്‌ലാമിക മതാധിഷ്ഠിത ഭരണത്തിന് വേണ്ടിയുള്ള ഇരുപത് വർഷത്തെ രാഷ്ട്രീയ കലാപങ്ങൾക്ക് നിർണ്ണായകമായ നേട്ടങ്ങൾ ലഭിക്കുകയായിരുന്നു. അഹ്മദികളെ അമുസ്‌ലിം ന്യൂനപക്ഷമായി പ്രഖ്യാപിക്കാൻ യാഥാസ്ഥിതിക മതപൗരോഹിത്യം കലാപങ്ങൾ അഴിച്ചുവിട്ടുകൊണ്ട് പ്രധാനമന്ത്രി സുൽഫിക്കർ അലി ഭൂട്ടോയിൽ സമ്മർദ്ദം ചെലുത്തി. ഭൂട്ടോയുടെ നേതൃത്വത്തിൽ പാകിസ്താനി പരിപ്രേക്ഷ്യത്തിൽ 'മുസ്‌ലിം' ആരാണെന്ന് നിർവ്വചിക്കപ്പെടുകയും നിയപരമായി അമുസ്‌ലിം ആരാണെന്ന് ലിസ്റ്റ് ചെയ്യപ്പെടുകയും ചെയ്തു. ബാക്കിയുള്ള പാകിസ്താനിലെ പുരോഗമനാത്മകമായ ഭരണഘടന ശരീഅത്ത് നിയമങ്ങൾക്ക് കീഴിൽ കൊണ്ടുവരികയായിരുന്നു ഈ ഭരണഘടനാ ഭേദഗതിയിലൂടെ തൽപരകക്ഷികൾ ലക്ഷ്യമിട്ടിരുന്നത്. 1974 സെപ്തംബർ 6 മുതൽ പ്രാബല്യത്തിൽ വന്ന പാകിസ്താനിലെ നിയമപ്രകാരം വ്യക്തമായും അഹ്മദികളുടെ മുസ്‌ലിം എന്ന ഐഡന്റിറ്റി കവർന്നെടുക്കപ്പെട്ടു.

## 1974ലെ റബ്‌വ സംഭവങ്ങൾ

അഹ്മദിയ്യാ ജമാഅത്തിന്റെ ശതാബ്ദിയാഘോഷ പ്രഖ്യാപനം പാകിസ്താനിലെ അഹ്മദിയ്യത്തിനോട് കൊടുംപകയുള്ള മുല്ലമാരെ വെറിപിടിപ്പിച്ചിരുന്നു. മുഹമ്മദ് സഫറുല്ലാഖാൻ സാഹിബ് വിലയിരുത്തുന്നു:

1974ന്റെ മദ്ധ്യത്തിൽ അഹ്മദിയ്യാ മുസ്‌ലിം സമൂഹത്തിനെതിരെ പകയും വിദ്വേഷവും ജനിപ്പിക്കുന്ന രീതിയിൽ ഒരു പദ്ധതി അവർ ആസൂത്രണം ചെയ്യുകയും നിർഭാഗ്യകരമെന്ന് പറയട്ടെ അത് വിജയിക്കുകയും ചെയ്തു. റബ്‌വ റെയിൽവേ സ്റ്റേഷനിൽ ഒരു രംഗം സൃഷ്ടിക്കുകയായിരുന്നു അവർ. അഹ്മദിയ്യത്തിനെതിരെ കഠിനശത്രുത വെച്ചുപുലർത്തിയിരുന്ന ഒരു സംഘടനയിൽപ്പെട്ട വിദ്യാർത്ഥികൾ റബ്‌വ റയിൽവേ സ്റ്റേഷനിൽ അപ്പോഴുണ്ടായിരുന്ന അഹ്മദികളെ പ്രകോപിപ്പിക്കുകയുണ്ടായി. വണ്ടിയിൽ വന്നിറങ്ങിയ വിദ്യാർത്ഥികളുമായുള്ള സംഘട്ടനത്തിൽ വിദ്യാർ ത്ഥികളിൽ ചിലർക്ക് നിസ്സാര പരിക്കുകൾ പറ്റുകയുണ്ടായി. അടുത്ത സ്റ്റേഷനിൽ വണ്ടി വന്നെത്തിയപ്പോൾ ഈ വിദ്യാർത്ഥികളെ വീരോചിതമായി സ്വീകരിക്കാനുള്ള ഏർപ്പാടുകൾ ചെയ്യപ്പെട്ടു. ഇസ്‌ലാമിനുവേണ്ടി അഹ്മദികളുടെ കയ്യാൽ ഗുരുതരമായി മർദ്ദിക്കപ്പെട്ടവർ എന്ന രീതിയിലാണ് അവർ സ്വീകരിക്കപ്പെട്ടത്. തീപിടിച്ച പ്രസംഗങ്ങളാണ് പിന്നീടുണ്ടായത്. പ്രസ്തുത സംഭവത്തെപറ്റി പൊടിപ്പും തൊങ്ങലും വെച്ച വാർത്തകളാണ് പിറ്റെ ദിവസത്തെ പത്രങ്ങളിൽ വന്നത്. അത് കൂടാതെ വിദ്യാർത്ഥികളെ ഗുരുതരമായി പരിക്കേൽപ്പിച്ചുവെന്നും അവരിൽ ചിലരുടെ നാവ് മുറിച്ചുകളഞ്ഞുവെന്നും ചിലരുടെ ജനനേന്ദ്രിയങ്ങൾ അരിഞ്ഞു കളഞ്ഞെന്നുമുള്ള നിറം പിടിപ്പിച്ച ഭീകരകഥകളുടെ വിവരണങ്ങളാണ് വന്നത്. ഇത് ആ സംസ്ഥാനത്താകെ ഒരു ഭീകര തരംഗം സൃഷ്ടിക്കുകയും അഹ്മദിയ്യാ ജമാഅത്തിലെ അംഗങ്ങൾക്കെതിരെ സകലവിധത്തിലുള്ള അതിക്രമങ്ങൾ അഴിച്ചുവിടാനും കാരണമായി. ലാഹോർ ഹൈക്കോടതിയിലെ ഒരു ജഡ്ജി ഈ സംഭവങ്ങളെപ്പറ്റി അന്വേഷിക്കുകയുണ്ടായി. അന്വേഷണാധികാരികളുടെ മുമ്പിൽ സമർപ്പിക്കപ്പെട്ട മെഡിക്കൽ രേഖകളിൽ വിദ്യാർത്ഥികളുടെ പരിക്കുകളെല്ലാം വളരെ നിസ്സാരമാണെന്നും ആർക്കും തന്നെ ഗുരുതരമായ പരിക്കുകളില്ലെന്നും തെളിയിക്കപ്പെടുകയുണ്ടായി. (2)

റബ്‌വാ സംഭവത്തെ തുടർന്ന് നടന്ന വ്യാപകമായ അരാജകവാഴ്ചയിൽ നിരവധി അഹ്മദികൾ കൊല്ലപ്പെടുകയുണ്ടായി. അഹ്മദികളെ അംഗഛേദം വരുത്തുകയും പരുക്കേൽപ്പിക്കുകയും ചെയ്തു. അഹ്മദികളുടെ സ്വത്തുക്കൾ വ്യാപകമായ തോതിൽ കൊള്ളയടിക്കപ്പെടുകയും നശിപ്പിക്കപ്പെടുകയും ചെയ്തു.

ഒരു സംഭവത്തിലും തന്നെ പോലീസും സിവിൽ അധികാരികളും ഇടപെടുകയോ അക്രമത്തിന് വിധേയരായ അഹ്മദികൾക്ക് സംരക്ഷണം നൽകുകയോ ചെയ്തിട്ടില്ല. അഹ്മദികൾക്കെതിരെയും അവരുടെ സ്വത്തിനെതിരെയും നിരവധി അതിക്രമങ്ങൾ നടന്നിട്ടും ഒരന്വേഷണം പോലും നടത്തിയിട്ടില്ല. അതിന്റെ പേരിൽ ഒരാളും വിചാരണ ചെയ്യപ്പെടുകയോ അറസ്റ്റ് ചെയ്യപ്പെടുകയോ ഉണ്ടായില്ല. അഹ്മദികൾക്ക് നേരിട്ട നഷ്ടങ്ങൾക്ക് ഒരു നഷ്ടപരിഹാരവും നൽകപ്പെട്ടിട്ടില്ല. വാസ്തവത്തിൽ അരാജകത്വത്തേയും അക്രമങ്ങളേയും പോലീസ് തുറന്ന നിലയിൽ പ്രോത്സാഹിപ്പിക്കുന്ന ചില സംഭവങ്ങളുണ്ടായിരുന്നു. (3)

കഠിനമായ പീഡനങ്ങൾക്ക് നടുവിലും 'അഹ്മദിയ്യാ സമൂഹം സഹനത്തിന്റെ സമ്പൂർണ്ണ മാതൃകയായി വർത്തിക്കുകയായിരുന്നു. അഹ്മദികൾക്കെതിരെ ചില സ്ഥലങ്ങളിൽ ബഹിഷ്കരണം സംഘടിപ്പിക്കുകയുണ്ടായി. അത് അവർക്ക് വമ്പിച്ച ദുരിതങ്ങളാണ് വരുത്തിവെച്ചത്, പ്രത്യേകിച്ചും സ്ത്രീകൾക്കും കുട്ടികൾക്കും, വൃദ്ധജനങ്ങൾക്കും.

പരീക്ഷണങ്ങളുടെ കാഠിന്യം കൂടുന്നതിനനുസരിച്ച് അതിനു മുമ്പുണ്ടായിരുന്നതിനേക്കാൾ അഹ്മദികൾക്കിടയിൽ ഐക്യവും ഉത്സാഹവും അധികരിച്ചു വരികയാണുണ്ടായത്. നിയമപരമായ നടപടിക്രമത്തിലൂടെ അഹ്മദികളെ ഇസ്‌ലാമിൽ നിന്നും പുറത്താക്കണമെന്ന് ശത്രുക്കൾ ആവശ്യപ്പെട്ടു തുടങ്ങി. അതിനുവേണ്ടി നാഷനൽ അസംബ്ലിയിൽ ഉചിതമായ തീരുമാനങ്ങളെടുക്കാൻ ഒരു പ്രഖ്യാപനം നടത്താനും പ്രധാനമന്ത്രിയിൽ അവർ സമ്മർദ്ദം ചെലുത്തുകയുണ്ടായി.

## മുഹമ്മദ് സഫറുല്ലാഹ് ഖാൻ വീണ്ടും

അസംബ്ലിയുടെ ആദ്യ സെഷനിൽ തന്നെ ഗവൺമെന്റ് ഒരു പ്രമേയം അവതരിപ്പിക്കുകയുണ്ടായി. അഹ്മദിയ്യാ പ്രസ്ഥാനത്തിലെ അംഗങ്ങൾ മുസ്‌ലിംകളല്ല എന്ന് പ്രഖ്യാപിക്കുന്ന ഈ പ്രമേയം നിയമത്തിനും ഭരണഘടനാപരമായ ആവശ്യങ്ങൾക്കും വേണ്ടിയായിരുന്നു. പ്രമേയത്തെപ്പറ്റി ചർച്ച നടക്കുന്ന അവസരത്തിൽ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് മൂന്നാമൻ (റഹ്) അഹ്മദികളുടെ വിശ്വാസത്തെപ്പറ്റിയും അദ്ധ്യാപനങ്ങളെപ്പറ്റിയും വിശദീകരിക്കാൻ മുഴുവൻ അസംബ്ലി മെമ്പർമാരും അടങ്ങിയ കമ്മിറ്റി മുമ്പാകെ ക്ഷണിക്കപ്പെട്ടിരുന്നു.

വിശ്വാസം, ആദർശം, അദ്ധ്യാപനം എന്നിവയുടെ

സൂക്ഷ്മ വിശദാംശങ്ങൾവരെ സുദീർഘമായി അറ്റോർണി ജനറൽ ഹുസൂർ തിരുമനസ്സിൽ നിന്നും ആരാഞ്ഞു പരിശോധിക്കുകയുണ്ടായി. എല്ലാ നടപടി ക്രമങ്ങളും ബൂമറാങ്ങ് എറിഞ്ഞത്പോലെ പ്രമേയം അവതരിപ്പിച്ചവരിലേക്കും അതിനെ പിന്താങ്ങിയവരി ലേക്കും തിരിച്ചുചെന്നു. അവർ അവിടെ പ്രത്യക്ഷപ്പെ ടുന്നത് അനുചിതവും പരിഹാസ്യവുമായി അവർക്ക് തന്നെ തോന്നി. എന്നിരുന്നാലും അസംബ്ലി ഇഴഞ്ഞു നീങ്ങി. ആവശ്യമായ ഭൂരിപക്ഷത്തോടെ പ്രമേയം പാസായി. പിന്നീട് അംഗീകാരത്തിനുവേണ്ടി സെനറ്റി ലേക്കയച്ചു. ഏതാനും മണിക്കൂറുകൾക്കുള്ളിൽ അത് അംഗീകരിച്ചു. നിരന്തരം ആവർത്തിച്ച് ആവശ്യപ്പെ ട്ടിട്ടും കമ്മറ്റിയുടെ നടപടിക്രമങ്ങൾ പൊതുജനങ്ങൾക്ക് ലഭ്യമാകാൻ വേണ്ടി പ്രസിദ്ധീകരിച്ചിട്ടില്ല (4)

1974 ഡിസംബർ 26ന് വാർഷിക സമ്മേളനത്തിൽ ഖലീഫത്തുൽ മസീഹ് മൂന്നാമൻ പറഞ്ഞു:

ഈ ജമാഅത്തിലെ ആളുകൾക്ക് അവരുടെ വിശ്വാസം മൂലം അനുഭവിക്കേണ്ടി വന്ന വ്യക്തിപര മായ അതിക്രമങ്ങൾ എല്ലാം ഒന്നായി എന്റെ ഹൃദയ ത്തിൽ പതിക്കുകയാണ്. ആ ദിനങ്ങളിൽ അല്ലാഹു വിന്റെ കാരുണ്യം കൊണ്ടും മഹത്വം കൊണ്ടും ഞാൻ ഒരു നിമിഷം പോലും ഉറങ്ങാതെ രാത്രിയിലുടനീളം തന്റെ ജമാഅത്തിലെ അംഗങ്ങൾക്ക് വേണ്ടി പ്രാർത്ഥ നാനിരതനായിരുന്നിട്ടുണ്ട്. (5)

മേൽപറഞ്ഞ കമ്മിറ്റിക്കുമുമ്പാകെ നിലപാടുകൾ വിശദീകരിക്കാനും ചോദ്യങ്ങൾക്ക് മറുപടി പറയാനും അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ തലവൻ ഹദ്റത്ത് മിർസാ നാസിർ അഹ്മദ് (റഹ്) ഖലീഫത്തുൽ മസീഹ് മൂന്നാമനോട് നേരിട്ട് വന്ന് ഹാജരാവാൻ ഗവൺമെന്റ് ആവശ്യപ്പെടുകയായിരുന്നു. നാലുപേരടങ്ങിയ ഒരു സംഘ ത്തെ തന്നെ സഹായിക്കാൻ ഗവൺമെന്റ് അനു വദിക്കുകയുണ്ടായി. അങ്ങനെ സഹായികളായ നാലു പേരുമടക്കം അഞ്ചു പേരടങ്ങിയ സംഘമായിരുന്നു നാഷനൽ അസംബ്ലിയിലെ കമ്മിറ്റി മുമ്പാകെ ഹാജരായ അഹ്മദിയ്യാ പ്രതിനിധികൾ. മറ്റുനാലുപേർ താഴെ പറ യുന്നവരായിരുന്നു.

* ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ് (പിന്നീട് 4ാം ഖലീഫയായി)

* മൗലാനാ അബുൽ അതാ ജാലന്തരി (അഹ് മദി പണ്ഡിതൻ)

* ശൈഖ് മുഹമ്മദ് അഹ്മദ് മസ്ഹർ (മുൻ അമീർ അഹ്മദിയ്യാ ജമാഅത്ത്, ഫൈസലാബാദ്)

* മൗലാനാ ദോസ്ത് മുഹമ്മദ് ശാഹിദ് (ചരിത്ര കാരൻ)

അഹ്മദിയ്യാ ജമാഅത്തിന്റെ നിലപാടുകൾ 'മദ് ഹർ നാമ' എന്ന പേരിൽ പ്രസിദ്ധീകൃതമായിട്ടുണ്ട്. ആ മെമ്മോറാണ്ടം ഒരു ചരിത്രരേഖ കൂടിയാണ്. ഈ രേഖ യുടെ സമർപ്പണത്തിന് ശേഷം പാകിസ്താൻ പൊതു അസംബ്ലിയിൽ അറ്റോർണി ജനറലും മുസ്‌ലിം പണ്ഡി തന്മാരും ചേർന്ന് അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിനെ പതിനൊന്ന് ദിവസം പൊരിക്കുന്ന രീതിയിലുള്ള ചോദ്യം ചെയ്യലിന് വിധേയമാക്കി. അവർ ഉന്നയിച്ച എല്ലാ ആരോപണങ്ങൾക്കും ഹദ്റത്ത് ഖലീഫത്തുൽ മസീഹ് മൂന്നാമൻ ഒറ്റക്ക് തന്നെ മറുപടി പറഞ്ഞു. അവ രുടെ എല്ലാ ചോദ്യങ്ങൾക്കും യുക്തിസഹമായി മറു പടി പറഞ്ഞു. അവരുടെ ആരോപണങ്ങളെയെല്ലാം അടി ച്ചുതകർത്തു കളഞ്ഞു. അഹ്മദിയ്യാ മുസ്‌ലിം പ്രസ്ഥാ നത്തിന്റെ ഏറ്റവും സമുന്നതമായ ഒരു പ്രതിരോധമാ യിരുന്നു ഇത്. കമ്മിറ്റിയുടെ നടപടിക്രമങ്ങൾ മുഴുവനും പ്രസിദ്ധീകരിക്കണമെന്ന് നിരന്തരം ആവശ്യപ്പെട്ടിട്ടും അത് ചെയ്യാത്തതിൽ നിന്നും അവരുടെ ആരോപണ ങ്ങളുടെ പൊള്ളത്തരങ്ങൾ വെളിപ്പെടുന്നു.

മുഹമ്മദ് സിയാഉൽ ഹഖിന്റെ പട്ടാളഭരണകാലത്ത് സാഹചര്യങ്ങൾ വീണ്ടും മോശമായി. 1984ൽ സിയാ ഉൽഹഖ് പുറപ്പെടുവിച്ച കുപ്രസിദ്ധമായ ഇരുപതാം നമ്പർ ഓർഡിനൻസ് പ്രകാരം മതന്യൂനപക്ഷങ്ങളുടെ പൊതുവേയും അഹ്മദികളുടെ പ്രത്യേകിച്ചുമുള്ള പ്രവർത്തനങ്ങൾക്കു കൂച്ചുവിലങ്ങിടുകയുണ്ടായി. ഇരു പതാം നമ്പർ ഓർഡിനൻസ് പ്രകാരം അഹ്മദികൾ അവരുടെ വിശ്വാസം വാക്കുകൾകൊണ്ടോ എഴുത്തു കൊണ്ടോ പ്രകടിപ്പിക്കാൻ പാടുള്ളതല്ല. പാകിസ്താ നിലെ പോലീസ് അഹ്മദികളുടെ ഖുർആൻ പരിഭാഷ നിരോധിക്കുകയും സാഹിത്യങ്ങൾ കണ്ടുകെട്ടുകയും ചെയ്തു. അഹ്മദികളുടെ കല്യാണക്ഷണക്കത്തുകളിൽ ഇസ്‌ലാമിക സംജ്ഞകൾ ഉപയോഗിക്കൽ, അഹ്മദിക ളുടെ മയ്യത്ത് നമസ്ക്കാരങ്ങൾ, അഹ്മദികളുടെ കബ റുകളിൽ കലിമ പ്രദർശിപ്പിക്കൽ എല്ലാം ഈ ഓർഡി നൻസ് പ്രകാരം നിരോധിക്കപ്പെട്ടു. ഇരുപതാം ഓർഡി നൻസ് പ്രകാരം അഹ്മദികൾക്ക് അവരുടെ വിശ്വാസം പൊതുവായി പ്രഖ്യാപിക്കാനോ, പ്രചരിപ്പിക്കാനോ, പള്ളികൾ പണിയാനോ, അവരുടെ പ്രാർത്ഥനകളെ മുസ്‌ലിം ആരാധനകളെന്ന് പറയാനോ പാടുള്ളതല്ല.

1986ൽ പാസ്സാക്കിയ ക്രിമിനൽ നിയമത്തോടൊപ്പം പാർലമെന്റു സെക്ഷൻ 295 സി ഭേദഗതി ചെയ്യുകയു

# ആത്മീയ പരിവർത്തനത്തിന്റെ കാലം

## ഹദ്റത്ത് അഹ്മദ് (അ)

മാന്യശ്രോതാക്കളെ! ഇനി ഞാൻ ഈ രാജ്യത്ത് വെച്ച് ഞാൻ ചെയ്തിട്ടുള്ള ഒരു വാദത്തെക്കുറിച്ച് നിങ്ങളുടെ മുമ്പാകെ അൽപം സംസാരിക്കാൻ ആഗ്രഹിക്കുന്നു. ലോകത്ത് പാപപങ്കിലമായ അന്ധകാരം പടരുകയും ഭൂമുഖത്ത് എല്ലാ വിധത്തിലുള്ള തിന്മകളും പരക്കുകയും ആത്മീയത കുറഞ്ഞു പോകുകയും പാപകർമ്മങ്ങളിൽ ഭൂമുഖം മലീമസമാവുകയും ദൈവസ്നേഹം കുറഞ്ഞ് വിഷലിപ്തമായ വായു നാലുപുറവും വീശുകയും ചെയ്യുമ്പോൾ ദൈവീകകാരുണ്യത്താൽ ഭൂമിയെ പുനർജീവിപ്പിക്കുകയും ഭൂമുഖത്ത് ആത്മീയപരിവർത്തനം വരുത്തുകയും ചെയ്യുവാനുള്ള ഏർപ്പാടു ചെയ്യപ്പെടുന്നതായി നമുക്ക് മതചരിത്രവും നമ്മുടെ യുക്തിയും ബുദ്ധിയും പറഞ്ഞുതരുന്നു.

ഭൗതീകമായ രീതിയിൽ നോക്കുമ്പോൾ കാലാവസ്ഥകൾ മാറിമാറി വരുന്നതായി നമുക്കു കാണാൻ സാധിക്കും. ശരത്കാലത്തിൽ വൃക്ഷങ്ങളിലെ പുഷ്പങ്ങളും ഇലകളും ഫലങ്ങളും ഉതിർന്നു വീഴുകയും അവ ക്ഷയരോഗം പിടിപ്പെട്ടത് പോലെ ശുഷ്കിച്ച് വികൃതരൂപം കൊള്ളുകയും ചെയ്യുന്നു. അതിനുശേഷം വസന്തകാലം പ്രത്യക്ഷപ്പെടുന്നു. ശുഷ്കിച്ചു ചുക്കിച്ചുളിഞ്ഞ വൃക്ഷത്തിന് നവചൈതന്യം കൈവരികയും അവയിൽ മനോഹരങ്ങളായ പുഷ്പങ്ങളും ഇടതിങ്ങി കിടക്കുന്ന ഇലകളും നിറഞ്ഞുനിൽക്കുന്ന ഫലങ്ങളും പ്രത്യക്ഷപ്പെടുകയും ചെയ്യുന്നു.

മനുഷ്യജാതിയുടെ അവസ്ഥയും ഇതുതന്നെ. അവന്റെ ജീവിതത്തിൽ അന്ധകാരവും പ്രകാശവും ഒന്നിനു പിറകെ മറ്റൊന്നായി മാറിമാറി വരുന്നു. ഒരു ഘട്ടത്തിൽ അവന്റെ ഹൃദയത്തിൽ വസന്ത സമൃദ്ധിയുടെ പെയ്ത്തു നടത്തുകയും അവന്ന് ആത്മീയോൽകർഷം മൂലമുണ്ടാകുന്ന ആനന്ദം ലഭ്യമാകുകയും ചെയ്യുന്നു. ലോകാരംഭം മുതൽ ഈ രണ്ടുവിധത്തിലുള്ള അവസ്ഥകളും അവന്റെ ജീവിതത്തിൽ വന്നും പോയും കൊണ്ടിരിക്കുന്നു. നാം ജീവിച്ചിരിക്കുന്ന ഈ കാലഘട്ടം ഒരു പുതിയ വസന്തത്തിന്റെ ഉദയദശയാണ്.

*(ലാഹോർ പ്രഭാഷണം)*

ണ്ടായി. അതിൽ മതനിന്ദ പിഴശിക്ഷ മുതൽ ജീവപര്യന്തം ശിക്ഷ വരെ ലഭിക്കുന്ന കുറ്റമാക്കി വ്യവസ്ഥ ചെയ്തു. കാരണം മിർസാ ഗുലാം അഹ്മദ് ഖാദിയാനി (അ)യെ ഒരു പ്രവാചകനായി വിശ്വസിക്കുന്ന അഹ്മദികളുടെ വിശ്വാസം മതനിന്ദയാണെന്നും അത് മുഹമ്മദ് നബി(സ)യുടെ സ്ഥാനത്തിനെതിരെയുള്ള നിന്ദയാണെന്നുമാണ് കണക്കാക്കുന്നത്. സെക്ഷൻ 295 സി മുഖേന അഹ്മദികളെ പീഡിപ്പിക്കുന്നത് സിയാഉൽ ഹക്കും പാകിസ്താൻ ഗവൺമെന്റും അങ്ങനെ വ്യവസ്ഥാപിതമാക്കുകയുണ്ടായി. അങ്ങനെ മതവിശ്വാസം വെച്ചുപുലർത്തുന്ന അഹ്മദികൾ മതനിന്ദകരാണെന്നും അവർ വധാർഹരാണെന്നും കണക്കാക്കപ്പെട്ടു.

Reference

1. ഖിലാഫത്തെ ഹഖ, ഇസ്‌ലാമിയ്യ പേ. 17-18.
2. Renaissance of Islam. Muhammed Zafrulla Khan
3. Ibid.
4. B.A. Rafiq; The Muslim Herald Nov. 1977.

*(10-ൽ നിന്ന് തുടർച്ച)*

ന്നുനില്ക്കലല്ല, സ്ഥിരമായിട്ട് ആ ശീലം ഉണ്ടാക്കിയെടുക്കണം.

അല്ലാഹു മനുഷ്യന്റെ ഉള്ളിന്റെയുള്ളുവരെ അറിയുന്നവനാണ്. ഹൃദയാവസ്ഥ അറിയുന്നവനാണ്. മനുഷ്യപ്രവൃത്തിയുടെ പിന്നിലുള്ള ഉദ്ദേശ്യമെന്തെന്ന് അറിയുന്നവനാണ്. രഹസ്യവും പരസ്യവുമായതെല്ലാം അറിയുന്നവനാണ്. അവന്റെ ഗുണവിശേഷങ്ങൾ മുന്നിൽവച്ചുകൊണ്ട് ഓരോ നോമ്പുകാരനും നോമ്പനുഷ്ഠിക്കുകയും ശരീരേച്ഛയോട് പോരാടുകയും ചെയ്താൽ ആ നോമ്പ് അവന് പ്രതിഫലമായിത്തീരും. 'ഇന്ന് ഞാൻ ഈ തെറ്റായ ചിന്താഗതികളിൽ നിന്ന് അകന്നുനില്ക്കുമെന്ന്' വിചാരത്തോടെ നോമ്പുനോറ്റാൽ - റമളാനിൽ മാത്രമല്ല, എന്നെന്നേക്കുമായി - ആ നോമ്പ് അല്ലാഹുവിനു വേണ്ടിയുള്ളതായിരിക്കും." അതാണ് അല്ലാഹുവിനുവേണ്ടി പിടിക്കുന്ന നോമ്പ് എന്നു പറയപ്പെടുന്നത്.

**വിവ: മുഹമ്മദ് ഇസ്മായിൽ**

ലേഖനം

ഡോ. ഇഫ്ത്തിഖാർ അഹ്മദ് അയാസ്

# ഹദ്റത്ത് മസീഹ് മൗഊദി(അ)ന് വിശുദ്ധ ഖുർആനോടുണ്ടായിരുന്ന അനുരക്തി

## 2006-ലെ യു.കെ. അഹ്മദിയ്യാ സമ്മേളനത്തിൽ ചെയ്ത പ്രസംഗം.

അവസാനകാലത്തെ സംബന്ധിച്ച് വിശുദ്ധ ഖുർആനിലെ സൂറ അൽഫുർഖാനിൽ ഒരു പ്രവചനമുണ്ട്. അതിപ്രകാരമാണ്:

"ദൈവദൂതൻ പറയും,' എന്റെ നാഥാ! എന്റെ ജനം ഈ ഖുർആനെ പുറംതള്ളിയ നിലയിൽ വിട്ടുകളഞ്ഞു" (വിശുദ്ധ ഖുർആൻ 25:31)

നമ്മുടെ യജമാനരായ ഹദ്റത്ത് മുഹമ്മദ് മുസ്തഫാ (സ.അ.) വാഗ്ദത്ത മസീഹി(അ)ന്റേയും മഹ്ദിയുടേയും ആഗമനത്തെ സംബന്ധിച്ച് സുവിശേഷമറിയിച്ചിട്ടുണ്ട്. വിശുദ്ധ ഖുർആന്റെ മേന്മയും ശ്രേഷ്ഠതയും അതിന്റെ പ്രചാരണവും വിളംബരം ചെയ്യലാണ് അദ്ദേഹത്തിന്റെ മുഖ്യ ദൗത്യം.

തിരുമേനി(സ.അ.) പറഞ്ഞു: വിശ്വാസം കാർത്തിക നക്ഷത്രത്തോളം ഉയർന്നുപോകുമ്പോൾ പേർഷ്യൻ വംശജനായ ഒരാൾ അതിനെ തിരികെ കൊണ്ടുവരും. മറ്റു ചില വിവരണങ്ങളിൽ സൂചിപ്പിക്കപ്പെട്ടിരിക്കുന്നത് വിശുദ്ധ ഖുർആന്റെ ജ്ഞാനം അപ്രത്യക്ഷമാവുകയും വിശുദ്ധ ഖുർആൻ പരിത്യജിക്കപ്പെടുകയും ചെയ്യുമെന്നാണ്.

വാഗ്ദത്ത മസീഹിന്റെ ആഗമനത്തിന് മുമ്പുള്ള അവസ്ഥ ഇതു തന്നെയായിരുന്നു. തിരുനബി(സ.അ) യുടെ വചനത്തിൽ വിശുദ്ധ ഖുർആന്റെ പേരല്ലാതെ മറ്റൊന്നും അവശേഷിക്കുകയില്ലെന്നും ഒരലങ്കാരവസ്തുവായി അത് അലമാരയിൽ വെക്കപ്പെടുമെന്നും അതുമായി ബന്ധപ്പെട്ടുകൊണ്ട് ദുരാചാരങ്ങൾ ഉണ്ടാകുമെന്നും മനസ്സിലാകുന്നു. അതിന്റെ അർത്ഥവും പ്രയോഗവും അപകടകരമായ നിലയിൽ ഉപേക്ഷിക്കപ്പെടുകയും ചെയ്യും.

വിശുദ്ധ ഖുർആന്റേയും തിരുനബിയുടേയും ആ മഹത്തായ പ്രവചനം സാക്ഷാൽക്കരിക്കപ്പെട്ടത്, സർവ്വോന്നതനായ അല്ലാഹു വാഗ്ദത്ത മസീഹും മഹ്ദിയുമായി ഹദ്റത്ത് മിർസാ ഗുലാം അഹ്മദിനെ (അ) വിശുദ്ധ ഖുർആന്റെ യഥാർത്ഥ പ്രേമിയായി നിയോഗിച്ചപ്പോഴായിരുന്നു. അദ്ദേഹം അളക്കാൻ കഴിയാത്ത ആഴത്തിൽ വിശുദ്ധ ഖുർആന്റെ സമുദ്രത്തിൽ മുങ്ങിക്കൊണ്ട് വിലമതിക്കാനാവാത്ത രത്നങ്ങൾ പുറത്തുകൊണ്ടുവന്നു. അത് കാലഘട്ടത്തിന്റെ ആവശ്യമായിരുന്നു.

വാഗ്ദത്ത മസീഹ്(അ) വിശുദ്ധ ഖുർആൻ പഠിക്കാൻ സ്ഥിരമായി സമർപ്പിക്കപ്പെട്ടയാളായിരുന്നു. അദ്ദേഹത്തിനു വിശുദ്ധ ഖുർആനോടുള്ള കൂറും ഭക്തിയും അതിനോടദ്ദേഹം കാണിച്ച അനുരക്തിയുടെ അഗാധമായ വികാരങ്ങളും ഏതൊരാളേയും അത്ഭുതപ്പെടുത്തുകയും അമ്പരപ്പിക്കുകയും ചെയ്യും.

മാർഗ്ഗദർശനത്തിന്റെ ഒരു സ്രോതസ്സെന്ന നിലയിൽ വിശുദ്ധ ഖുർആനിൽ നിന്നും അദ്ദേഹം നേടിയ ജ്ഞാനവും വിശ്വാസ്യതയും ഏകാന്തതയിൽ അദ്ദേഹം നേടിയ ഉള്ളഴിഞ്ഞ പ്രാർത്ഥനകളുടെ ഫലമായിരുന്നു. സർവ്വാധിനാഥനും സ്രഷ്ടാവുമായി അല്ലാഹുവിനെ അദ്ദേഹം അഭിസംബോധന ചെയ്തത് ഇവ്വിധമായിരുന്നു.

വിശുദ്ധ ഖുർആൻ പഠിക്കുകയും അതിനെക്കുറിച്ചു ചിന്തിക്കുകയും ചെയ്യുമ്പോൾ അദ്ദേഹം ഏകാഗ്രമായും പ്രാർത്ഥനാനിർഭരമായും അല്ലാഹുവിനെ അഭിസംബോധന ചെയ്തതിപ്രകാരമായിരുന്നുവെന്ന് ഒരിക്കൽ കണ്ടെത്തി. "എന്റെ സ്രഷ്ടാവായ അല്ലാ

ഹുവേ, ഇത് നിന്റെ സന്ദേശമാണ്. നീ തന്നെ എനിക്കത് പഠിപ്പിച്ചുതന്നെങ്കിൽ മാത്രമേ എനിക്കതാസ്വദിക്കാൻ സാധ്യമാവൂ.

അദ്ദേഹത്തിന്റെ അസ്തിത്വത്തിന്റെ ഓരോ കണികയും അദ്ദേഹത്തിൽ കുടികൊണ്ട ദൈവിക വചനത്തോടുള്ള അഗാധമായ അനുരക്തിയായിരുന്നു. തന്റെ ജീവിതത്തിന്റെ എല്ലാ താല്പര്യവും ഇതിൽ നിമഗ്നമായിരുന്നു.

അദ്ദേഹം തന്റെ മാസ്റ്റർ പീസായ ലിഖിതങ്ങൾ രചിക്കുമ്പോൾ തന്റെ കൈകളിൽ വിശുദ്ധ ഖുർആൻ പിടിച്ചുകൊണ്ട് അങ്ങോട്ടുമിങ്ങോട്ടും നടന്നുകൊണ്ട് അത് പാരായണം ചെയ്യുകയും അതിനെക്കുറിച്ചു ചിന്തിച്ചുകൊണ്ടിരിക്കുകയുമായിരുന്നു. അദ്ദേഹം എല്ലാ സമയങ്ങളിലും വിശുദ്ധ ഖുർആന്റെ ഒരു പ്രതി കയ്യിൽ കരുതുമായിരുന്നു. അതെപ്പോഴും പാരായണം ചെയ്യുകയും പ്രസക്ത ഭാഗങ്ങൾ അടയാളപ്പെടുത്തുകയും ചെയ്യുമായിരുന്നു. വിശുദ്ധ ഖുർആൻ ആയിരക്കണക്കിന് തവണ അദ്ദേഹം പാരായണം ചെയ്തിരുന്നു എന്നു പറയുന്നതിൽ അതിശയോക്തിയില്ല. എഴുത്തുകാരും പണ്ഡിതന്മാരും പ്രാസംഗികന്മാരും തങ്ങളുടെ രചനകൾ തയ്യാറാക്കുമ്പോൾ പ്രസക്തമായ ഗ്രന്ഥങ്ങൾ ഉപയോഗപ്പെടുത്തുമായിരുന്നു. എന്നാൽ വാഗ്ദത്ത മസീഹ് (അ) വിശുദ്ധ ഖുർആൻ മാത്രമാണ് ഉപയോഗപ്പെടുത്താറുണ്ടായിരുന്നത്. അതുകൊണ്ടാണ് അദ്ദേഹത്തിന്റെ രചനകളിൽ വിശുദ്ധ ഖുർആൻ വചനങ്ങൾ ധാരാളമായി ഉപയോഗിച്ചിരുന്നത് എന്ന് പറയാതെ നിർവ്വാഹമില്ല. ചുരുക്കത്തിൽ, അദ്ദേഹത്തിന്റെ എല്ലാ എഴുത്തുകളും വിശുദ്ധ ഖുർആന്റെ ഒടുങ്ങാത്ത വ്യാഖ്യാനങ്ങളാണ്. അദ്ദേഹം വെളിപ്പെടുത്തിയ ഖുർആൻ ജ്ഞാനങ്ങൾ തന്റെ അനുയായികൾക്ക് പ്രചോദനം നൽകുകയും അതുമായി ഒട്ടി നിൽക്കാൻ അവരെ പ്രാപ്തരാക്കുകയും ചെയ്തത് ഈ രീതിയിലാണ്. അതവർ തങ്ങളുടെ ജീവിതക്രമമാക്കി. ഇതൊരു അത്ഭുതകരമായ നേട്ടമാണ്, അതുപോലെയൊന്നു ലോകം ഒരിക്കലും ദർശിച്ചിട്ടുമില്ല.

വാഗ്ദത്ത മസീഹ് (അ) തന്റെ എഴുത്തുകളിലൊന്നിൽ പറയുന്നു: 'വിശുദ്ധ ഖുർആന്റെ പ്രകാശം എന്റെ ഹൃദയത്തെ ഒളിച്ചിറങ്ങിയിരിക്കുന്നു. മറ്റൊന്നുകൊണ്ടും എനിക്കത് സ്വായത്തമാക്കാൻ സാധിക്കുമായിരുന്നില്ല. വിശുദ്ധ ഖുർആൻ ഇല്ലായിരുന്നുവെങ്കിൽ എന്റെ ജീവിതത്തിൽ സന്തുഷ്ടിയുണ്ടാകുമായിരുന്നില്ലെന്നതിന് ദൈവം സാക്ഷിയാണ്. (ആയിനയെ കമാലാത്തെ ഇസ്ലാം, റൂഹാനിഖസായിൻ വാള്യം 5 പേജ് 545 – 546)

ഈ വിഷയകമായി ഖലീഫത്തുൽ മസീഹ് റാബിഅ് (റഹ്) പറഞ്ഞു: "ഏറ്റവും ശക്തമായും ആകർഷകമായ നിലയിലും ആയിരുന്നു വാഗ്ദത്ത മസീഹ് (അ) മനസ്സിലാക്കിയ വിശുദ്ധ ഖുർആന്റെ അവതരണം."

(മജ്ലിസ് ശൂറ, പെഡ്രോബാദ്, സ്പെയിൻ സപ്തംബർ 1982)

വാഗ്ദത്തമസീഹ് (അ) വിശുദ്ധ ഖുർആൻ പാരായണം ചെയ്യുകയും പഠിക്കുകയും അതേക്കുറിച്ചു ചിന്തിക്കുകയും ചെയ്തുവെന്നു മാത്രമല്ല, തന്റെ അനുയായികളെ അപ്രകാരം ചെയ്യാൻ ഉപദേശിക്കുകയും ചെയ്തു. വിശുദ്ധ ഖുർആൻ പാരായണം ചെയ്യുന്നത് കേൾക്കാനും അദ്ദേഹമിഷ്ടപ്പെട്ടിരുന്നു. ഒരിക്കലദ്ദേഹം നടക്കാനിറങ്ങിയപ്പോൾ കൂട്ടത്തിലുണ്ടായിരുന്ന ഹാജി ഹബീബു റഹ്മാൻ സാഹിബ് വിശുദ്ധ ഖുർആൻ അതി മധുരമായി പാരായണം ചെയ്യുമെന്ന് ആരോ പറഞ്ഞു. വാഗ്ദത്ത മസീഹ് (അ) റോഡരികിൽ ഇരുന്നശേഷം അദ്ദേഹത്തോട് വിശുദ്ധ ഖുർആൻ പാരായണം ചെയ്യാൻ അഭ്യർത്ഥിച്ചു. അദ്ദേഹം അപ്രകാരം തന്നെ ചെയ്തു. വിശുദ്ധ ഖുർആൻ പാരായണം ചെയ്യുന്നത് കേൾക്കുമ്പോൾ വാഗ്ദത്ത മസീഹിന്റെ (അ) കവിൾത്തടങ്ങളിലൂടെ അശ്രുകണങ്ങൾ ഒഴുകി.

മതമഹാസമ്മേളനത്തിൽ അതിബ്രഹത്തായ ശ്രോതാക്കൾക്ക് മുമ്പിൽ വായിക്കപ്പെട്ട "ഇസ്ലാം മത തത്വജ്ഞാന"മെന്ന വാഗ്ദത്ത മസീഹിന്റെ വിശ്രുതമായ ഗ്രന്ഥവും വിശുദ്ധ ഖുർആനോടുള്ള അദ്ദേഹത്തിന്റെ അനുരക്തിക്കും ഭക്തിക്കും പ്രകടമായ തെളിവാണ്. സമ്മേളനത്തിൽ നിശ്ചയിക്കപ്പെട്ട അഞ്ചു വിഷയങ്ങളെക്കുറിച്ച് വിശുദ്ധ ഖുർആനിൽ നിന്ന് വാഗ്ദത്ത മസീഹ് (അ) എടുത്തുകാണിച്ച മഹാത്ഭുതമായി രുന്നു അത്.

വാഗ്ദത്ത മസീഹി(അ)ന്റെ അസ്തിത്വം തന്നെ വിശുദ്ധ ഖുർആനുവേണ്ടിയായിരുന്നുവെന്ന് അദ്ദേഹത്തിനു ചുറ്റുമുള്ളവർക്ക് അനുഭവപ്പെട്ടു. തന്റെ പിതാവ് വാഗ്ദത്ത മസീഹി(അ)നോട് വളരെ അടുപ്പം കാണിച്ച വ്യക്തിയായിരുന്നുവെന്ന് പരേതനായ ഫസലുദ്ദീൻ സാഹിബിന്റെ മകളും വൃദ്ധയുമായ ഹയാത്ത് ബീവി സാഹിബ നിവേദനം ചെയ്യുന്നു. അദ്ദേഹം വാഗ്ദത്ത മസീഹി(അ)നുവേണ്ടി ഭക്ഷണം തയ്യാറാക്കി എത്തിച്ചു കൊടുക്കുമായിരുന്നു. ഹുസൂർ അകത്ത് പോയി വാതിലടച്ചു വരാന്തയിലിരുന്ന് വിശുദ്ധ ഖുർആൻ പാരായണം ചെയ്യുമായിരുന്നുവെന്ന് അദ്ദേഹം പറഞ്ഞു. ചിലപ്പോൾ വാഗ്ദത്ത മസീഹ് (അ) സുദീർഘമായി സാഷ്ടാംഗ പ്രണാമം നടത്തുകയും തന്റെ കണ്ണുനീർ കൊണ്ട് നിലം നനയുമാറ് കരയുകയും ചെയ്യാറുണ്ടായിരുന്നു. വാഗ്ദത്ത മസീഹ് (അ) അരുൾ ചെയ്യുന്നു:

'വിശുദ്ധ ഖുർആനിലൂടെയല്ലാതെ ഒരു വ്യക്തിക്കും സർവ്വശക്തനായ ദൈവത്തിൽ പൂർണ്ണമായും വിശ്വസിക്കാൻ സാധ്യമല്ല. ഇത് വിശുദ്ധ ഖുർആന്റെ പ്രത്യേകമായ സവിശേഷതയായിരുന്നു. വിശുദ്ധ ഖുർആനെ പൂർണ്ണമായി പിന്തുടർന്നാൽ മനുഷ്യനും ദൈവവും തമ്മിൽ തടസ്സം നീക്കപ്പെടുന്നു. ആദിമൂലമായ പരിശുദ്ധിയോടെ മുഴുലോകത്തിനും പരോക്ഷജ്ഞനായ ദൈവത്തെ വിശുദ്ധ ഖുർആനിലൂടെ മാത്രമേ കാണാൻ സാധിക്കൂ.' (ചശ്മയെ മഅ്രിഫത്ത് – റൂഹാനി ഖസായിൻ വാല്യം 23 പേജ് 271–272)

അല്ലാഹുവാണെ, വാഗ്ദത്ത മസീഹിന്റെ (അ) ശിഷ്യന്മാരും അഹ്മദിയ്യാ ജമാഅത്തിലെ മറ്റു നിരവധി പേരും, വിശുദ്ധ ഖുർആനോടുള്ള അർപ്പണബോധവും ഭക്തിയും മുഖേന ദൈവാനുഗ്രഹത്താൽ ഇത്തരം അനുഭവങ്ങൾ നേടിയവരാണെന്നതിന്ന് നാം സാക്ഷികളാണ്. വിശുദ്ധ ഖുർആനോടുള്ള അനുരക്തിയിലൂടെ വാഗ്ദത്ത മസീഹ് (അ) സൃഷ്ടിച്ച വിപ്ലവമാണിത്. ഇക്കാലത്ത് താരതമ്യപ്പെടുത്താനാവാത്ത വിധം. വിശുദ്ധ ഖുർആന്റെ ദാസനും അനുരക്തനുമായ വാഗ്ദത്ത മസീഹി(അ)നെ മറ്റുള്ളവരിൽ നിന്ന് വേർതിരിക്കുന്നതിതാണ്.

വാഗ്ദത്ത മസീഹി (അ)ന്റെ പുത്രനായ ഹദ്റത്ത് സാഹിബ് സാദാ മിർസാ ബശീർ അഹ്മദ് (റ) നിവേദനം ചെയ്യുന്നു. "വാഗ്ദത്ത മസീഹ് മിക്ക സമയങ്ങളിലും പഠനത്തിൽ മുഴുകിയിരിക്കും. പ്രത്യേകമായി വിശുദ്ധ ഖുർആനിൽ കേന്ദ്രീകരിച്ചുകൊണ്ടായിരുന്നു അദ്ദേഹത്തിന്റെ പഠനം."

അദ്ദേഹം എത്രത്തോളം ശ്രദ്ധയോടും ഭക്തിയോടുംകൂടിയാണ് വിശുദ്ധ ഖുർആൻ അർത്ഥത്തോടെയുള്ള പാരായണത്തിൽ മുഴുകിയിരിക്കുന്നതെന്ന് അദ്ദേഹത്തെ കണ്ടവർക്കറിയാം. വാഗ്ദത്ത മസീഹി (അ)ന്റെ പിതാവായ ഹദ്റത്ത് മിർസാ ഗുലാം മൂർത്തസ സാഹിബിനെ കാണാൻ പട്യാലയിൽ നിന്നും ഒരു അനഹ്മദി നികുതിപിരിവുകാരൻ, മുൻഷി അബ്ദുൽ വാഹിദ് ഇടക്കിടെ ഖാദിയാൻ സന്ദർശിക്കാറുണ്ടായിരുന്നു. അദ്ദേഹം വളരെ ചെറുപ്പത്തിൽ തന്നെ വാഗ്ദത്ത മസീഹി(അ)ന് പതിനാലോ പതിനഞ്ചോ വയസ്സുള്ളപ്പോൾ പകൽ മിക്കസമയങ്ങളിലും ആ മഹാത്മാവ് വിശുദ്ധ ഖുർആൻ പാരായണം ചെയ്യുന്നതും മാർജിനിൽ കുറിപ്പുകൾ അടയാളപ്പെടുത്തുന്നതും കണ്ടിരുന്നുവെന്ന് മുൻഷിസാഹിബ് സാക്ഷ്യം വഹിക്കുന്നു. അവന് മറ്റു കാര്യങ്ങളിലൊന്നും താല്പര്യമില്ലെന്നും ദിവസം മുഴുവൻ വിശുദ്ധ ഖുർആൻ പാരായണം ചെയ്തുകൊണ്ട് പള്ളിയിൽ കഴിച്ചുകൂട്ടാറാണെന്നും. വാഗ്ദത്ത മസീഹി(അ)ന്റെ പിതാവ് പറഞ്ഞു. (The Review of Religions, ഉർദു, ഖാദിയാൻ ജനുവരി 1942 പേജ് – 4)

ഒരിക്കൽ വാഗ്ദത്ത മസീഹ് (അ) ഖാദിയാനിൽ നിന്നും ബട്ടാല വരെ ഒരു പല്ലക്കിൽ യാത്ര ചെയ്യുകയായിരുന്നു. ഏകദേശം അഞ്ചു മണിക്കൂർ നേരത്തെ യാത്രയായിരുന്നു. ഖാദിയാൻ വിട്ട ഉടനെ വാഗ്ദത്ത മസീഹ് (അ) തന്റെ കീശയിൽ നിന്ന് ഒരു പോക്കറ്റ് എഡിഷൻ വിശുദ്ധ ഖുർആൻ എടുത്തു നിവർത്തി ആദ്യത്തെ അധ്യായമായ സൂറത്തുൽ ഫാത്തിഹ പാരായണം ചെയ്തുകൊണ്ടിരുന്നു. അഞ്ചു മണിക്കൂറും ഈ ചെറിയ സൂറയുടെ പഠനത്തിൽ അദ്ദേഹം മുഴുകി. ഫാത്തിഹ അഗാധവും വിശാലവും ആയ ഒരു സമുദ്രമാണെന്നും താൻ അതിന്റെ അഗാധതയിൽ മുങ്ങിക്കൊണ്ട് സ്നേഹത്തിന്റെയും കാരുണ്യത്തിന്റെയും മുത്തുകൾ ശാശ്വതസ്നേഹപാത്രമായ ഖുർആനിൽ നിന്നും തേടുകയാണെന്ന പോലെയായിരുന്നു അദ്ദേഹത്തിന്റെ പാരായണം. (സീറത്തുൽ മഹ്ദി, വാല്യം2)

വിശുദ്ധ ഖുർആനോടുള്ള അഗാധവും സത്യവുമായ അനുരക്തിയും അർപ്പണബോധത്തോടെ അതിനെ പിൻപറ്റിയതിന്റെ അനുഗ്രഹത്താലും, അല്ലാഹു വാഗ്ദത്ത മസീഹി(അ)ന് വിശുദ്ധ ഖുർആന്റെ ഗൂഢജ്ഞാനം നൽകി.

വിശുദ്ധ ഖുർആന്റെ സേവനത്തിനായി നിയോഗിതനായതാണ് വാഗ്ദത്ത മസീഹ് (അ) എന്നതാണ് യാഥാർത്ഥ്യം. അദ്ദേഹം സ്വയം പ്രസ്താവിക്കുന്നു.

"വിശുദ്ധ ഖുർആനിൽ അടക്കം ചെയ്യപ്പെട്ട നിധികൾ ലോകത്തിനുമുമ്പിൽ വെളിപ്പെടുത്താനാണ് അല്ലാഹു എന്നെ അയച്ചിരിക്കുന്നത്. ഇസ്‌ലാമിന്റെ ബദ്ധവൈരികൾ അതിന്മേൽ കൂമ്പാരമാക്കി വെച്ച ദുരാരോപണങ്ങളിൽ നിന്നും അതിനെ പരിശുദ്ധമാക്കാനും വേണ്ടിയാണിത്."

വിശുദ്ധ ഖുർആന്റെ ബഹുമതിയെ സംരക്ഷിക്കാൻ ഇക്കാലത്തുള്ള അല്ലാഹുവിന്റെ കുത്തിയൊഴുകുന്ന വികാരം അത്യുഗ്രമാണ്. എതിരാളികളുടെ നികൃഷ്ടവും നിഷ്പ്രഭവുമായ ആക്ഷേപങ്ങളിൽ നിന്നും വിശുദ്ധ ഖുർആനെ മുക്തമാക്കാനും സംരക്ഷിക്കാനും അവൻ തീരുമാനിച്ചുകഴിഞ്ഞു. (മൽഫൂസാത്ത് വാല്യം 1 പേജ് 38).

വാഗ്ദത്ത മസീഹിന്റെ ദൈവനിയോഗത്തോടെ വിശുദ്ധ ഖുർആൻ അദ്ദേഹത്തിന്റെ ജീവിതചര്യയായി. സർവ്വശക്തനായ അല്ലാഹു അദ്ദേഹത്തിന് വെളിപാടിറക്കി.

"എല്ലാ നന്മകളും അനുഗ്രഹങ്ങളും വിശുദ്ധ ഖുർആനിൽ മാത്രമേ കണ്ടെത്താൻ സാധിക്കൂ"

അതിന്റെ നന്മകളിൽ നിന്നും അനുഗ്രഹങ്ങളിൽ നിന്നും വാഗ്ദത്ത മസീഹ് (അ) ജീവിതം മുഴുവൻ ധാരാളമായി പ്രയോജനം നേടി. വിശുദ്ധ ഖുർആന്റെ ജ്ഞാനമാകുന്ന സമുദ്രത്തിൽ ആ മഹാത്മാവ് മുങ്ങി. അതിലുള്ള മുത്തുകളും രത്നങ്ങളും പുറത്തുകൊണ്ടുവന്നു. ഇത് ലോകത്തെ നിരുദ്ധകണ്ഠരാക്കി അമ്പരപ്പിച്ചു. വിശുദ്ധ ഖുർആനോടുള്ള അതിരറ്റ അനുരക്തി മൂലം അദ്ദേഹം അതിനെ സമഗ്രവും സജീവവുമായ പ്രമാണമാക്കി ലോകത്തിനുമുന്നിൽ അവതരിപ്പിച്ചു.

തന്റെ മഹത്തായ 'ബറാഹീനെ അഹ്മദിയ്യാ'യിൽ അത്യുജ്ജ്വലമായ രീതിയിൽ വിശുദ്ധ ഖുർആന്റെ സത്യതയും പരിപൂർണ്ണതയും അഖണ്ഡ്യമായ വാദങ്ങളിലൂടെ അദ്ദേഹം സ്ഥാപിച്ചു. വിധിനാൾ ദിവസം വരെ നിലനിൽക്കുന്ന വേദഗ്രന്ഥം വിശുദ്ധ ഖുർആൻ മാത്രമാണെന്ന് അദ്ദേഹം ബോധ്യപ്പെടുത്തി. വിശുദ്ധ ഖുർആന്റെ മേൽക്കോയ്മയുമായി ഏതു കാര്യത്തിലും മത്സരിക്കാൻ മറ്റു മതങ്ങളോട് അദ്ദേഹം ആഹ്വാനം ചെയ്തു. അവരുടെ അവകാശവാദങ്ങൾ തങ്ങളുടെ പ്രമാണഗ്രന്ഥങ്ങളുടെ അടിസ്ഥാനത്തിലായിരിക്കണമെന്നദ്ദേഹം ഉപാധിവെച്ചു. മറ്റു വിശ്വാസങ്ങളെ നിശ്ശബ്ദ മാക്കിക്കൊണ്ട് അദ്ദേഹം ധീരമായി വെല്ലുവിളിച്ചു. ഇന്നുവരെ ആരും തന്നെ അദ്ദേഹത്തിന്റെ വെല്ലുവിളി സ്വീകരിച്ചിട്ടില്ല. വിധിനാൾ വരെ ആർക്കും തന്നെ അതിനുള്ള ധൈര്യമുണ്ടാവുകയുമില്ല. അഹ്മദിയ്യാ ജമാഅത്തിനെന്നല്ല മുഴുലോകത്തിനും അദ്ദേഹം വിട്ടേച്ചുപോയ ഒസ്യത്താണിത്. അതിന്റെ പരിശുദ്ധി വിധിന്യായദിനം വരെ നിലനില്ക്കുമെന്ന് ഉറപ്പു വരുത്താൻ അല്ലാഹു ദൈവികമായ പിന്തുടർച്ചാവ്യവസ്ഥ (ഖിലാഫത്ത്) നൽകി അനുഗ്രഹിച്ചു. ഇന്ന് നമ്മെ ഖിലാഫത്തിന്റെ അഞ്ചാം ഘട്ടം നൽകി അനുഗ്രഹിച്ചിരിക്കുന്നു. വിശുദ്ധ ഖുർആനിലെ രത്നങ്ങൾ നമ്മുടെ സ്നേഹപാത്രമായ ഖലീഫ (അയ്യദഹു) നമ്മുടെ മുമ്പിൽ വെക്കുന്നു. അത് നമ്മെ പരിഷ്കരിക്കാനും നമ്മുടെ ജീവിതത്തെ ധന്യമാക്കാനും എന്നെന്നും നിലനില്ക്കുന്ന യഥാർത്ഥമായ അഭിവൃദ്ധി നേടാനുമാണ്.

വാഗ്ദത്ത മസീഹിന്റെ എൺപതിലധികം ഗ്രന്ഥങ്ങൾ നമ്മുടെ പക്കൽ ഉണ്ട്. വിശുദ്ധ ഖുർആന്റെ ജ്ഞാനവും സത്യതയും ആധികാരികതയും ലോകത്തിന്റെ മുമ്പാകെ ഇവ തുറന്നുവെക്കുന്നു. ലോകം മുഴുവൻ വിശുദ്ധ ഖുർആൻ പ്രസിദ്ധീകരിക്കാനുള്ള അളവറ്റ നിധികൾ നമുക്ക് ഒസ്യത്ത് ചെയ്തിരിക്കുന്നു. അതിനെതിരിലുള്ള ആക്ഷേപങ്ങളോട് ദൃഢനിശ്ചയത്തോടെ പ്രതികരിക്കാൻ നമ്മെ ഇവ പ്രാപ്തരാക്കുന്നു.

വിശുദ്ധ ഖുർആന്റെ അതുല്യമായ സന്ദേശവും എണ്ണമറ്റ സൗന്ദര്യങ്ങളും കാരണമായി വാഗ്ദത്ത മസീഹ്(അ) അതിൽ അനുരക്തനായി.

വാഗ്ദത്ത മസീഹി(അ)ന് വിശുദ്ധ ഖുർആനോടുള്ള അനുരക്തിയുടെ അടിസ്ഥാനമായ അതിഭാവുകത്വം യഥാർത്ഥത്തിൽ ദൈവത്തോടുള്ള സ്നേഹമായിരുന്നു. അദ്ദേഹം ഒരു ഉർദുകവിതയിൽ പറയുന്നു:

"വിശുദ്ധ ഖുർആന്റെ സൗന്ദര്യങ്ങൾ സുസ്പഷ്ടമായതാണ്. എന്നാൽ അതിനോടുള്ള എന്റെ അനുരക്തിക്കുള്ള യഥാർത്ഥ കാരണം, അല്ലയോ, എന്റെ സ്വർഗ്ഗസ്ഥനായ യജമാനനേ, അത് നിന്നിൽ നിന്നും വന്നു എന്നതത്രെ. എന്റെ ഹൃദയം അതിനെ ചുംബിക്കാനും അതിനെ പ്രദക്ഷിണം ചെയ്യാനും വെമ്പൽ കൊള്ളുകയാണ്. (ഖാദിയാൻ കെ ആര്യ ഔർ ഹം) യഥാർത്ഥത്തിൽ അല്ലാഹുവിനോടുള്ള അനുരക്തിയിൽ നിന്നാണ് വിശുദ്ധ ഖുർആനോടുള്ള അനുരക്തി തളിർക്കുന്നത്.

വാഗ്ദത്ത മസീഹിനെ സംബന്ധിച്ചിടത്തോളം ശാരീരികമായോ ആത്മീയമായോ ഉള്ള രോഗങ്ങൾക്കുള്ള പ്രതിവിധിയായിരുന്നു വിശുദ്ധ ഖുർആൻ.

ഹദ്റത്ത് ഡോ. മീർ മുഹമ്മദ് ഇസ്മായിൽ സാഹിബ് (റ) നിവേദനം ചെയ്യുന്നു: 'റോമിൽ നിന്നുള്ള അംബാസഡർ ഖാദിയാൻ സന്ദർശനത്തിനെത്തിയ ദിവസം മഗ്‌രിബ് നിസ്ക്കാരാനന്തരം ഹുസൂർ സീറ്റിൽ ഇരിക്കുകയായിരുന്നു. അദ്ദേഹത്തിന് തലയിൽ സമ്മർദ്ദം അനുഭവപ്പെട്ടതിനാൽ നിലത്തുള്ള ഒരു പായയിൽ കിടന്നു. ശിഷ്യന്മാർ അദ്ദേഹത്തിന്റെ തലയിൽ തടവാൻ മുന്നോട്ടു നീങ്ങി. പക്ഷേ, ഉടനെ അവരെ തടഞ്ഞു. അവരിൽ മിക്കവരും പോയശേഷം മൗലവി അബ്ദുൽ കരീം സാഹിബിനോട് ഹുസൂർ വിശുദ്ധ ഖുർആനിലെ കുറച്ചുഭാഗം പാരായണം ചെയ്യാൻ അഭ്യർത്ഥിച്ചു. മൗലവി സാഹിബ് വളരെ മാധുര്യമേറിയ ശബ്ദത്തിൽ വിശുദ്ധ ഖുർആൻ പാരായണം ചെയ്തു. ഇപ്പോൾ തനിക്ക് വിഷമമൊന്നും തോന്നുന്നില്ലെന്ന് ഹുസൂർ പറയുന്നതുവരെ മൗലവി സാഹിബ് പാരായണം തുടർന്നു. (സീറത്തുൽ മഹ്ദി 459-ാം നമ്പർ വിവരണം) ●

(തുടരും)

(The Review of Religions Sept. 2006)

വിവർത്തനം : **കെ.വി. ഹസ്സൻകോയ,** കോഴിക്കോട്

കുറിപ്പുകൾ

**മുസാഫിർ**

# അസ്ഥിരമാകുന്ന പാകിസ്താൻ

സാധാരണഗതിയിൽ പട്ടാളഭരണം ജനാധിപത്യവിരുദ്ധവും മനുഷ്യസ്വാതന്ത്ര്യത്തിന്നെതിരുമാണ്. എന്നാൽ പാകിസ്താനെ സംബന്ധിച്ചേടത്തോളം തമ്മിൽ ഭേദം തൊമ്മൻ എന്ന രീതിയിൽ രാഷ്ട്രീയ ഭരണാധികാരികളേക്കാൾ ആശ്വാസത്തോടെ പട്ടാളം പലപ്പോഴും സ്വീകരിക്കപ്പെടാറുണ്ട്. ഇസ്‌ലാമിക ഭരണത്തിനുവേണ്ടി നിലകൊള്ളുന്ന മതകക്ഷികളുടെ സ്വാധീനവും അഴിമതി വീരന്മാരായ രാ ഷ്ട്രീയ നേതാക്കന്മാരുടെ നേതൃത്വവുമാണ് പാകിസ്താനിൽ സിവിലിയൻ ഭരണത്തേക്കാൾ പട്ടാളഭരണത്തെ ജന സ്വീകാര്യമാക്കി മാറ്റുന്നത്. ഇന്ത്യയും പാകിസ്താനും ഒരു ദിവസത്തിന്റെ വ്യത്യാസത്തിൽ പിറന്ന ഇരട്ട രാജ്യങ്ങളാണ്. സ്വാതന്ത്ര്യത്തിനുശേഷം 61 വർഷത്തിനിടയിൽ 33 കൊല്ലം പട്ടാളക്കാരുടെ ബൂട്ടിന്നടിയിൽ കഴിയാൻ വിധിക്കപ്പെട്ട പാകിസ്താൻ ഇന്ന് പ്രശ്നങ്ങളുടെ നിലയില്ലാക്കയത്തിലാണ്. അനന്തവൈവിധ്യങ്ങളുള്ള ഇന്ത്യ ഒരു രാഷ്ട്രമായിനിൽക്കുമ്പോൾ ഇസ്‌ലാമിക റിപ്പബ്ലിക്കായി പ്രഖ്യാപിക്കപ്പെട്ട പാകിസ്താനിലെ ബലൂചിസ്ഥാനിലും, വടക്ക് പടിഞ്ഞാറൻ പ്രവിശ്യയിലും സിന്ധിലും സ്വയംഭരണ വിഘടനവാദം സ്ഫോടനാത്മക മാംവിധം സജീവമാണ്. 22 ശതമാനം പണപ്പെരുപ്പം 5 ശതമാനത്തിൽ കുറഞ്ഞ സാമ്പത്തികവളർച്ച, മതഭീകരവാദികളുടെ നിരന്തരമായ ബോംബ് സ്ഫോടനങ്ങൾ എല്ലാറ്റിന്നും മകുടം ചാർത്തുന്ന വിധം രാഷ്ട്രീയ അസ്ഥിരതയും. പരിശുദ്ധ ദേശം എന്നർത്ഥമുള്ള പാകിസ്താൻ ശപ്തദേശമായി മാറുകയാണോ?

അഹ്മദികളെ ദ്രോഹിച്ച പട്ടാള സ്വേഛാധിപതിയായിരുന്നു ജനറൽ സിയാഉൽഹഖ്. ഇതിന്റെ ഫലമായി അഹ്മദീ ഖലീഫക്ക് പാകിസ്താനിൽ നിന്നും പലായനം ചെയ്യേണ്ടി വന്നു. 1988-ൽ അഹ്മദീ ഖലീഫയുടെ മുബാഹല (ശാപപ്രാർത്ഥന) നിലവിലിരിക്കെ ജനറൽ സിയാ ഉൽഹഖ് വിമാനത്തിൽ ആകാശത്തുവെച്ച് പൊട്ടിത്തെറിച്ച് ധൂളിക്കപ്പെട്ടുപോയി. 1988 ആഗസ്ത് 18നായിരുന്നു ആ സംഭവം. പിന്നീട് പാകിസ്താൻ ഭൂട്ടോ പുത്രി ബേനസീറിന് കീഴിൽ സിവിൽ ഭരണത്തിൽ വന്നു. കൃത്യം 20 വർഷത്തിനു ശേഷം 2008 ആഗസ്റ്റ് 17ന് പാകിസ്താനിൽ ഒൻപത് വർഷം പട്ടാളത്തലവനായി ഭരിക്കുകയും പിന്നീട് പ്രസിഡണ്ടായി ത്തീരുകയും ചെയ്ത പർവേസ് മുഷ്റഫും സ്ഥാനമൊഴിഞ്ഞു. ഈ ഇരുപത് വർഷത്തിന്നുള്ളിൽ കസേരക്കളിപോലെ രാഷ്ട്രീയക്കാരും പട്ടാളവും പാകിസ്താന്റെ അധികാരകസേരയിൽ മാറിമാറിയിരുന്നു. ഇപ്പോൾ മുഖ്യമായും അമേരിക്കയുടെ പിന്തുണയില്ലാത്തതിന്റെ പേരിലാണ് മുഷ്റഫ് സ്ഥാനമൊഴിയുന്നത്. പാകിസ്താൻ ഇസ്‌ലാമിക നിയമങ്ങൾ നടപ്പാക്കാൻ പ്രതിജ്ഞയെടുത്ത രാജ്യമാണ്. അതിന്റെ ഏറ്റവും വലിയ അടയാളമായി ചൂണ്ടിക്കാണിക്കപ്പെടുന്നത് അഹ്മദികളെ അമുസ്‌ലിം ന്യൂനപക്ഷമാക്കിക്കൊണ്ടുള്ള നിയമനിർമ്മാണങ്ങളും നടപടികളുമാണ്. 1991 മുതൽ ഇസ്‌ലാമിക ശരീഅത്ത് പൂർണനിയമമായി അംഗീകരിച്ച ഈ രാജ്യം ഭീകരവാദം, അഴിമതി, കളവ്, വ്യഭിചാരം, മയക്ക് മരുന്ന്, മുതലായവയ്ക്ക് ലോകത്തിലെ മുന്നണി രാജ്യങ്ങളിലൊന്നാണെന്ന് വിവിധ ലോകഏജൻസികൾ വസ്തുനിഷ്ഠമായ സ്ഥിതിവിവരക്കണക്കുകളുടെ അടിസ്ഥാനത്തിൽ വെളിപ്പെടുത്തിയതാണെന്ന് അഹ്മദികളെ അമുസ്‌ലിംകളായി അംഗീകരിച്ചതിന്റെ പേരിൽ പാകിസ്താനെ വാഴ്ത്തുന്നവർ മറക്കരുത്. എല്ലാറ്റിന്നുമുപരി പാകിസ്താന്റെ അമേരിക്കൻ വിധേയത്വം ലജ്ജാകരമാണ്. രാഷ്ട്രീയ പ്രതിസന്ധിയുണ്ടായാൽ ഉടനെ അമേരിക്കയുടെ ആശീർവാദത്തിനുവേണ്ടി വാഷിംഗ്ടണിലേക്ക് വിമാനം കയറുകയാണ് പട്ടാളക്കാരുടേയും രാഷ്ട്രീയക്കാരുടേയും ആദ്യപരിപാടി. ലോകത്തിലെ മറ്റേതൊരു രാജ്യത്തും ഇത്ര നഗ്നമായ കോളോണിയൻ വിധേയത്വം പ്രകടമല്ല. തനിക്കെതിരെ ഇംപീച്ച്മെന്റ് ഭീഷണി വന്നപ്പോൾ വാഷിംഗ്ടണിനെ സമീപിച്ച മുഷ്റഫിനു അമേരിക്കൻ ആശീർവാദവും പിൻതുണയും ഇല്ല എന്ന് ബോദ്ധ്യമായത് കൊണ്ടാണ് അദ്ദേഹം രാജിവെച്ചൊ

ഴിഞ്ഞത്. അല്ലെങ്കിൽ പ്രസിഡണ്ട് ഒരു കൈനോക്കുമായിരുന്നു. നെറികെട്ട രീതിയിൽ പകപോക്കൽ രാഷ്ട്രീയം വാഴുന്ന പാകിസ്താനിൽ മുഷ്റഫിന്റെ രാജിയും തുടർന്നുള്ള സുരക്ഷിതജീവിതവും ഉറപ്പാക്കാൻ മറ്റൊരു അമേരിക്കൻ ദാസനായ സഊദി അറേബ്യയുടെ ദൂതൻ അമേരിക്കൻ ആശീർവാദത്തോടെ പാകിസ്താനിൽ വന്ന ഭരണപ്രതിപക്ഷ കക്ഷികളുമായി ചർച്ച നടത്തി സമവായമുണ്ടാക്കിയതിന്ശേഷമാണ് ഇസ്‌ലാമിക രാഷ്ട്രത്തിന്റെ പ്രസിഡണ്ട് സ്ഥാനമൊഴിഞ്ഞത്.

പി.പി.പി.യുടെ ആസിഫലി സർദാരിയും പാകിസ്താൻ മുസ്ലിംലീഗിന്റെ നവാസ് ശരീഫും ഗവൺമെന്റ് രൂപീകരിക്കാനും മുഷ്റഫിനെ പുറത്താക്കാനും ഒന്നിച്ചുനിന്നപ്പോൾ പാകിസ്താൻ രാഷ്ട്രീയത്തെപ്പറ്റി അല്പമെങ്കിലും കാര്യബോധമുള്ളവരെല്ലാം ഇതൊരു മധുവിധു സഖ്യമാണെന്ന് ഉറപ്പിച്ചു പറഞ്ഞിരുന്നു. ഇപ്പോൾ മുഷ്റഫ് പിരിച്ചുവിട്ട ജഡ്ജിമാരെ തിരിച്ചെടുക്കുന്ന വിഷയത്തിലും പാകിസ്തൻ പ്രസിണ്ടിനെ തിരഞ്ഞെടുക്കുന്ന വിഷത്തിലും സർദാരിയുമായി തെറ്റിപ്പിരിഞ്ഞ നവാസ് ശരീഫ് സർദാരിക്കെതിരെ പാകിസ്താൻ പ്രസിഡണ്ട് സ്ഥാനത്തേക്ക് മത്സരിക്കാൻ പുതിയ പ്രസിഡണ്ടു സ്ഥാനാർത്ഥിയുമായി രംഗത്തുണ്ട്. അങ്ങിനെ പാകിസ്താൻ വീണ്ടും കലങ്ങുകയാണ്. ആണവ രാജ്യമായ പാകിസ്താന്റെ ഈ അസ്ഥിരത ലോകം മുഴുവൻ ഭയപ്പാടോടെയാണ് നോക്കുന്നത്.

വാസ്തവത്തിൽ പാകിസ്താൻ ഇന്ന് അഭിമുഖീകരിക്കുന്നത് അഗാധമായ ഒരു ആത്മീയ പ്രതിസന്ധിയാണ്. അഹ്മദിയ്യാ ഖിലാഫത്ത് എന്ന ദൈവികസ്ഥാപനത്തിനെതിരെ പോരിനിറങ്ങിയ ഒരു രാഷ്ട്രം നേരിടുന്ന ദൈവികമാനങ്ങളുള്ള ഒരു പ്രതിസന്ധിയാണിത്. രാഷ്ട്രീയവും, സാമൂഹികവും, സാമ്പത്തികവും സൈനികവുമായ പ്രശ്നങ്ങളും, അരക്ഷിതാവസ്ഥയും അതിന്റെ ബഹിർസ്ഫുരണങ്ങൾ മാത്രമാണ്. സമുദ്രത്തിലെ ഹിമാനികളുടെ അഗ്രതലങ്ങൾ മാത്രമാണിവ. പാകിസ്താനിലെ സാമൂഹ്യസാഗരത്തിൽ ജനാധിപത്യത്തിന്റെ ഒരു യാനത്തിനും ഇനിമേൽ ശാന്തമായി സഞ്ചരിക്കാൻ സാധ്യമല്ല. ആത്മീയവും ധാർമ്മികവുമായ ശൂന്യതയുടെ സ്ഥാനത്ത് രൂപം കൊണ്ട മുല്ലായിസത്തിന്റെ പടുകൂറ്റൻ മഞ്ഞുകട്ടകളിൽ തട്ടി അവയെല്ലാം തകർന്നടിയും. പാകിസ്താൻ ഇനിയൊരു ശ്രേയസ്സ് കൈവരണമെങ്കിൽ ഇസ്‌ലാമിന്റെ യഥാർത്ഥ സംസ്കാരം വിശദീകരിക്കാൻ ദൈവികമായി നിയുക്തമായ അഹ്മദിയ്യാ ജമാഅത്തിനെ വളർന്നുവികസിക്കാനും പുഷ്ക്കലമാവാനുമുള്ള സ്പെയിസ് പാകിസ്താനിൽ അനുവദിക്കുകയാണ് ചെയ്യേണ്ടത്. അത് പാകിസ്താൻ ചെയ്യുന്നില്ലെങ്കിൽ ഇതിനകം ഗ്രസിച്ച മുല്ലായിസത്തിന്റെ ബ്ളാക് ഹോളിൽപ്പെട്ട് പാകിസ്താൻ സമീപഭാവിയിൽ തകർന്നുപോകും. ●

---

*(21-ൽ നിന്ന് തുടർച്ച)*

നിന്നു അത്താഴം കഴിച്ചു പുറത്തുനോക്കിയപ്പോൾ പ്രകാശം പരന്നിരിക്കുന്നതായിക്കണ്ടു. നോമ്പ് വീണ്ടും അനുഷ്ഠിക്കണമോ എന്ന് ഒരാൾ എഴുതിച്ചോദിച്ചതിന്ന് അറിയാതെ ഭക്ഷിക്കുകയും കുടിക്കുകയും ചെയ്യുന്നത് കൊണ്ട് പകരമായി വേറെ നോമ്പ് അനുഷ്ഠിക്കേണ്ടതില്ല എന്നു മറുപടി നൽകുകയുണ്ടായി.

(മൽഫൂസാത്ത് വാല്യം 9. ഭാ: 186)

റമദാനിൽ തറാവീഹ് നമസ്കാരം രാത്രി എട്ടു റക്അത്ത് പള്ളിയിൽ വെച്ചു ജമാഅത്തായി അനുഷ്ഠിക്കേണമോ അതല്ല രാത്രിയുടെ അന്ത്യയാമത്തിൽ തനിച്ച് വീട്ടിൽ വെച്ചു നമസ്കരിക്കാമോ എന്ന ചോദ്യത്തിന്ന് ഹ: വാഗ്ദത്ത മസീഹ് ഇപ്രകാരം അരുൾ ചെയ്തു.

തറാവീഹ് നമസ്കാരം വാസ്തവത്തിൽ എട്ടു റക്അത്ത് തഹജ്ജുദിന്നു പകരമുള്ള ഒന്നാണ്. ചോദ്യത്തിൽ പറഞ്ഞ രണ്ടുതരത്തിലും ഇതാകാവുന്നതാണ്. ഈ രണ്ടു വിധത്തിലും റസൂൽ തിരുമേനി(സ) നമസ്ക്കരിക്കാറുണ്ടായിരുന്നു. എന്നാൽ തിരുമേനി (സ) അധികവും രാത്രിയുടെ അന്ത്യയാമത്തിൽ ആയിരുന്നു നമസ്കരിക്കാറുണ്ടായിരുന്നത്. (മൽഫൂസാത്ത് വാ. 10 ഭാ. 178).

തഹജ്ജുദ് വിത്ർ അടക്കം പതിനൊന്നോ പതിമൂന്നോ റക്അത്തുകളാണല്ലോ. ആ സ്ഥിതിയിൽ തറാവീഹിൽ 20 റക്ക് അത്തുകൾ നമസ്ക്കരിക്കുന്നതിനെക്കുറിച്ച് എന്താണു നിർദ്ദേശം എന്നുചോദിച്ചപ്പോൾ ഹുസൂർ തിരുമനസ്സ് (അ) അരുൾ ചെയ്തു. ഹദ്റത്ത് റസൂൽ തിരുമേനിയുടെ സ്ഥായിയായ സുന്നത്ത് എ ട്ടു റക്അത്തുകൾ തഹജ്ജുദ്, രാത്രിയുടെ അന്ത്യയാമത്തിൽ നമസ് കരിക്കലായിരുന്നു. ശ്രേഷ്ഠതയും ഇതുതന്നെ. എന്നാൽ രാത്രിയുടെ ആദ്യഘട്ടത്തിൽ (ഇശാക്കുശേഷം) നമസ്കരിക്കുന്നതും അനുവദനീയമാണ്. ഒരു രിവായത്തനുസരിച്ച് രാത്രിയുടെ ആദ്യയാമത്തിൽ തിരുമേനി (സ) നമസ്ക്കരിച്ചിരുന്നു. ഇരുപത് റക്അത്തുകൾ പിന്നീടുണ്ടായതാണ്. റസൂൽ തിരുമേനിയുടെ ചര്യ ആദ്യം പറഞ്ഞ ത് പോലെ (8 റക്അത്തുകൾ)യാണ്. (മൽഫൂസാത്ത് വാ. 10, പേജ് 113). ●

# അനുസ്മരണം

## മൗലവി സി.കെ. അബ്ദുല്ല സാഹിബ്

കൊടിയത്തൂർ ജമാഅത്തംഗവും മടവൂർ സ്വദേശിയുമായ സി.കെ. അബ്ദുല്ല മൗലവി ജൂൺ 24-ാം തിയതി നിര്യാതനായി. ഇന്നാലില്ലാഹി.... 1970 കാലഘട്ടത്തിൽ ജമാഅത്തിൽ പ്രവേശിച്ച മൗലവി സാഹിബ്, കരുളായി, കണ്ണൂർ, കൊടിയത്തൂർ തുടങ്ങി വിവിധ ജമാഅത്തുകളിൽ മുഅല്ലിമായി സേവനമനുഷ്ഠിക്കുകയുണ്ടായി. സജീവ ജമാഅത്തെ ഇസ്‌ലാമി പ്രവർത്തകനായിരുന്ന മൗലവി സാഹിബ്, 'താഗൂത്തി' ജോലി ഉപേക്ഷിക്കുക എന്ന അവരുടെ ആഹ്വാനം ചെവിക്കൊണ്ട് സർക്കാർ ഉദ്യോഗം ഉപേക്ഷിക്കാൻ സന്നദ്ധത കാണിച്ച അപൂർവ്വം വ്യക്തികളിലൊരാളായിരുന്നു. ജമാഅത്തെ ഇസ്‌ലാമി സ്ഥാപനങ്ങളിൽ നിന്ന് ഉന്നത വിദ്യാഭ്യാസം കരസ്ഥമാക്കിയ മൗലവി സാഹിബ് മുഖേന ജമാഅത്തെ ഇസ്‌ലാമി പണ്ഡിതനും, സഹോദരനുമായ മൗലവി മുഹ്‌യുദ്ദീൻ സാഹിബിനും സത്യമസീഹിനെ സ്വീകരിക്കുവാൻ ഭാഗ്യം സിദ്ധിക്കുകയുണ്ടായി. അഹ് മദിയ്യത്ത് സ്വീകരിച്ചതു കാരണം ഏറെ ത്യാഗങ്ങൾ സഹിക്കേണ്ടി വന്ന മൗലവി സാഹിബിന് ദീർഘകാലം കൊടിയത്തൂർ പള്ളിയിൽ ഏകനായി താമസിക്കേണ്ടി വരികയുണ്ടായി. സാമാന്യം ഭേദപ്പെട്ട നിലയിൽ ജീവിച്ചിരുന്ന ഭാര്യാകുടുംബങ്ങളുടെ പ്രലോഭനങ്ങളെ മൗലവി സാഹിബ് ധീരമായി അതിജീവിക്കുകയുണ്ടായി. പരേതന്ന് അല്ലാഹു ഉന്നതമായ സ്വർഗ്ഗീയ അനുഗ്രഹങ്ങൾ നൽകുമാറാകട്ടെ. ആമീൻ


**അബ്ദുറഹിമാൻ, കൊടിയത്തൂർ**

## കെ.പി. സിദ്ധീക്ക്

അലനല്ലൂരിലെ ആദ്യകാല അഹ്മദി കെ.പി. കുഞ്ഞലവി മൗലവി സാഹിബിന്റെ മകനായ കെ.പി. സിദ്ധീക്ക് (58) 2008 ജൂലായ് 30ന് ബുധനാഴ്ച വഫാത്തായി. ഇന്നാലില്ലാഹി...... പത്തപ്പിരിയം ജമാഅത്തിൽ ഇമാമുസ്സലാത്തും അൻസാറുല്ലാഹ് സഈമും മറ്റു പല രംഗത്തും സേവനമനുഷ്ഠിച്ചു. ഭാര്യ: മാഞ്ചോല ആയിശ സാഹിബ. മക്കൾ: കെ.പി. ശംസുദ്ദീൻ സാ., കെ.പി. ശരീഫ് സാ., കെ.പി. ത്വാഹിർ സാ., കെ.പി. നൂർജഹാൻ സാഹിബ, കെ.പി. ശംസീന സാഹിബ, കെ.പി. ജസീല സാഹിബ.

**കെ.പി. മുഹമ്മദ് പത്തപ്പിരിയം**

## മുഹമ്മദ് കുട്ടി സാഹിബ്



അലനെല്ലൂർ ജമാഅത്തിലെ ആദ്യകാല അഹ്മദികളിലൊരാളും, മർഹൂം മൗലാനാ അലവി സാഹിബ് എച്ച്.എ.യുടെ സഹോദരനുമായ കൂമഞ്ചേരി മുഹമ്മദ് കുട്ടി സാഹിബ് (86) 2008 ജൂലൈ 28ന് നിര്യാതനായി (ഇന്നാലില്ലാഹി വഇന്നാ ഇലൈഹി റാജി ഊൻ)

അലനെല്ലൂരിലെ കൊന്നാരം മഹല്ലിൽ കൂമഞ്ചേരി അഹ്മദ് സാഹിബും പുത്തനങ്ങാടി മറിയം സാഹിബയുമായിരുന്നു മാതാപിതാക്കൾ.

ഖുർആനിക ജ്ഞാനം കരസ്ഥമാക്കുന്നതിൽ മർഹൂം കെ. മുഹമ്മദ് കുട്ടി സാഹിബ് അതീവതൽപരനായിരുന്നു. മതപഠനത്തിനായി അരക്കുപറമ്പിലെ പല പള്ളി ദർസുകളിലും മുണ്ടത്ത് പള്ളി ദർസിലും ഓതിക്കൊണ്ടിരുന്നു. പിന്നീട് പല പ്രാരാബ്ദങ്ങളും കാരണത്താൽ പഠനം മുന്നോട്ട് കൊണ്ടുപോകാൻ സാധിച്ചില്ല. എന്നിരുന്നാലും രാവിലെ മുതൽ വൈകുന്നേരം വരെ അദ്ധ്വാനിക്കും വൈകുന്നേരം കൊന്നാരം പള്ളിയിൽ പോയി ഉസ്താദ്മാരിൽ നിന്നും ഖുർആൻ, ഹദീസ് മുതലായവ പഠിക്കും.

ആദ്യകാലങ്ങളിൽ ജമാഅത്തിനെ ശത്രുതാമനോഭാവത്തോടെയാണ് കണ്ടിരുന്നത്. അദ്ദേഹത്തെ സഹോദരനും അഹ്മദിയുമായ മൗലാനാ അലവി സാഹിബിന്റെ സാത്വിക ജീവിതമായിരുന്നു ഏറെ സ്വാധീനിച്ചത്. 1962ലാണ് അദ്ദേഹം ബൈഅത്ത് ചെയ്ത് അഹ്മദിയ്യാ ജമാഅത്തിൽ പ്രവേശിച്ചത്. വളരെ സാത്വികനും സൗമ്യശീലനുമായ മുഹമ്മദ് കുട്ടി സാഹിബ് പൊതുരംഗത്ത് അറിയപ്പെട്ട ആളായിരുന്നു.

അലനെല്ലൂർ ജമാഅത്തിൽ ദീർഘകാലം പ്രസിഡണ്ടായും ഉമൂറെ ആമ സെക്രട്ടറിയായും സേവനമനുഷ്ഠിച്ചിട്ടുണ്ട്.

ഭാര്യ: സി. കുഞ്ഞിഫാത്തിമ സാഹിബ

മക്കൾ : മൗലവി അബ്ദു



എറണാകുളം മേഖലാ അൻസാറുല്ലാഹ് ഇജ്തിമയിൽ 2008 മേഖലാ അമീർ ബി.ബി. അഹ്മദ് കബീർ സാഹിബ് അധ്യക്ഷ പ്രസംഗം നടത്തുന്നു. മൂവാറ്റുപുഴ പ്രസിഡന്റ് തങ്ങൾ സാഹിബ്, നാസിം അൻസാറുള്ള കേരള പി.പി. നാസറുദ്ദീൻ സാഹിബ്, എറണാകുളം മേഖലാ നാസിം അൻസാറുള്ള ഷാഹുൽ ഹമീദ് സാഹിബ് എന്നിവർ വേദിയിൽ.



എറണാകുളം മേഖല അൻസാറുല്ലാഹ് സംഘടിപ്പിച്ച മതമൈത്രി സമ്മേളനത്തിൽ മൂവാറ്റുപുഴ മുൻസിപാലിറ്റി ചെയർപേഴ്സൺ സ: മേരി ജോർജ് തോട്ടം ഉൽഘാടന പ്രസംഗം നടത്തുന്നു. എ.എം. മുഹമ്മദ് സലിം സാഹിബ്, നാസർ മൗലവി സാഹിബ്, ശ്രീ. എ.പി. അപ്പു, എറണാകുളം മേഖലാ അമീർ അഹ്മദ് കബീർ സാഹിബ്, ഫാ. ജോൺ വർഗീസ്, കുടിയിൽ എന്നിവർ വേദിയിൽ.



ഖുദ്ദാമുൽ അഹ്മദിയ്യാ നോർത്ത് ഇലാക്ക സംഘടിപ്പിച്ച ഖിലാഫത്ത് സമ്മേളനം മലപ്പുറം മേഖലാ അമീർ പി. മുഹമ്മദലി മാസ്റ്റർ സാഹിബ് ഉദ്ഘാടനം നിർവ്വഹിക്കുന്നു. നോർത്ത് ഇലാഖാ (ഖാഇദ്) പി. ശാഫി അഹ്മദ് സാഹിബ്, മൗലവി നാസിർ സാഹിബ്, മൗലവി ഇസ്മായിൽ സാഹിബ് എന്നിവർ വേദിയിൽ. ഹുസൂർ തിരുമനസ്സിന്റെ ഖുത്ബാ പ്രഭാഷണ പ്രദർശനം പ്രസ്തുത വേദിയിൽ ഉണ്ടായിരുന്നു.

സ്സലാം (കൂടാളി), കെ. സിദ്ദീഖ്, കെ. യൂസഫ്, ജമീല, കുഞ്ഞിഫാത്തിമ

മരുമക്കൾ : കെ. മുഹമ്മദ്, എ. മൻസൂർ, ടി. ഇസ്മത്ത്, കെ.പി. ഹബീബ, എ. നജിമ.

അല്ലാഹു പരേതന് മഗ്ഫിറത്തും ജന്നത്തും നൽകി അനുഗ്രഹിക്കുമാറാകട്ടെ.

**എം. അബ്ദുൾ സമീർ, അലനല്ലൂർ**


## ഖാദിയാനിലേക്ക് ആവശ്യമുണ്ട്

**ഖാദിയാനിൽ ഉടനെ നിർമ്മാണമാരംഭിക്കുവാൻ പോകുന്ന സമർക്കന്ദ് ഹോംസിന്റെ നിർമ്മാണസൈറ്റിലേക്ക് 35-50 പ്രായത്തിനിടയിലുള്ള ആരോഗ്യമുള്ളവരും, അത്യാവശ്യം പാചകം അറിയാവുന്ന വാച്ച്മാനെ ആവശ്യമുണ്ട്. ഡ്രൈവിംഗ് അറിയുന്നവർക്ക് മുൻഗണന.**

**ബന്ധപ്പെടുക : Ph: 9447025715**